

# വിസ്മയലോകം






# വിസ്മയലോകം

**(ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2018-19)**



**പി.കെ.എസ്.എച്ച്.എസ്.എസ് കാഞ്ഞിരംകുളം**

**44008**



**രാഷ്ട്രപിതാവ് : മഹാത്മഗാന്ധി**



സ്ഥാപക മാനേജർ: പി.കെ. സത്യനേശൻ

# ഒറ്റനോട്ടത്തിൽ........

| പി.കെ.എസ്.എച്ച്.എസ്.എസ് കാഞ്ഞിരംകുളം | |
|---|---|
| സ്ഥാപിതം | 12-2-1906 |
| സ്കൂൾ കോഡ് | 44008 |
| ഹയർ സെക്കന്ററി സ്കൂൾ കോഡ് | 01079 |
| സ്ഥലം | കാഞ്ഞിരംകുളം |
| സ്കൂൾ വിലാസം | പി കെ എസ് എച്ച് എസ് എസ് കാഞ്ഞിരംകുളം,<br>കാഞ്ഞിരംകുളം പി ഒ |
| പിൻ കോഡ് | 695524 |
| സ്കൂൾ ഫോൺ | 0471-2260607(HS)<br>0471-2265262(HSS) |
| സ്കൂൾ ഇമെയിൽ | headmaster.pkshss@gmail.com<br>principalpkshss@gmail.com |
| വിദ്യാഭ്യാസ ജില്ല | നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| ഉപ ജില്ല | നെയ്യാറ്റിൻകര |
| ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതു വിദ്യാലയം |
| പഠന വിഭാഗങ്ങൾ | അപ്പർ പ്രൈമറി, ഹൈസ്കൂൾ,<br>ഹയർ സെക്കന്ററി സ്കൂൾ |
| മാധ്യമം | മലയാളം, ഇംഗ്ലീഷ് |
| വിദ്യാർത്ഥികളുടെ എണ്ണം | പ്രൈമറി-271, ഹൈസ്കൂൾ-481<br>ഹയർസെക്കണ്ടറി-669 |
| അദ്ധ്യാപകരുടെ എണ്ണം | 59 |
| പ്രിൻസിപ്പൽ | ഡി. എം. മരിയഷീല |
| പ്രധാന അദ്ധ്യാപകൻ | സനൽകുമാർ. ജെ. എൽ |
| പി.ടി.എ. പ്രസിഡണ്ട് | വിൽഫ്രഡ് |

# എഡിറ്റോറിയൽ ബോർഡ്


ഹെഡ്മാസ്റ്റർ


പി.റ്റി.എ.പ്രസിഡന്റ്


എസ്.ഐ.റ്റി.സി.


എസ്.ആർ.ജി.കൺവീനർ


ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്


ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്


വിദ്യാരംഗം കൺവീനർ


അധ്യാപിക (എഡിറ്റിങ്ങ്)


അധ്യാപിക (എഡിറ്റിങ്ങ്)


ലിറ്റിൽ കൈറ്റ്സ് ലീഡർ


ലിറ്റിൽ കൈറ്റ്സ് ലീഡർ


മലയാളം ടൈപ്പിങ്ങ്


ഡിജിറ്റൽ പെയിന്റിങ്ങ്


ഡിജിറ്റൽ പെയിന്റിങ്ങ്


സാങ്കേതികസഹായം

# Message



Dear 'Little Kites' IT Club members,


Let we congratulate each one of you, being one among the members of the largest student It Network us the country.

It gives use great pleasure to know that you are bringing out a digital magazine under your Hi-school 'Little Kites' programme.

Let the magazine enhance the quality of your IT skills to a great extent for the benefit of your fellow students our beloved institutions and the society as a whole. The effort initiated by the KITE mistresses in the matter is also appreciated. All the very best.



S. Mohan Babu
Manager
PKSHSS Kanjiramkulam



# സന്ദേശം



ലിറ്റിൽകൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ യഥാർത്ഥത്തിൽ ഒരു വിസ്മയലോകം തന്നെയാണ്. വർണ്ണപുഷ്പങ്ങളും ശലഭങ്ങളും വിസ്മയം തീർക്കുന്ന പ്രായത്ത് കുഞ്ഞുങ്ങളിലേയ്ക്ക് സൈബർ ലോകത്തിന്റെ വാതായനങ്ങൾ തുറന്നു നൽകി. ഈ യുഗത്തിന്റെ വക്താക്കളാക്കി മാറ്റുന്ന ഈ മാഗസിന് എന്റെ ആശംസകൾ.

പ്രിൻസിപ്പൽ

ഡി. എം. മരിയഷീല





# സന്ദേശം



2018-19 വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ അഭിമുഖ്യത്തിൽ "വിസ്മയലോകം" എന്ന പേരിൽ ഒരു ഡിജിറ്റൽ വാർഷിക പതിപ്പ് തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ എന്റെ സന്തോഷം ഞാൻ ഇതിനോടൊപ്പം പങ്കുവെയ്ക്കുന്നു.

ഈ പതിപ്പ് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കുട്ടികളേയും അതിന് പ്രചോദനം നൽകിയ അദ്ധ്യാപികമാരേയും ഞാൻ ഈ സമയം ഹൃദ്യമായി അഭിനന്ദിക്കുന്നു.



ഹെഡ്മാസ്റ്റർ

ജെ. എൽ. സനൽകുമാർ



# മാനേജ്മെന്റ്



മോഹൻബാബു
(മാനേജർ)



എസ്.ജി.രാജ്കുമാർ
(ട്രസ്റ്റ് സെക്രട്ടറി)



സന്തോഷ് .എസ്. കുമാർ
(ട്രസ്റ്റ് മെമ്പർ)

# സാരഥികൾ

## പ്രിൻസിപ്പൽ



ഡി.എം. മരിയഷീല

## ഹെഡ്മാസ്റ്റർ



ജെ.എൽ. സനൽകുമാർ

## പി.ടി.എ പ്രസിഡന്റ്



വിൽഫ്രഡ്

## സ്റ്റാഫ് സെക്രട്ടറി



പ്രദീപ്കുമാർ .എസ്

# മുൻമാനേജ്മെന്റ്



പി. കെ. സത്യനേശൻ & സ്നേഹപ്പൂ



എസ്. റിച്ചാർഡ് ജോയിസൻ & എം. ജ്ഞാനസെൽവം



എസ്. സത്യാഗിരി & വി തങ്കം



എസ്. സത്യമൂർത്തി & ജി. രത്നമ്മ



എസ്. ആർ. ജെ. സത്യകുമാർ & ലളിതാ എസ്. കുമാർ



# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യ സാധ്യതകളുടെയും പ്രായോഗിക ഉപയോഗത്തിന്റെയും കാര്യത്തിൽ സർവ്വവ്യാപിയായി തീർന്നിരിക്കുന്നു. ഇന്നത്തെ തലമുറയിൽ വിവരവിനിമയ സാങ്കേതിക വിദ്യ വിപുലവും വിസ്മയകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് അതിന് ഉദാഹരണങ്ങളാണ് വാട്സ് ആപ്, ഫെയ്സ്ബുക്ക് തുടങ്ങിയവ.

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും പുതിയ തലമുറയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് ഈ സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള വിദ്യാർത്ഥികളെ രൂപപ്പെടുത്തി എടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്.ഇതിന്റെ തുടർച്ചയായാണ് സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണകരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയാണ് സ്കൂളുകളിൽ " ലിറ്റിൽ കൈറ്റ്സ്" യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പരിശീലന കാലയളവിൽ വിവിധ മേഖലകൾ പരിചയപ്പെടുത്തുകയും, പരിശീലനം നൽകുകയും ചെയ്യുന്നു. ഗ്രാഫിക്സ് & അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിങ് ഡെസ്ക്ടോപ്പ്ളിഷിങ് ,ഇന്റെർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകുന്നത്.

ലിറ്റിൽ കൈറ്റ്സിലെ പഠനമേഖലയായ മലയാളം കമ്പ്യൂട്ടിങ് ഡെസ്ക്ടോപ്പ്ളിഷിങ് എന്ന മൊഡ്യൂളിന്റെ ഭാഗമായിട്ടാണ് നമ്മുടെ സ്കൂളിൽ നിന്ന് ഒരു മാഗസിൻ തയ്യാറാക്കുവാൻ തീരുമാനിച്ചത്. വിദ്യാർത്ഥികൾ തയ്യാനാക്കിയ മാഗസിൻ ആയതിനാൽ ഇതിലുള്ള തെറ്റുകൾ സദയം ക്ഷമിച്ച് വിദ്യാർത്ഥികളെ അനുഗ്രഹിക്കുക.

ഈ മാഗസിൻ തയ്യാറാക്കുന്നതിന് സഹകരിച്ച സഹപ്രവർത്തകർക്കും മറ്റ സുമനസ്സുകൾക്കും നന്ദി.............

സവിനയം

എഡിറ്റോറിയൽ ബോർഡ്

# താളുകൾ മറിക്കുമ്പോൾ

ചരിത്രം....15
ലിറ്റിൽ കൈറ്റ്സ്....26
അമ്മ എന്ന സത്യം....29
ഒരു നോക്കിനായി....30
ചിരി ഒരു അമൃത്....31
ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 1....32
കീർത്തി....34
എന്നെ സ്വാധീനിച്ച പുസ്തകം ബാല്യകാലസഖി....35
കടം മേടിച്ച ബുദ്ധി....38
അവൻ....40
ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 2....41
റിയാലിറ്റിഷോ....43
സ്കൗട്ട് ആന്റ് ഗൈഡ്സ്....44
അടിമയുടെ സ്നേഹം....46
കായാമ്പൂവർണ്ണൻ....48
BELL....49
വിദ്യാഭ്യാസവും സ്വാഭാവ രൂപീകരണവും....50
ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 3....52
സ്കൂൾ സൗകര്യങ്ങൾ....55
സൗഹൃദം....57
ശരിയായ ആൾ....58
മരിച്ചവരുടെ കുന്ന്....59
നിലാമഴ....63
ഞാൻ ഏകനാണ്....64
മഴ....66
ലോകം ഐൻസ്റ്റീനെ തിരുത്തുമോ ?....67
ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 4....69
ANGER....72
ഡിജിറ്റൽ ചിത്രരചന – ജിമ്പ് ഉപയോഗിച്ച് വരച്ച ചിത്രങ്ങൾ....73
പ്രണയ വർണങ്ങൾ....76
തിരുവനന്തപുരം....78
തത്തമ്മയും മത്തങ്ങയും....88
ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 5....89
FLOWER....92
എൻ.എസ്.എസ്....93
കുഞ്ഞാടും ചെന്നായും....95

മലയാളനാട്......96
ഇലപ്പയ്യുടെ രുചിഭേദങ്ങൾ 6......97
എൻ.സി.സി......100
അഹങ്കാരം അധ:പതനത്തിലേക്ക് വഴിതെളിക്കും......101
ആരോഗ്യം സർവ്വധനാൽ പ്രധാനം......103
പ്രകൃതി......105
പൂവൻ ക്രൂവാതായപ്പോൾ......106
മഹത് വചനങ്ങൾ......107
ഇലപ്പയ്യുടെ രുചിഭേദങ്ങൾ 7......110
എൻ ബാല്യം......112
സ്വച്ഛാഗ്രഹ......113
ഉൾക്കരുത്തെന്ന ആയുധം......114
വിസ്മയലോകം......115
അമ്മയാം പ്രകൃതി......119
ഓർത്തുപോയ് നിന്നെ ഞാൻ......121
ഓർക്കുക വല്ലപ്പോഴും......122
ഇലപ്പയ്യുടെ രുചിഭേദങ്ങൾ 8......124
എന്നും എന്നും എന്റെ കനവിൻ നീ മാത്രം......126
ഇടശ്ശേരി ഗോവിന്ദൻ നായർ......127
യാത്രാമൊഴി......129
പ്രവർത്തനങ്ങൾ 2018......130
ഹൃദയപൂർവ്വം......140



ബേപ്പൂർ സുൽത്താന്റെ സ്മരണകൾക്ക്
മുമ്പിൽ പ്രണാമം.........................................

# ചരിത്രം

**ആദ്യകാലപ്രവർത്തനങ്ങൾ**

കേരളത്തിന്റെ തെക്കെ അറ്റത്ത് തിരുവനന്തപുരം ജില്ലയിലെ വിദ്യാസമ്പന്നവും സംസ്കാരസമ്പന്നവുമായ ഒരു പഞ്ചായത്താണ് കാഞ്ഞിരംകുളം. ഈ പ്രദേശത്തിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. ഇരുണ്ട ചരിത്രത്തെ വെളിച്ചമാക്കി മാറ്റിയ മഹാന്മാരുണ്ട്. ആ പ്രമുഖരിൽ ഒരാളായിരുന്നു പി. കെ. സത്യനേശൻ. കേരളപ്പിറവിക്കുമുൻപ്, തെക്കൻ തിരുവിതാംകൂറിൽ ഗ്രാമങ്ങളിലെ ജനജീവിതം വളരെ ദുഃസഹമായിരുന്നു. മണ്ണെണ്ണവിളക്കും നിലവിളക്കും മാത്രം വെളിച്ചം നൽകിയിരുന്നകാലം. രാത്രി കാലങ്ങളിൽ കുരിരുട്ടിനെകുത്തിത്തുളച്ച് ചൂട്ടുകളുടെ പ്രകാശത്തിൽ യാത്രചെയ്തിരുന്ന യാത്രക്കാർ. കാള വണ്ടിയായിരുന്ന പ്രധാന വാഹനം. കട്ടയും കല്ലും നിറഞ്ഞ ഇടുങ്ങിയ റോഡിലൂടെ കടന്നു പോകുന്ന കാളവണ്ടികൾ. ആ കാലഘട്ടത്തിലായിരുന്നു പി.കെ. സത്യനേശൻ കാഞ്ഞിരംകുളത്ത് നിന്നും തിരുവനന്തപുരത്തേയ്ക്ക് യാത്രചെയ്തിരുന്നത്. പലപ്പോഴും കാൽനടയായിട്ടായിരുന്നു യാത്ര. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തീഷ്ണമായ ജാതിവ്യവസ്ഥകളും നിലനിന്നിരുന്ന കാലയളവിൽ അന്ധകാര പൂർണ്ണമായ സാമൂഹ്യവ്യവസ്ഥയ്ക്ക് മാറ്റത്തിന്റെ തുടക്കമിട്ടുകൊണ്ട് വിദ്യാഭ്യാസത്തിന്റെ തിരിനാളം തെളിയിച്ച യോഗീശ്വരനാണ് പി. കെ. സത്യനേശൻ. 1906-ൽ ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്ത് അദ്ദേഹം സ്ഥാപിച്ച പാഠശാലയാണ് കെ.എച്ച്.എസ്. (KHS) അഥവാ കാഞ്ഞിരംകുളം ഹൈസ്കൂൾ. ഇന്ന് ആ സ്ഥാപനം വളർന്ന് സ്ഥാപകമാനേജരുടെ സ്മരണയിൽ അറിയപ്പെടുന്ന പി.കെ.സത്യനേശൻ ഹയർ സെക്കന്ററി സ്കൂൾ (PKSHSS) ആയി. നാഗർകോവിലിനും തിരുവനന്തപുരത്തിനും ഇടയ്ക്കുള്ള ആദ്യത്തെ ഹൈസ്കൂളായിരുന്നു KHS.

ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഭരണകാലമായിരുന്നു എങ്കിലും സ്കൂൾ തുടങ്ങുന്നതിന് ബ്രിട്ടീഷ് സർക്കാറിന്റെ അനുവാദം ആവശ്യമായിരുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട നാടാർ സമുദായാംഗമായ സത്യനേശൻ സ്കൂൾ ആരംഭിക്കുന്ന കാര്യം ബ്രിട്ടീഷ് സർക്കാറിന്റെ മുൻപിൽ അവതരിപ്പിച്ച് അനുവാദം നേടിയെടുത്തത് വളരെനാളത്തെ പരിശ്രമത്തിന് ശേഷമാണ്. സ്കൂൾ അംഗീകാരത്തിനായി പലനാളുകൾ ബ്രിട്ടീഷ് മേലദികാരികളെ സമീപിക്കേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ ഒരു ബ്രിട്ടീഷ് മേലധികാരിയെ സമീപിച്ചപ്പോൾ സത്യനേശനെ നിരാശപ്പെടുത്തുന്നരീതിയിൽ അദ്ദേഹം സംസാരിക്കുകയും അത് ഒരു വാദപ്രതിവാദത്തിലെത്തിക്കുകയും ചെയ്തു. ക്രോധം കൊണ്ടുവിറച്ച ബ്രിട്ടീഷ് ഓഫീസർ I am a Tiger എന്നു പറഞ്ഞതിന് If you are a Tiger, I am a Lion എന്ന് സത്യനേശൻ മറുപടിയായി പറഞ്ഞു. ഇതുകേട്ട ഓഫീസർ മൗനം പാലിച്ചു. പലനാളത്തെ പരിശ്രമത്തിനുശേഷം സ്കൂൾ തുടങ്ങുന്നതിനു വേണ്ട അനുവാദം ലഭിച്ചു.

പി.കെ. സത്യനേശൻ പട്ട്യക്കാലയിൽ ജനിച്ചു എങ്കിലും സ്കൂൾ തുടങ്ങുവാൻ ആഗ്രഹിച്ചത്

കാഞ്ഞിരംകുളത്തായിരുന്നു. പ്രകൃതിരമണീയമായ ഒരു കൊച്ചുഗ്രാമമാണ് കാഞ്ഞിരംകുളം. നാലുറോഡുകൾ സംഗമിക്കുന്ന പ്രത്യേക സ്ഥലം, നാലുകെട്ട് എന്ന പേരിലായിരുന്നു അന്ന് ഈ ഗ്രാമത്തെ അറിഞ്ഞിരുന്നത്. കാഞ്ഞ് ഈറനായി കുളം രൂപപ്പെട്ടതുകൊണ്ടാണ് നാലുകെട്ട് പിൽക്കാലത്ത് കാഞ്ഞിരംകുളം എന്ന സ്ഥലനാമത്തിൽ അറിയപ്പെട്ടതെന്നും, അതല്ല കുളവും അതിനടുത്തായി ധാരാളം കാഞ്ഞിരമരങ്ങൾ നിന്നിരുന്നതുകൊണ്ടാണ് കാഞ്ഞിരംകുളം എന്ന പേരു വന്നതെന്നും പഴമക്കാർ പറയുമായിരുന്നു. സ്കൂൾ തുടങ്ങിയ കാലത്ത് വിദ്യാഭ്യാസം നേടുവാൻ ആരും തന്നെ തയ്യാറായില്ല. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു എങ്കിലും അതിന്റെ മഹത്വം ആരും ഉൾക്കൊണ്ടില്ല. ഒടുവിൽ മൂന്നുകുട്ടികൾ പഠിക്കുന്നതിന് തയ്യാറായി.

**1906 ഫെബ്രുവരി 12 വിദ്യാലയാരംഭം**

റവ.വില്യംഗുണമുടയാൻ റസാലം അവർകളുടെ ഉദ്ഘാടന പ്രാർത്ഥനയോടുകൂടി പി.കെ. സത്യനേശൻ 1906 ഫെബ്രുവരി 12-ാം തിയതി ഡി. യേശുദാസ്, എൽ. ഡെന്നിസൺ, എൽ.തോംസൺ എന്നീ മൂന്നുകുട്ടികളുമായി നെല്ലിക്കാക്കുഴി എൽ. എം. എസ് ദൈവാലയമായ പെനിയേൽ പള്ളിമുറ്റത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. അക്കാലത്ത് കാഞ്ഞിരംകുളത്തെക്കാൾ ഏറെ പ്രസിദ്ധിയാർജ്ജിച്ച പ്രദേശമായിരുന്നു നെല്ലിക്കാക്കുഴി. ധാരാളം നെല്ലിമരങ്ങൾ ഉണ്ടായിരുന്ന പ്രദേശം. ഒരു വർഷക്കാലം ആ സ്ഥലത്തായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. പി. കെ. സത്യനേശന്റെ പിതാവ് കുമാരൻനാടാർ അദ്ദേഹത്തിന്റെ മകളായ സ്നേഹമണിക്ക് നൽകിയ ഭൂസ്വത്ത് കാഞ്ഞിരംകുളത്ത് ഉണ്ടായിരുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിൻ സഹോദരി ഭർത്താവായ വലിയവിള ശങ്കരൻനാടാരിൽ നിന്നും സത്യനേശൻ സ്ഥലം വാങ്ങുകയും 1907-ൽ സ്കൂളിനെ നെല്ലിക്കാക്കുഴിയിൽ നിന്നും കാഞ്ഞിരംകുളത്ത് സ്കൂൾ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കു മാറ്റുകയും ചെയ്തു. വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് വേണ്ടി മെഗാഫോൺ ഉപയോഗിച്ചുകൊണ്ടുള്ള പരസ്യപരിപാടികൾ നടത്തി. സത്യനേശനും സഹപ്രവർത്തകരും ബാൻഡുമേളത്തോടെ മെഗാഫോണിലൂടെ പാട്ടുകൽ പാടി ഊടുവഴികളിലൂടെ ഓരോ ദേശത്തും നടക്കും. ബാന്റുമേളം കുട്ടികളെയും മാതാപിതാക്കളെയും ആകർഷിച്ചു. ദേശം മുഴുവൻ ചുറ്റിനടന്ന് വിദ്യാഭ്യാസത്തിന്റെ മഹത്വത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കിയപ്പോൾ സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുവാൻ തുടങ്ങി. വിദ്യാർത്ഥികളെ സ്കൂളിലേക്ക് വരുത്തുന്നതിനായി ചെയ്ത മറ്റൊരു പരിപാടിയായിരുന്നു മാജിക്ലാന്റേൺ അഥവാ മായാദീപപ്രദർശനം. ഒരു പ്രത്യേകവിഷയം തെരഞ്ഞെടുത്ത് ഫോട്ടോകളാക്കി അവയെ പ്രൊജക്റ്ററിന്റെ സഹായത്താൽ സ്ക്രീനിൽ പതിപ്പിക്കുന്നു. ഇവ കണ്ടും കേട്ടും ബോധവൽക്കരിക്കപ്പെട്ട് ധാരാളം വിദ്യാർത്ഥികൾ സ്കൂളിൽ പ്രവേശനം നേടി.

**1917 കാഞ്ഞിരംകുളം ഹൈസ്കൂൾ (KHS)**




വർഷങ്ങൾ കടന്നുപോയി, സ്കൂളിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികളുടെ എണ്ണം വർദ്ധിച്ചു. 1917 ആയപ്പോൾ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഇംഗ്ലീഷ് ഹൈസ്കൂളായി ഉയർന്നു. സ്ഥാപനത്തിന്റെ പുരോഗതിക്കായി ദേവദാസ് M.A.L.T-യെ ഹെഡ്മാസ്റ്ററായി പി. കെ. സത്യനേശൻ മാനേജർ നിയമിച്ചു. അക്കാലത്ത് തിരുവനന്തപുരത്തിനും നാഗർകോവിലിനും മധ്യേ ഇംഗ്ലീഷ് ഹൈസ്കൂൾ വേറെ ഇല്ലായിരുന്നതിനാൽ വിദൂരദേശങ്ങളിൽ നിന്നും പഠിക്കുന്നതിന് ധാരാളം കുട്ടികൾ എത്തിച്ചേർന്നു. ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിപ്പിക്കുന്നതിന് പരീക്ഷായോഗ്യതയുള്ളവരാരും അടുത്ത പ്രദേശങ്ങളിൽ ഇല്ലായിരുന്നു. അതിനാൽ വിദൂരങ്ങളിൽ നിന്നും അധ്യാപകരെ വരുത്തി. മുൻതിരു - കൊച്ചി മുഖ്യമന്ത്രിയും, സത്യനേഷൻ മാനേജരുടെ സഹപാഠിയുമായ ബഹു:പട്ടം താണുപ്പിള്ള Sri.സത്യനേശൻ ആധുനിക മലയാള കവിതക്ക് സംഭാനകൾ നൽകിയ M.P. അധ്യക്ഷൻ പ്രൊഫ വെൺ കുളം പരമേശ്വരൻ, കാഥികനും മലയാള പണ്ഡിതനുമായ കെ.കെ.വാധ്യയാർ തുടങ്ങി മുഖ്യരിൽ ചിലർ മാത്രമാണ്. മദ്രാസ്, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ നിന്നും ഇംഗ്ലീഷ്, കണക്ക്, സയൻസ് തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുവാൻ വന്ന .അധ്യാപകർക്ക് ശമ്പളത്തിനു പുറമേ സൗജന്യമായി ആഹാരവും ഹോസ്റ്റൽ സൗകകര്യവും നൽകി

**1919 മലയാളം ഹയർ സ്കൂൾ (MHS)**

പി.കെ സത്യനേശന്റെ നിരന്തര പരിശ്രമ ഫലമായി കാഞ്ഞിരംകുളം ഇംഗ്ലീഷ് ഹൈസ്കൂളിൽ വെർണാക്കുലർ സ്കൂൾ ലിവംഗ് സർട്ടിഫിക്കറ്റ് പാസായവർക്ക് തുടർ പഠനത്തിനായി മലയാളം മീഡിയം 8,9 ക്ലാസ്സുകൾക്കായി മലയാളം ഹയർ സ്കൂൾ (MHS) ലഭിച്ചു. കൊല്ലം ജില്ലയ്ക്കു തെക്ക് കന്യാകുമാരി വരെ മലയാളം ഹയർ സ്കൂൾ അക്കാലത്ത് വേറെ ഇല്ലായിരുന്നു. സ്കൂളിന്റെ പല ആവശ്യങ്ങളും നേടിയെടുക്കുന്നതിനായി സത്യനേശൻ മാനേജർ കാഞ്ഞിരംകുളം മുതൽ തിരുവനന്തപുരം വരെ കാൽ നടയാത്രചെയ്തിരുന്നു.

**1920 ട്രെയിനിംഗ് സ്കൂൾ**

1920-ൽ ഒരു ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചു. അത് നാലുവർഷക്കാലം വളരെ ഭംഗിയായി നടന്നു. ധാരാളം കുട്ടികൾ ഇവിടെ നിന്നും പഠനം പൂർത്തിയാക്കി. എന്നാൽ 1924-ൽ നെയ്യാറ്റിൻകരയിൽ ഗവ: ട്രെയിനിംഗ് സ്കൂൾ ആരംഭിച്ചപ്പോൾ KHS-ൽ പഠിതാക്കളുടെ കുറവ് നേരിട്ടു.അങ്ങനെ 1924-ൽ ട്രെയിനിംഗ് സ്കൂൾ നിറുത്തേണ്ടി വന്നു.

**1932 KHS പദവി നഷ്ടപ്പെടുന്നു**

1917-ൽ EHS തുടങ്ങുമ്പോൾ ഹെഡ്മാസ്റ്റർ ആയി നിയമിച്ച ദേവദാസൻ സാറിനെ തുടർന്നുള്ള കാലയളവിൽ സ്കൂളിന്റെ സകല ചുമതലയും നൽകി വന്നു. സ്കൂളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും ദേവദാസനെ വിശ്വസിച്ച് ഉൾപ്പെടുത്തി. എന്നാൽ ഈ കാലയളവിൽ ദേവദാസൻ സ്വന്തം പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങുവാനുള്ള അനുമതി സർക്കാരിൽ നിന്നും നേടിയെടുത്തു. ഒരു ദിവസം സത്യനേശൻ മാനേജർ സ്കൂൾ ആവശ്യത്തിനായി തിരുവനന്തപുരത്ത് പോയിട്ട് മടങ്ങി സ്കൂളിലെത്തിയപ്പോൾ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. താൻ അന്ധമായി വിശ്വസിച്ചിരുന്ന ദേവദാസൻ അദ്ദേഹത്തോടൊപ്പം

ജോലിചെയ്തിരുന്ന ഒരു കൂട്ടം അധ്യാപകരേയും, വിദ്യാർത്ഥികളെയും കൂട്ടി നെല്ലിമൂട് എന്ന സ്ഥലത്ത് "ശ്രീചിത്രോദയം" എന്ന പേരിൽ ഒരു പുതിയ സ്കൂൾ തുടങ്ങിയിരിക്കുന്നു. ഇത് മാനേജരെ വല്ലാതെ തളർത്തി. സ്കൂൾ കുട്ടികളുടെ എണ്ണം കുറഞ്ഞപ്പോൾ ഇംഗ്ലീഷ് ഹൈസ്കൂൾ (EHS) ഇംഗ്ലീഷ് മീഡിൽ സ്കൂളായി താഴ്ന്നു. എന്നാൽ ഏറെ താമസിക്കാതെ ശ്രീചിത്രോദയം സ്കൂളിന് തകർച്ച് സംഭവിക്കുകയും ദേവദാസൻ സ്കൂളിനെ തിരുവനന്തപുരം അതിരൂപതയ്ക്ക് വില്ക്കുകയും ചെയ്തു. അന്നത്തെ ആ സ്കൂളാണ് ഇന്നത്തെ നെല്ലിമൂട് കോൺവെന്റായി അറിയപ്പെടുന്നത്.

**(EHS) വീണ്ടും**

1932-ൽ നഷ്ടപ്പെട്ട ഇംഗ്ലീഷ് ഹൈസ്കൂൾ 16 വർഷങ്ങൾക്ക് ശേഷം യഥാർത്ഥരേഖകൾ വിദ്യാഭ്യാസ വകുപ്പ് മേലധികാരികൾ വ്യക്തമായി പരിശോധിച്ച് ബോധ്യപ്പെട്ടപ്പോൾ 1948 ആഗസ്റ്റ് 23-ാം തിയതി തിരിച്ചു കിട്ടി.

## കെ.എച്ച്.എസ് ആഡിറ്റോറിയം (ആദ്യ ആഡിറ്റോറിയം)



1957-ൽ സ്കൂളിലെ ക്രിസ്തുമസ് പരീക്ഷയ്ക്ക് ശേഷം നാലുമണി സമയത്ത് സത്യനേശൻ മാനേജർ ഏതാനും ജോലിക്കാരുമായി ഓഫീസ് കെട്ടിടത്തിനു മുന്നിൽ വന്ന് ബാറ്റ്മിന്റൺ കോർട്ടായി ഉപയോഗിക്കുന്ന തരിശുഭൂമിയായി കിടന്നിരുന്ന സ്ഥല്ത്ത് ടേപ്പ് ഉപയോഗിച്ച് 20'x20' എന്ന അളവിൽ ജോലിക്കാരെ കൊണ്ട് കുറ്റിയടിപ്പിച്ചു.

- അത്തരത്തിൽ 5 മുറികളുടെ സ്ഥലം അളന്ന് സ്ഥിരമായ പന്തലിന്റെ പണി ആരംഭിച്ചു. തെങ്ങിൻ തടികൊണ്ട് തൂൺ സ്ഥാപിച്ച് ഓലമേഞ്ഞ വലിയൊരു ഹാൾ നിർമ്മിച്ചു.
- അദ്ദേഹം നിർമ്മിച്ച അന്നത്തെ ഓലമേഞ്ഞ ഹാൾ ആയിരുന്നു 1958 നവംബർ 20-ാം തിയതി കേന്ദ്രവിദ്യാഭ്യാസ ഉപദേഷ്ടാവായിരുന്ന കെ.പി. സിൻഹ ഉദ്ഘാടനം ചെയ്ത ആദ്യ ആഡിറ്റോറിയം കാലക്രമേണ തെങ്ങിൻ തൂൺ മാറ്റി തേക്കിൻ തൂൺ സ്ഥാപിച്ചു.

## സ്കൂൾ സ്റ്റേഡിയം

സ്കൂളിന്റെ ചരിത്രത്തിൽ ഒരു മധുര ഓർമ്മയായി സുവർണ്ണ ജൂബിലി എന്നേക്കും നിലനിർത്താനായി ഒരു

സ്റ്റേഡിയം പണിയണമെന്ന് ഏവരും ആഗ്രഹിച്ചു.




- സത്യനേശൻ മാനേജരുടെ രക്ഷാധികാരത്വത്തിൽ 1956 ഫെബ്രുവരി 26-ാം തിയതി Lt.Col.ഗോദവർമ്മരാജാ സ്റ്റേഡിയത്തിന് "കാഞ്ഞിരംകുളം ഹൈസ്കൂൾ ഗോൾഡൻ ജൂബിലി സ്റ്റേഡിയം" എന്ന് നാമകരണം ചെയ്തശേഷം, ഗോൾഡൻ ജൂബിലി ആഘോഷ പരിപാടികൾ ആരംഭിച്ചു.
- 1957 ഫെബ്രുവരി 17-ാം തിയതി സ്കൂളിന്റെ 51-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് സ്റ്റേഡിയം നിർമ്മിതിയ്ക്കുള്ള ശിലാ സ്ഥാപനം ഡോ.സി.എസ്. വെങ്കിടേശ്വരൻ നിർവ്വഹിച്ചു, തുടർന്ന് അധ്യാപകരും വിദ്യാർത്ഥികളും സ്റ്റേഡിയംനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.
- സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായമായി സ്റ്റേഡിയം ഫണ്ട്പിരിവ് നടത്തി. അതിന്റെ ഭാഗമായി ഒരു ബനിഫിറ്റ്ഷോ നടത്തുന്നതിന് കാഞ്ഞിരംകുളം ശ്രീപെരുമാൾ (ഇന്നത്തെ ദൃശ്യ ആഡിറ്റോറിയം) തിയേറ്റർ പ്രൊപ്രൈറ്റർ എം.കുഞ്ഞുകൃഷ്ണൻനാടാർ എം.എൽ.എ ഒരു ദിവസത്തേക്ക് നൽകുകയുണ്ടായി. മാത്രമല്ല മെരിലാന്റ് സ്റ്റുഡിയോ ഉടമസ്ഥൻ സുബ്രമണ്യം 'ബാല്യകാലസഖി' എന്ന സിനിമ സൗജന്യമായി പ്രദർശിപ്പിക്കുകയും ചെയ്തു.
- കൂടാതെ സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും, യങ്മെൻസ് ബ്യൂറോ, പരണിയം വൈ.എം.സി.എ, ന്യൂഎച്ച്.എസ്.എസ് നെല്ലിമൂട്, മറ്റ് വിദ്യാലയങ്ങൾ, നാട്ടുകാർ തുടങ്ങിയവരുടെ

ശ്രമദാനവും സംഭാവനകളും സ്റ്റേഡിയം പണിയുന്നതിന് ലഭിച്ചു. ബഹു.ഇന്ത്യാ ഗവൺമെന്റിന്റെ രണ്ടാം പഞ്ചവൽസര പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ള കാമ്പസ് വർക്ക് പ്രോജക്ടിൽ സ്റ്റേഡിയം ഉൾപ്പെടുത്തി ലഭ്യമായ സംഭാവനകൾക്കു പുറമേ ബാക്കി ആവശ്യമായ തുക മാനേജ് മെന്റും നൽകുകയുണ്ടായി.

- സ്റ്റേഡിയം നിർമ്മിതിയുടെ ഔദ്യോഗിക പരിശോധന നടത്തിയിരുന്നത് സോഷ്യൽ എഡ്യുക്കേഷണൽ ഓഫീസർ എസ്.രാഘവൻ ആയിരുന്നു. ഏതാണ്ട് രണ്ട് വർഷക്കാലം കൊണ്ട് സ്റ്റേഡിയം പണി പൂർത്തിയാക്കപ്പെട്ടു.
- ഏതാണ്ട് 2000 കാഴ്ചക്കാർക്ക് ഇരുന്ന് കളികാണുന്നതിനുള്ള സൗകര്യവും ഒരേ സമയത്ത് ഫുഡ്ബോൾ, വോളീബോൾ, ബാറ്റ്മിന്റൺ തുടങ്ങിയ കളികൾ നടത്താനുള്ള സംവിധാനം സ്റ്റേഡിയത്തിലുണ്ട്.
- 1959 ഫെബ്രുവരി 4, ബഹു. കേരള വിദ്യാഭ്യാസ മന്ത്രി പ്രൊഫ.ജോസഫ് മുണ്ടശ്ശേരി കെ.എച്ച്.എസ് ഗോൾഡൻ ജൂബിലി സ്റ്റേഡിയം ഔപചാരികമായി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് മൂന്ന് ദിവസത്തെ കലാപരിപാടികളുടെ ഉദ്ഘാടനം മലയാളത്തിന്റെ പ്രശസ്ത സിനിമാ നടൻ സത്യൻ നിർവ്വഹിച്ചു.
- ഇന്ന് നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ കായിക മത്സരങ്ങൾ നടത്തുന്നത് ഈ സ്റ്റേഡിയത്തിലാണ്. ഇന്ന് "പി.കെ. സത്യനേശൻ ഹയർസെക്കന്ററി സ്കൂൾ സ്റ്റേഡിയം" എന്ന പേരിലാണ് അറിയപ്പെടുന്നത്.

## പുരാതന കിണർ

സ്കൂൾ സ്ഥാപിച്ച കാലത്ത് കാഞ്ഞിരംകുളം പ്രദേശത്തും കുടിവെള്ള ക്ഷാമം രൂക്ഷമായിരുന്നു.കെ.എച്ച്.എസിലെ കുട്ടികൾക്ക് ആവശ്യമായ ജല ലഭ്യത ഉണ്ടായിരുന്നില്ല.

- വെള്ളത്തിനായി 175 അടി ആഴമുള്ളതും അന്നും ഇന്നും ഉപയോഗിക്കുന്നതുമായ ഒരു കിണർ അകാലത്ത് സ്കൂൾ അങ്കണത്തിൽ നിർമ്മിച്ചു അതിൽ നിന്നും നീളമുള്ള വടം ഉപയോഗിച്ച് വെള്ളം കോരി കുട്ടികൾക്ക് നൽകുകയാണ് പതിവ് മൂന്ന് കുട്ടികൾക്ക് " ഒരു ചിരട്ട വെള്ളം " എന്ന കണക്കിലായിരുന്ന കൈ കഴുകാൻ നൽകിയിരുന്നത്. വെള്ളം കോരിയിരുന്നതും കുട്ടികൾക്ക് നൽകിയിരുന്നതും ഹാരിസ് എന്ന ജീവനക്കാരനായിരുന്നു.
- ആ കിണർ ഇന്നും പൈതൃകമായി ഞങ്ങൾ സംരക്ഷിക്കുന്നു, പുരാതനകാലം മുതൽ കുടിവെള്ളത്തിനുവേണ്ടി ആശ്രയിച്ചിരുന്നത് ഈ കിണറിനെയാണ്. മാത്രമല്ല പണ്ടുകാലം മുതൽ

ശുദ്ധജലത്തിനു വേണ്ടി ഈ പ്രദേശത്തിലെ ജനങ്ങൾ ആശ്രയിച്ചിരുന്നത് ഈ കിണറിനെയാണ്.

## മുത്തശ്ശി/സ്നേഹ മാവ്

സത്യനേശൻ മാനേജരുടെ ഭാര്യ സ്നേഹപ്പൂ മുത്തശ്ശിയെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ മുതൽ എല്ലാ വിഭാഗം ജീവനക്കാരും ബന്ധുമിത്രാദികളും നാട്ടുകാരും ഏറെ സ്നേഹിച്ചിരുന്നു. അവർ നൽകിയിട്ടുള്ള ഭക്ഷണം കഴിച്ചിട്ടില്ലാത്ത ആരും തന്നെ സ്കൂളിൽ ഉണ്ടായിരുന്നില്ല. അദ്ധ്യാപകർക്ക് നല്ലൊരമ്മയായി പുഞ്ചിരിയോടെ എല്ലാപേരോടും കുശലം ചോദിക്കുമായിരുന്ന ഒരമ്മയുടെ സ്നേഹവും സാമീപ്യവും മുത്തശ്ശിയിൽ നിന്നും വേണ്ടുവോളം അവർ അനുഭവിച്ചിരുന്നു. സ്കൂളിന്റെ തന്നെ മുത്തശ്ശിയായിരുന്ന സ്നേഹപ്പൂ മുത്തശ്ശിയുടെ ഓർമ്മക്കായി സ്കൂൾ അങ്കണത്തിലെ മാവിനെ "സ്നേഹമുത്തശ്ശിമാവ്" എന്ന് നാമകരണം ചെയ്ത് ആദരിച്ചു.

## സ്ഥാപകദിനം

സ്ഥാപക മാനേജർ പി.കെ സത്യനേശൻ 1964 ആഗസ്റ്റ് 11 നാണ് അന്തരിച്ചത്. തുടർന്നുള്ള എല്ലാ വർഷങ്ങളിലും ആഗസ്റ്റ് 11 സ്ഥാപകദിനമായി ആചരിക്കുകയും അനുസ്മരണപ്രാർത്ഥനനടത്തുകയും ചെയ്യുന്നു. അന്നേദിവസം സ്കൂളിലെ സ്റ്റാഫും ബന്ധുജനങ്ങളും വിദ്യാർത്ഥികളും പി.കെ.എസ് അന്ത്യവിശ്രമം ചെയ്യുന്ന സ്മാരകത്തിൽ പുഷ്പാർച്ചനനടത്തിയ ശേഷം അനുസ്മരണപ്രാർത്ഥനയിൽ പങ്കുകൊള്ളുന്നു.

## സെന്റിനറി എംബ്ലം




2000-2001 വർഷത്തിൽ പ്രശസ്ത ആർട്ടിസ്റ്റ് p.k.സത്യനേശൻ മാനേജരുടെ ചെറുമകനമായ പ്രകാശ് മൂർത്തി തയ്യാറാക്കിയതാണ് നമ്മുടെ സ്കൂൾ എംബ്ലം.

## സെന്റിനറി ഗേറ്റ്




2005-2006 വർഷത്തെ പി.ടി.എ മുൻകൈ എടുത്ത് സ്ഥാപിക്കപ്പെട്ട് സെന്റിനറി ഗേറ്റിന്റെ ഉത്ഘാടനം 2006 ഫെബ്രുവരിയിൽ 100-ാം സ്കൂൾ വാർഷിക ദിനാഘോഷങ്ങളുടെ ഭാഗമായി നടന്ന സമ്മേളനത്തിൽ, അന്ന് തിരുവനന്തപുരം ജില്ലാകളക്ടർ ആയിരുന്ന ശ്രീ.അയ്യപ്പൻ നിർവ്വഹിച്ചു

### സ്കൂൾ ആഡിറ്റോറിയം (സെന്റിനറി ആഡിറ്റോറിയം)

പഴയ ഓലമേഞ്ഞ ആഡിറ്റോറിയത്തിന് പകരമായി ശതാബ്ദിസ്മാരകമായി ഒരു ആഡിറ്റോറിയം പണിയാൻ തീരുമാനിച്ചു.

- 2005 നവംബർ എഴാം തിയതി സെന്റിനറി ആഡിറ്റോറിയത്തിന്റെ ശിലാസ്ഥാപന ചടങ്ങു നടന്നു. സ്റ്റാഫ് അംഗങ്ങളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും സഹകരിക്കുന്ന പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുകയും 31/3/2007 ന് രാവിലെ 10 മണിക്ക് നെല്ലിക്കാക്കുഴി സഭയിലെ മുഖ്യ പുരോഹിതനായ റവ.ഡോ.വർഗ്ഗീസ് ന്റെ അനുഗ്രഹ പ്രാർത്ഥനയോടെ പണികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.
- തുടർന്നുള്ള ദിവസങ്ങളിൽ ദ്രുതഗതിയിൽ പണികൾ നടന്നു. സമയബന്ധിതമായി പണികൾ പൂർത്തിയാക്കുന്നതിന് ചില രാത്രികളിലും പണി നടന്നു.അദ്ധ്യാപകരും, അനദ്ധ്യാപകരും പണികൾക്ക് മേൽനോട്ടം വഹിച്ചു. 160 അടി നീളവും 45 അടി വീതിയും ഉള്ള സെൻറിനറി ആഡിറ്റോറിയം 2008 ജൂലൈ എഴാം തിയതി വൈകുന്നേരം 4 മണിക്ക് പ്രാർത്ഥനാ ചടങ്ങുകളോടെ ഉത്ഘാടനം ചെയ്തു.
- സംഭാവനകളിൽ നിന്നും ലഭിച്ച 5,60,294/- രൂപയും മാനേജ്മെന്റിൽ നിന്നും 26,11,081/- രൂപയും ഉൾപ്പെടെ ആകെ 31,71,375/- രൂപ ചിലവായി.



**സ്ഥാപകമാനേജർ**



P.K. Sathyanesan

- 1878 ജനവരി 20 ന് കുമാരൻനാടാരുടേയും അപ്പിയാളുടെയും 7-ാം മകനായി പൂരം നാളിൽ ജനിച്ചു. മാതാപിതാക്കൽ പപ്പു എന്ന പേരിട്ട് വിളിച്ചു.

- 5-ാം വയസ്സിൽ തന്നെ അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കുന്നതിനായി പിതാവ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടത്തിൽ പപ്പുവിനെ ചേർത്തു. കുടിപ്പള്ളിക്കൂടത്തിലെ പഠനശേഷം, പപ്പുവിന്റെ വിദ്യാഭ്യാസത്തിൽ അതീവ തല്പരനായ പിതാവ്, കാഞ്ഞിരംകുളത്ത് സ്ഥിതി ചെയ്തിരുന്ന ഇംഗ്ലീഷ് സ്കൂളിൽ ഫോർത്ത്(4) ഫോമിൽ ചേർത്തു, തുടർന്ന് നെയ്യാറ്റിൻകരയിലെ ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ചേർത്തു.

- പപ്പു മെട്രിക്കുലേഷൻ പാസായത് തിരുവനന്തപുരത്ത് വഞ്ചിയൂരിലെ ഇംഗ്ലീഷ് ഹൈസക്കുളിൽ നിന്നായിരുന്നു. ഇപ്പോൽ അവിടെ ജില്ലാകോടതി സ്ഥിതിചെയ്യുന്നു. അവിടത്തെ ഇംഗ്ലീഷുകാരായ അധ്യാപകരുമായിട്ടുള്ള അടുപ്പത്തിന്റെ ഫലമായി പപ്പു ക്രിസ്തുമതത്തെ കൂടുതൽ മനസിലാക്കുന്നതിനും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും തിരിച്ചറിഞ്ഞ് ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. അതിനോടനുബന്ധമായി പപ്പു എന്ന പേര് മാറ്റി സത്യനേശൻ എന്ന പേരിൽ 20-ാം വയസ്സ് മുതൽ

അറിയപ്പെട്ടു. അങ്ങനെ പട്ട്യക്കാലകുമാരൻ പപ്പനാടാർ പിൽകാലത്ത് പട്ട്യക്കാലകുമാരൻ സത്യനേശൻ (P.K.സത്യനേശൻ) ആയി.

- ജനങ്ങളിലെ അജ്ഞതയുടെ അന്ധകാരമകറ്റാൻ വേണ്ടി ഒരു സ്കൂൾ സ്ഥാപിക്കണമെന്ന് സത്യനേശൻ പിൽക്കാലത്ത് തീരുമാനിച്ചു, അദ്ദേഹത്തിന്റെ പിതാവിന്റെയും മറ്റ് കുടുംബാംഗങ്ങളുടെയും പൂർണ്ണമായ പിൻതുണ അതിന് ലഭിക്കുകയും ചെയ്തു.

- പി.കെ സത്യനേശൻ പട്ട്യക്കാലയിൽ ജനിച്ചു എങ്കിലും സ്കൂൾ തുടങ്ങുവാൻ ആഗ്രഹിച്ചത് കാഞ്ഞിരംകുളത്തായിരുന്നു. സ്കൂൾ തുടങ്ങിയ കാലത്ത് വിദ്യാഭ്യാസം നേടുന്നതിൻ ആരും തയ്യാറായില്ല. പലരോടും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു എങ്കിലും അതിന്റെ മഹത്വം ആരും ഉൾക്കൊണ്ടില്ല. ഒടുവിൽ മൂന്നുകുട്ടികളുമായി വിദ്യാലയം തുടങ്ങി.

- വർഷങ്ങൾ കടന്നുപോയി, സ്കൂളിന്റെ യശസ്സ് നാൾക്കുനാൾ വർദ്ധിച്ചു, പഠിതാക്കളുടെ എണ്ണത്തിൽ നാൾക്കുനാൾ വർദ്ധനവുണ്ടായി.

- സത്യനേശൻ മാനേജർക്ക് 7 മക്കൾ 3 ആണും 4 പെണ്ണും. റിച്ചാർഡ് ജോയിസൺ, സത്യഗിരി, സത്യമൂർത്തി, രത്നസെൽവം, തങ്കമ്മ, കുഞ്ഞമ്മ, നവരത്നം. പഠനം പൂർത്തിയാക്കിയ 4 പെൺമക്കളും വ്യത്യസ്തകാലഘട്ടങ്ങളിൽ ലഭ്യമായ യോഗ്യതയ്ക്കനുസരിച്ച് പിതാവിന്റെ സ്കൂളിൽ അധ്യാപകരായി ജോലി ചെയ്തു.

- 1964 ആഗസ്റ്റ് 11-ാം തിയതി അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

# ലിറ്റിൽ കൈറ്റ്സ്




2018 ഫെബ്രുവരി മാസത്തിൽ നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ എട്ടാം തരത്തിലെ 40 കുട്ടികളെ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങളായി തിരഞ്ഞെടുത്തു. ഇതിന്റെ ഉത്ഘാടനം സ്കൂൾ ഹെഡ്മാസ്റ്റർ ജെ.എൽ. സനൽകുമാർ നിർവ്വഹിച്ചു, അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുകയുണ്ടായി. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി സ്കൂളിൽ 3 ലാപ്ടോപ്പ് ലഭിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചയും വൈകിട്ട് 3.30 മുതൽ 4.30 വരെ ക്ലാസ്സ് നൽകി വരുന്നു. ഓരോ മാസത്തിലും ഒരു ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ സ്കൂൾ തല ക്യാമ്പുകൾ നടത്തുന്നു. ഈ ക്യാമ്പുകളിൽ കമ്പ്യൂട്ടർ എക്സ്പർട്ടുകളെ കൊണ്ടു ക്ലാസ്സുകൾ കൈകാര്യം ചെയ്യിപ്പിക്കുന്നു.

**<u>ലക്ഷ്യം</u>**

1. വിവര വിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾക്ക് ഉള്ള താൽപര്യം വളർത്തുക.
2. വിദ്യാലയങ്ങളിൽ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുക.
3. വിദ്യാലയങ്ങളിൽ സാങ്കേതിക വിദ്യാധിഷ്ഠിത പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക.
4. സാങ്കേതിക ഉപകരണങ്ങളിൽ ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക.
5. സുരക്ഷിതവും യുക്തവും മാന്യവുമായ രീതിയിൽ ഇന്റർനെറ്റ് ഉപയോഗിക്കുക.
6. പുതു തലമുറയ്ക്ക് സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടുത്തുക.
7. ഭാഷാകമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുക.

**അധ്യാപക പ്രതിനിധികൾ**

Rejin Prema .R.J

Sophiya .P.N

**വിദ്യാർത്ഥി പ്രതിനിധികൾ**

അഖിൽ .എസ്.എൽ

ഹൃദ്യ .എൽ. ജയൻ

**ഗ്രൂപ്പ്**

1. **ഡെസ്ക്ടോപ്പ്** - അംഗങ്ങൾ 7
2. **ലാപ്ടോപ്പ്** - അംഗങ്ങൾ 7
3. **ടാബ്ലറ്റ്**- അംഗങ്ങൾ 6
4. **പ്രോജക്ടർ**- അംഗങ്ങൾ 6
5. **സ്കാനർ**- അംഗങ്ങൾ 7
6. **പ്രിന്റർ**- അംഗങ്ങൾ 7

**ഏകദിന ക്യാമ്പ്**



ഏകദിന ക്യാമ്പ് രജിൽ പ്രേമ ടീച്ചറും സോഫിയ ടീച്ചറും ക്ലാസുകൾ കൈകാര്യം ചെയ്തു. ഈ ക്ലാസിൽ ലിറ്റിൽ കൈറ്റ്സ് എന്താണെന്നും ഇതിന്റെ ലക്ഷ്യങ്ങൾ എന്താണെന്നും വിശദീകരിച്ചു. 40 കുട്ടികൾ പങ്കെടുത്തു കുട്ടികളെ ഉച്ചഭക്ഷണത്തിനു ശേഷം ഗ്രൂപ്പുകളായി തിരിച്ച് പ്രവർത്തനങ്ങൾ നൽകി. 4.30 ന് ക്യാമ്പ് അവസാനിച്ചു.

**അനിമേഷൻ നിർമ്മാണം**



അനിമേഷൻപ്രവർത്തനത്തിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി ." സിംഹവും, എലിയും" എന്ന കഥയെ ആസ്പദമാക്കി ഒരു അനിമേഷൻ ചിത്രം കുട്ടികൾ തയ്യാറാക്കി. ഈ വിദ്യാർത്ഥികൾ ഉപജില്ലാ തലത്തിൽ നടത്തിയ ക്യാമ്പിൽ പങ്കെടുത്തു.

**അനിമേഷൻ ഗ്രൂപ്പ്**



**പ്രോഗ്രാമിങ് സെലക്ഷൻ**



**പ്രോഗ്രാമിങ് ഗ്രൂപ്പ്**



**ഉപജില്ലാതല ദ്വിദിനക്യാമ്പ് (തിയതി-06/10/2018 & 07/01/2018)**



നമ്മുടെ സ്കൂളിൽ വച്ച് നടത്തിയ ദ്വിദിന ഉപജില്ലാതലക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളും അധ്യാപകരും. അഞ്ച് വിദ്യാലയങ്ങളിലായി 36 കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുത്തു. അനിമേഷനിൽ പതിനെട്ട് കുട്ടികളും പ്രോഗ്രാമിങ്ങിൽ പതിനെട്ട് കുട്ടികളും പങ്കെടുത്തു. രണ്ട് ദിവസവും കുട്ടികൾക്ക് ആവശ്യമായ ആഹാരം നൽകി. അധ്യാപകർ നല്ല രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്തു.

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ആലോചനായോഗം2018-19**



ഒക്ടോബർ - 1 ലിറ്റിൽ കൈറ്റ്സ് ഡിജിക്കൽ മാഗസിൻ ആലോചനായോഗം കൂടി. ഈ യോഗത്തിൽ പി.ടി.എ പ്രസിഡന്റ് ശ്രീ.വിൽഫ്രഡ്, ഹെഡ്മാസ്റ്റർ.ശ്രീ.സനൽകുമാർ, എസ്.ആർ.ജി കൺവീനർ ശ്രീമതി. സാലി, എസ്.ഐ.ടി, സി.ശ്രീ, ഷിബു.വിദ്യാരംഗം കൺവീനർ ശ്രീമതി ശുഭലേഖ ലിറ്റിൽ കൈറ്റ്സ്മിസ്ട്രസ് മാരായ ശ്രീമതി സോഫിയ, ശ്രീമതി രജിൻപ്രേമ , ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

**ക്രിസ്തുമസ് ആഘോഷം 2018-19**



ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിസംബർ 5 ന് ക്രിസ്തുമസ് ആഘോഷം ഈശ്വരപ്രാർത്ഥനോടെ ആരംഭിച്ചു, തുടർന്ന് വിദ്യാർത്ഥികളുടെ കരോൾ ഗാനവും കേക്കും വിതരണം ചെയ്തു.

# അമ്മ എന്ന സത്യം

**അഖിൽ.എസ്.എൽ (9D)**

എന്നെ അക്ഷരത്തിൻ ജാലകമുറ്റത്ത്
കൈപിടിച്ചാക്കിയതെന്റെയമ്മ
ഒരോ ദിനവും എന്നെക്കുറിച്ചെപ്പൊഴും
ചിന്തിച്ചിടുന്നവൾ എന്റെ അമ്മ.
ഞാനെന്ന പൈതൽ ഈ ഭൂമിയിൽ
ഉണ്ടായതിൽ കാരണമെന്നമ്മയാണ്
എന്റെ ഓരോ കാൽവയ്പ്പും തളരാതെ
എന്നെ താങ്ങിയതെന്നമ്മയാണ്.
ഒരു മൊട്ടു പോലുള്ള പുഞ്ചിരിയിൽ
എന്നും തിളങ്ങി നിന്നിടുമെന്നമ്മ
എന്നും തണൽ മരം പോലെ നിൽക്കുന്നതും
എന്നെ പോറ്റിയ അമ്മയാണ്.
എന്റെ സങ്കടവും സന്തോഷവും
ഒരു പോലെ പങ്കിടുമെന്നമ്മ
എന്റെ അന്ധകാരത്തെ അകറ്റി
വിളങ്ങുന്ന അദ്വൈത ദീപമാണമ്മ.
നല്ലകാര്യങ്ങൾ എൻ കാതിൽ മന്ത്രിക്കുന്നതും
എപ്പോഴുമെൻ പൊന്നമ്മയാണ്
എന്റെ വീട്ടിൽ പൊൻവിളക്കാണവളെന്നും
ഈശ്വരൻ തൻ പ്രതിരൂപമാണവൾ.
ഈ ഭൂമിയിൽ ഈശ്വരന്റെ സൃഷ്ടിയിൽ ഏറ്റവും
മഹത്തരമായതാണ് അമ്മ എന്ന സത്യം.






**അധികവായനയ്ക്ക്** -സമൂഹത്തിലെ പ്രത്യുദ്പാദനത്തിന് കാരണമാകുന്ന സ്ത്രീ ദാതാവിനെ അമ്മ എന്നു പറയുന്നു. ഒട്ടുമിക്ക മതങ്ങളും അമ്മയ്ക്ക് ദൈവതുല്യ സ്ഥാനമാണ് നൽകിയിരിക്കുന്നത്. മാതാവ്, ജനനി, തായ എന്നിവ അമ്മ എന്ന പദത്തിന്റെ പര്യായങ്ങൾ ആണ്.

# ഒരു നോക്കിനായി

**ചിൻഞ്ചു.വി.എസ് (9D)**




ഒരു വലിയ കുടുംബത്തിലാണ് സ്വപ്ന ജനിച്ചത്. അവൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും അവളുടെ മതാപിതാക്കൾ അവൾക്ക് ചെയ്തുകൊടുത്തു. രാവിലെ ഒരുപാട് സമയം കണ്ണാടിക്ക് മുൻപിൽ ചെലവഴിക്കുമായിരുന്നു. സൗന്ദര്യം അവൾക്ക് ഒരു ഹരമായിരുന്നു. സ്വപ്ന കോളേജിൽ പോകുമ്പോൾ എല്ലാവരും അവളെ തന്നെ നോക്കണം എന്നായിരുന്നു അവളുടെ ആഗ്രഹം. ആൺകുട്ടികൾ അവളുടെ കുട്ടികാരികളുമായി മിണ്ടുന്നത് അവൾക്ക് ഇഷ്ടമില്ലായിരുന്നു. അവൾക്ക് അവളുടെ കൂട്ടുകാരികളോട് തന്നെ അസൂയ തോന്നി. അവളുടെ മനസ്സിൽ ഒന്നു മാത്രം എല്ലാവരും എന്നെ തന്നെ നോക്കണം. അങ്ങനെ അവൾ വീട്ടിൽ വന്നു വാശിപിടിച്ച് അവൾക്ക് ഒരു മൊബൈലും സ്കൂട്ടിയും വേണമെന്ന് പറഞ്ഞു. ആദ്യം അവളുടെ അമ്മ വിസമ്മതിച്ചെങ്കിലും അവളുടെ ആഗ്രഹത്തിന് അവർ വഴങ്ങി. പിറ്റേദിവസം രാവിലെ തന്നെ ജീൻസും ടോപ്പും കണ്ണാടിയുമൊക്കെയായി സ്കൂട്ടിയിൽ കോളേജിലേക്ക് യാത്രയായി. അവളുടെ തലമുടി കാറ്റിൽ നല്ലരീതിയിൽ പാറിപ്പറന്നു. പെട്ടെന്ന് അവളുടെ ഫോൺ ബെല്ലടിച്ചു. അവളതെടുക്കുന്നതിനടയിൽ എതിരെ വന്ന വാഹനത്തെ അവൾ കണ്ടില്ല. പിന്നെ ഒരു നിലവിളി മാത്രം റോഡിൽ നിന്നവരെല്ലാം അവിടേക്ക് നോക്കി.

ഇപ്പോൾ സ്വപ്ന വീട്ടിലാണ്. നിറച്ചും ആൾക്കാർ പല പ്രായക്കാർ, എല്ലാവരും ഒരു മുഖം മാത്രം നോക്കുന്നു. വിളക്ക് കത്തിച്ച് ശാന്തമായി ഉറങ്ങുന്ന സ്വപ്നയെ മാത്രം. ഇത് കണ്ട് സ്വപ്നയുടെ ആത്മാവ് സന്തോഷിക്കുമോ? അവളുടെ ആഗ്രഹം ഇതിലൂടെ സഫലമാകുമോ?

**അധികവായനക്ക്** **-കൂട്ടുകാരുടെയൊപ്പം കളിച്ചും മരത്തിൽ കയറിയും പൂമ്പാറ്റകളെ പിടിച്ചും നടക്കുന്ന ഒരുബാല്യകാലം നമ്മുടെ കുട്ടികളിൽ അന്യമായിരിക്കുന്നു. കേരളത്തെ ഞെട്ടിച്ചു കൊണ്ടിരിക്കുന്ന പല അക്രമങ്ങളുടെയും പിന്നിൽ, ഭീകര പ്രവർത്തങ്ങൾക്ക് പിന്നിൽ, നമ്മുടെ കുട്ടികൾ വഴി തെറ്റുന്നതിനു പിന്നിൽ എല്ലാം ഒരു പങ്ക് മൊബൈൽ ഫോണിനുമുണ്ട്.**

# ചിരി ഒരു അമൃത്

**അരുൺഷാജി (9D)**





- ആയിരം  വാക്കുകളെക്കാൾ ആശയവിനിമയശേഷി ചിരിക്കുണ്ട്.
- ചിരിക്കാത്ത മുഖം വിടരാത്ത മൊട്ടിന് സമാനമാണ്.
- ചിരി സൗഹൃദം വളർത്തുന്നു.
- ചിരി സന്തോഷകരമായ ചിന്തകളുടെ പ്രസരണമാണ് അതിന് ഒരു  മാസ്മരിക ശക്തിയുണ്ട്.
- ചിരി ഒരു ഔഷധമാണ്. വിലമതിക്കാനാവാത്ത പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ഔഷധം.
- ചിരിക്കുമ്പോൾ കണ്ണുകൾക്ക് തിളക്കമേറും.
- സൗന്ദര്യം വർധിപ്പിക്കാൻ പ്രകൃതിദത്തമായ രീതിയാണ് ചിരി.
- ശരീരത്തിന് വ്യായാമം പോലെയാണ് മനസ്സിന് ചിരി.
- പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കുക, ഹൃദയം കുളിർപ്പിക്കുന്ന ഒരു ചിരി വിലമതിക്കാനാവാത്തതാണ്.
- ധീരതയുടെയും സൗഹൃദത്തിന്റെയും വിനയത്തിന്റെയും ലക്ഷണമാണ് ചിരി.
- ശക്തിയുടെയും സൗഹൃദത്തിന്റെയും ജാലകം തുറന്നു തരുന്ന ചിരി മനുഷ്യനുമാത്രമായി ലഭിച്ച ഒരു വരദാനമാണ്.



**അധികവായനയ്ക്ക്** -എല്ലാ വർഷവും മേയ് മാസത്തിലെ ആദ്യ ഞായറാഴ്ച ലോക ചിരി ദിനമായി ആചരിക്കുന്നു. 1998 ജനുവരി 11-ന് ഇന്ത്യയിൽ മുംബൈയിലാണ് ആദ്യമായി ലോക ചിരി ദിനത്തിന്റെ ആഘോഷം നടത്തിയത്. ഡോ: മദൻ കടാരിയയാണ് ഈ ചടങ്ങ് സംഘടിപ്പിച്ചത്.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 1

## മല്ലിച്ചപ്പ്



| | | |
|---|---|---|
| **ശാസ്ത്രീയ നാമം** | : | കൊറിയാഡ്രം സാറ്റിമം |
| **ഗുണമേന്മ** | : | വിഭവങ്ങൾക്ക് പ്രത്യേകമായ സുഗന്ധവും രുചിയും ലഭിക്കുന്നതിന് ഉപയോഗിക്കുന്ന സസ്യമാണ് മല്ലിച്ചപ്പ്. നാട്ടിൻ പുറങ്ങളിൽ സാധാരണയായി കാണുന്നില്ലെങ്കിലും വിപണിയിൽ ഇത് ലഭ്യമാണ്. സ്വാദിഷ്ടമായ പല മാംസാഹാരങ്ങളിലും മല്ലിയില ഒഴിച്ചുകൂടാനാവാത്ത ഒരിനമാണ് മല്ലിയില, മല്ലി ഇവ ഇട്ട് തിളപ്പിച്ചവെള്ളം നല്ലൊരു ദാഹശമനിയാണ്. |

### മല്ലിച്ചപ്പ് ചമ്മന്തി

**ചേരുവ**

| | | |
|---|---|---|
| മല്ലിച്ചപ്പ് | - | ഒരുകപ്പ് |
| പുതിന ഇല | - | ഒരു കപ്പ് |
| ചെറുനാരങ്ങ നീര് | - | 3 ടീസ്പൂൺ |
| പച്ചമുളക് | - | 4 എണ്ണം |
| ഉപ്പ് | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

ഒന്ന്, രണ്ട്, നാല്, അഞ്ച് ചേരുവകൾ നന്നായി അരച്ചശേഷം ചെറുനാരങ്ങാ നീര് ചേർത്ത് വിളമ്പാം.

# തഴുതാമ



| | | |
|---|---|---|
| **ശാസ്ത്രീയ നാമം** | : | ബൊർഹേവിയ ഡിഫ്യൂസ |
| **ഗുണമേന്മ** | : | വാതസംബന്ധമായ അസുഖങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സസ്യമാണ് തഴുതാമ. മൂത്രവിസർജ്ജനം ത്വരിതപ്പെടുത്തുന്നു. മലത്തെ അധികം ഇളക്കിവിടുന്നു. വിഷഹരമാണ്. ചുമ കുറയ്ക്കുന്നു. ഹൃദ്രോഗങ്ങൾക്ക് ഉചിതമാണ്. ശരീരത്തിൻറെ നീര് വറ്റിക്കുന്നു. |

## തഴുതാമയില കട്‌ലറ്റ്

**ചേരുവ**


| | | | | | |
|---|---|---|---|---|---|
| തഴുതാമയില അരിഞ്ഞത് | - | 2 കപ്പ് | ഇഞ്ചി | - | ഒരു ചെറിയ കഷണം |
| പച്ചമുളക് | - | 5 എണ്ണം | ഉരുളക്കിഴങ്ങ് | - | പുഴുങ്ങിയത് 2 വലുത് |
| സവാള | - | 2 എണ്ണം | റൊട്ടിപ്പൊടി | - | ആവശ്യത്തിന് |
| വെളുത്തുള്ളി | - | 4 അല്ലി | വെളിച്ചെണ്ണ | - | അര ലിറ്റർ |
| ഗരംമസാലപ്പൊടി | - | ഒന്നര ടിസ്പൂൺ | മുട്ടയുടെ വെള്ള | - | 2 |
| ഉപ്പ് | - | ആവശ്യത്തിന് | | | |

**തയ്യാറാക്കുന്ന വിധം**


ഒരു ചീനച്ചട്ടി അടുപ്പിൽ വെച്ച് 3 ടിസ്പൂൺ എണ്ണയൊഴിച്ച് സവാള അരിഞ്ഞത് ചേർത്ത് വഴറ്റിയശേഷം പച്ചമുളക്, ഇഞ്ചി, വെളുത്തുള്ളി എന്നിവ ചേർത്ത് വഴറ്റുക. ശേഷം ഗരംമസാലപ്പൊടിയും തഴുതാമയില അരിഞ്ഞതും ചേർക്കുക. പാത്രം മൂടിവച്ച് വേവിക്കുക. വെന്തശേഷം പുഴുങ്ങിപ്പൊടിച്ച ഉരുളക്കിഴങ്ങും ആവശ്യത്തിന് ഉപ്പും ചേർത്ത് ഇളക്കിയോജി പ്പിക്കുക. അടുപ്പിൽനിന്നും വാങ്ങി ചൂടാറിയശേഷം ഒരു വലിയ നാരാങ്ങാ വലിപ്പത്തിൽ എടുത്ത് ചെറുതായി അമർത്തിയശേഷം മുട്ടയുടെ വെള്ളയിൽ മുക്കി റൊട്ടിപ്പൊടിയിൽ പൊതിഞ്ഞ് തിളച്ച എണ്ണയിൽ ഇട്ട് വറുത്തുകോരാം.

# കീർത്തി

**വിജയലക്ഷ്മി (8A)**



ശാസ്ത്രനേട്ടങ്ങൾ വിളിച്ചോതും
മനുഷ്യാ, നിൻകീർത്തി എന്തിനായ്?
തകരും ഹൃത്തിൻ നോവറിയാതെ
നിൻ തത്വശാസ്ത്രമാർക്കുവേണ്ടി?
സൃഷ്ടിതൻ വൈവിധ്യം വിളിച്ചോതും
കല്ലിലും കളിമൺ രൂപത്തിലും
ഈശ്വരനെ തേടിനടക്കും ഭോഷനോ നീ
നിൻ അകക്കണ്ണ് തുറന്നിടുക
ഒരു വറ്റു ചോറുനായി കൈനീട്ടി നിൽക്കുന്ന
ഒരു കുമ്പിൾ കണ്ണുനീരിനായ് ദാഹിച്ച് വെമ്പുന്ന
മരവിച്ച മനസ്സുമായി അലയുന്ന
പട്ടിണികോലങ്ങൾ നിൻ ഈശ്വരരൂപമല്ലേ.......



**അധികവായനയ്ക്ക്** -അറിവിന്റെ ഉപയോഗരൂപത്തെയാണ് പൊതുവേ സാങ്കേതികവിദ്യ എന്ന് പറയുന്നത് (ആംഗലേയം: Technology). പ്രകൃതിവിഭവങ്ങളെ ലളിതമായ ഉപകരണങ്ങളായി മാറ്റിയതാണ് മനുഷ്യൻ ഉപയോഗിച്ച ആദ്യത്തെ സാങ്കേതികവിദ്യ എന്ന് കണക്കാക്കാം. പല സാങ്കേതിക പ്രക്രിയകളും അനാവശ്യമായ ഉപോത്പന്നങ്ങൾ സൃഷ്ടിക്കാറുണ്ട്, മലിനീകരണം, ഭൂമിയുടെ പരിസ്ഥിതി ദോഷം, പ്രകൃതി വിഭവങ്ങളുടെ ക്ഷയം തുടങ്ങിയവ. സാങ്കേതികവിദ്യ മനുഷ്യാവസ്ഥയെ മെച്ചപ്പെടുത്തിയോ അതോ മോശപ്പെടുത്തിയോ എന്നതിനെ പറ്റിയുള്ള അഭിപ്രായവ്യത്യാസങ്ങളാണ് ഇന്ന് നിലനിൽക്കുന്നത്.

# എന്നെ സ്വാധീനിച്ച പുസ്തകം
# ബാല്യകാലസഖി

**അഞ്ജു സാം (9A)**



വൈക്കം മുഹമ്മദ് ബഷീറിന്റ ഹൃദയസ്പർശിയായ പുസ്തകമാണ് ബാല്യകാലസഖി. മലയാള സാഹിത്യത്തിൽ ഇതിന് നിർണ്ണായകകരമായ ഒരു സ്ഥാനമുണ്ട്. ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേട് എന്ന് ഈ പുസ്തകത്തെ സൂചിപ്പിക്കുന്നു. ഈ പുസ്തകത്തിൽ എന്നെ ഏറെ സ്വാധീനിച്ച കഥാപാത്രങ്ങളാണ് സുഹ്റയും മജീദും. ഈ പുസ്തകത്തെക്കുറിച്ച് ബഷീർ അഭിസംബോധന ചെയ്യുന്നത് ഇങ്ങനെയാണ് "ജീവിതത്തിൽനിന്നും ചീന്തിയെടുത്ത ഒരേട്. വക്കിൽ രക്തം പുരണ്ടിരിക്കുന്നു.ചിലർക്ക് ചുടുചോരകാണുമ്പോൾ എന്തെന്നില്ലാത്ത അറപ്പും പേടിയും ഉണ്ടാകാം. ചിലപ്പോൾ ബോധക്ഷയം തന്നെ ഉണ്ടാകാം.”

ഇതിലെ നായികനായകന്മാർ സുഹ്റയും മജീദുമാണ്. വളരെയധികം കഷ്ടപ്പാടുകളിലൂടെയാണ് ഇവരുടെ ജീവിതം കടന്നു പോകുന്നത്. അവർ കുട്ടിക്കാലം മുതൽ തന്നെ നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. ഒന്നും ഒന്നും കൂട്ടിയാൽ ഉമ്മിണി ബല്യ ഒന്ന് എന്ന് മജീദ് പറഞ്ഞപ്പോൾ ഏവരും പൊട്ടിച്ചിരിക്കുന്നു. ഒരുപുഴയും മറ്റൊരു പുഴയും ചേർന്നാൽ വലിയൊരു പുഴയാകുന്നതു പോലെ. ഈ സമവാക്യം സുഹ്റയുടെയും മജീദിന്റെയും ജീവിതത്തിൽ വാക്യ മായി മാറി. സുഹ്റയുടെ സ്നേഹവും മജീദിന്റെ സ്നേഹവും ചേർന്ന് വലിയൊരു സ്നേഹമായി മാറുന്നു. സുഹ്റയുടെ ദു:ഖവും മജീദിന്റെ ദു:ഖവും ചേർന്ന് വലിയൊരു ദു:ഖമുണ്ടാകുന്നു.കുട്ടിക്കാലം മുതൽ നമ്മെ ചിരിപ്പിച്ച ഇവർ ഇനി നമ്മെ കരയിപ്പിക്കാൻ പോകുന്നു എന്ന് വായിക്കുമ്പോൾ അറിയില്ല. കുട്ടിക്കാലത്ത് മാവിൻചുവട്ടിൽ മാമ്പഴം തിന്ന് നടന്ന ഈ

കൂട്ടുകാർ തമ്മിൽ സ്നേഹിക്കുന്നതുമെല്ലാം വായനക്കാരുടെ ഹൃദയത്തിൽ തങ്ങി നിൽക്കുന്നതാണ്. സുന്നത്ത് കഴിഞ്ഞ് കിടന്ന മജീദിനെ നോക്കി സുഹ്റ കളിയാക്കുന്നതും സുഹ്റയുടെ മൊഞ്ച് കണ്ട് മജീദ് കൊതിക്കുന്നതും വായനക്കാരെ ഒന്നു പോലെ സ്വപ്നത്തിലാഴ്ത്തുന്നു. മജീദിന്റെ ബാപ്പ പെട്ടെന്ന് ദരിദ്രനാവുന്നതും മജീദ് ജോലിക്കായി വിദേശത്തേയ്ക്ക് പോയി വരുമ്പോൾ സുഹ്റയുടെ വിവാഹം കഴിയുന്നതും യൗവ്വനാരംഭത്തിൽ തന്നെ മജീദിനെ തളർത്തുന്നു. കഷ്ടപ്പെട്ട് കുടുംബത്തെ കടത്തിൽ നിന്നു കരകയറ്റുന്നതിനുവേണ്ടി മജീദ് വീണ്ടും ജോലിക്കായി പോകുവാനൊരുങ്ങുന്നു. ഇതിനിടയിൽ സുഹ്റയുടെ ഭർത്താവ് അവളെ തല്ലുന്നതും പുറത്താക്കുന്നതുമെല്ലാം ഹൃദയഭേദകമായ കാഴ്ചയാണ് ഇതു കൊണ്ടൊന്നും തീരുന്നില്ല. ജോലിക്കുപോകുവാനായി നിന്ന മജീദിനോട് സുഹ്റ എന്തോ പറയുവാനൊരുങ്ങുന്നു. വണ്ടിവന്നതിനാൽ സുഹ്റ പറഞ്ഞില്ല. മജീദ് പോയി. ദിനങ്ങൾ കഴിയുന്നതോടൊപ്പം അവരെ കാത്തിരുന്നത് മരണത്തേക്കാൾ ദാരുണമായ ഒരു സംഭവമാണ്. മജീദിന്റെ കാൽ വാഹനാപകടത്തിൽ നഷ്ടപ്പെടുന്നു.ദരിദ്രനും കാൽനഷ്ടപ്പെട്ടവനുമായി തിരികെ വരാൻ അദ്ദേഹത്തിനായില്ല. ജോലി നഷ്ടപ്പെട്ട അയാൾക്ക് എച്ചിൽപാത്രങ്ങൾ കഴുകുന്ന ഒരു ജോലി ലഭിച്ചു. ഇതിനിടയിൽ സുഹ്റയ്ക്ക് ദീനമാണെന്നും അവൾ മരിച്ചു പോയെന്നും മജീദ് കത്ത് വഴി അറിഞ്ഞു. അവസാനം സുഹ്റ പറയാൻ ഉദ്ദേശിച്ചത് എന്താണെന്ന് വായനക്കാരെയും മജീദിനെയും ഒന്നു പോലെ ചിന്തയിലാഴ്ത്തി.

മാനത്തോളം വലിപ്പമുള്ള ദിവാസ്വപ്നങ്ങൾ കണ്ട മജീദ് രാജകുമാരിയോടൊപ്പം സ്വർഗം വിഹരിക്കുന്ന മജീദ് എച്ചിൽ പാത്രങ്ങൾ കഴുകുന്നതും ഒറ്റക്കാലിൽ നടക്കുന്നതുമെല്ലാം ഹൃദയഭേദകമായ കാഴ്ചയാണ്. എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ച പുസ്തകം ബാല്യകാല സഖിയാണ്. കാരണം ബാലികാലസഖി എന്നകൃതി ഏതൊരു വായനക്കാരന്റെയും മനസിനെ കീഴടക്കുന്നു.

ഭാഗ്യവിശേഷം കൊണ്ടോ മറ്റോ വിവാഹ പന്തലിൽ എത്തുന്ന കഥകൾ വായിച്ചും ചെറിയൊരു പ്രശ്നം വന്ന് അന്യോന്യം മാല ചാർത്തി മരിക്കുന്നതും വിഷം കഴിക്കുന്നതുമായ കഥകൾ വായിച്ച് ഭേഷ് എന്ന് തല കുലുക്കുന്ന വായനക്കാർ ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേട് (ബാല്യകാലസഖി) വായിക്കുമ്പോൾ ബോധക്ഷയമുണ്ടാകും. ബഷീറിന്റെ ബാല്യകാല സഖി കൈരളിയുടെ പ്രധാന സമ്പത്താകുന്നതോടൊപ്പം കൈരളിയുടെ ഓരോ കൂട്ടുകാരുടെയും മനസ്സിൽ ബാല്യകാല സഖിയാവുകയാണ്. എന്നെ സ്വാധീനിച്ച ഈ പുസ്തകം ഒരിക്കലും മറക്കാനാവാത്ത അനുഭവമിണ്. ജീവിതത്തിൽ എന്റെ മനസ്സിലെ ഒരേടായി ബാല്യകാല സഖിയുണ്ടാകും. പുസ്തകമാണ് ബാല്യകാല സഖി.



**അധികവായനയ്ക്ക്** -മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.

# കടം മേടിച്ച ബുദ്ധി

അഖിൽ.എസ്.എൽ (9C)



എങ്ങനെയും രണ്ട് കൊമ്പുകൾ വേണം അതായി കഴുതയുടെ ആഗ്രഹം. ഏറ്റവും വലിയ കൊമ്പുകൾ ആർക്കാണ്? കാട്ടാനയ്ക്കുതന്നെ. നാട്ടിലെ കഴുത കാട്ടിൽ ചെന്ന് കാട്ടാനയെ കണ്ടു. "ഹേ!കാട്ടാനേ എനിക്കു നിന്റെ കൊമ്പുകൾ കടം തരു" കഴുത പറഞ്ഞു. "ഹേ! കഴുതേ ഞാൻ കൊമ്പു തരില്ല"കാട്ടാന പറഞ്ഞു. "ദോതന്നില്ലെങ്കിൽ ഞാൻ പിടിച്ചുവാങ്ങും" കഴുതപറഞ്ഞു.

അവൻ കാട്ടാനയെ ചവിട്ടാൻ കാൽ ഉയർത്തി കാട്ടാന കഴുതയെ തുമ്പികൈയ്യിൽ എടുത്ത് ഒരേറ് കഴുത ദൂരെ ചെന്നു വീണ് ബോധം കെട്ടു. ബോധം വീണപ്പോൾ അവൻ കാട്ടാനയെ നോക്കി. എന്നാൽ കട്ടാന പോയിക്കഴിഞ്ഞിരുന്നു.

കൊമ്പു കിട്ടിയില്ലെങ്കിൽ വേണ്ട നഖം കിട്ടിയാൽ മതി. കരിം പുലിക്കു നല്ല നഖം ഉണ്ട്. കഴുത കാട്ടിലെ കരിം പുലിയെ കണ്ടു.

"ഹേ! കരിം പുലി നഖം കടംതരു"

"ഹേ! കഴുതേ നഖം കടംതരാൻ നിവൃത്തിയില്ല"

കേട്ടപാടെ കഴുത പുലിയെചവിട്ടാൻ ചെന്നു. കരും പുലി കഴുതയുടെ കാലിൽ ഒരുകടി കഴുതയ്ക്കു മുറിവുപറ്റി.

"ഹേ! കഴുതേ പൊയ്ക്കോ അല്ലെങ്കിൽ ഞാൻ നിന്റെ നാലു കാലും കടിച്ചെടുക്കും"

കൊമ്പും വേണ്ട നഖവും വേണ്ട ബുദ്ധി മതി. കഴുത കുറുക്കന്റെ അടുത്തെത്തി

"ഹേ! കുറുക്കാ എനിക്ക് ബുദ്ധികടം തരു" കുറുക്കന് ചിരിവന്നു. എന്നാലും ചിരിഅടക്കി ഗൗരവം നടിച്ചുകൊണ്ട് പറഞ്ഞു. "ഹേ!കഴുതേ ഞാൻ ബുദ്ധിതരാം കടമായിട്ടല്ല സമ്മാനമായിട്ട്"

കുറുക്കൻ അകത്തേക്കു പോയി. തിരിച്ചുവന്ന പ്പോഴോ? കൈയ്യിൽ ഒരു തുണി പ്പൊതി ഉണ്ട്. പൊതിയിൽ കുറെ ഉപ്പായിരുന്നു. പക്ഷെ അത് കഴുതയെ അറിയിച്ചില്ല.

"ഹേ! കഴുതേ, പൊതിയക്കകത്ത് എന്റെ ബുദ്ധിയാണ് പൊതിതലയിൽ വച്ചു കെട്ടുക്കോളൂ. നീ നല്ലബുദ്ധിമാനാകും"

കഴുതപൊതി തലയിൽ വച്ചുകെട്ടി "ഹേ!കുറുക്കാ ബുദ്ധി എങ്ങനെ തെളിയിക്കും?" "ഹേ!കഴുതേ നിന്റെ യജമാനനായ മനുഷ്യന്റെ വീടില്ലേ. അതിനടുത്തുള്ള തോട്ടിൽ ചാടണം. അപ്പോൾ നിന്റെ ബുദ്ധിതെളിയും

കുറുക്കൻ വഴികാട്ടി കഴുത വീട്ടിനടുത്തുള്ള തോട്ടിൽ എത്തി. പശുവും, പൂച്ചയും താറാവും അവിടെ സംസാരിച്ചു നിൽക്കുകയായിരുന്നു.

"ഹേ!കഴുതേ എന്താ നിന്റെ തലയിൽ?"പശു ചോദിച്ചു.

"കുറുക്കന്റെ ബുദ്ധി"കഴുത പറഞ്ഞു.

"എങ്ങനെ കിട്ടി?"പൂച്ച ചോദിച്ചു.

"ചോദിച്ചുമേടിച്ചു."കഴുത പറഞ്ഞു.

"ബുദ്ധിതെളിയിക്കാമോ?"താറാവു ചോദിച്ചു.

"നല്ല വണ്ണം നോക്കിക്കോളീൻ." കഴുത പറഞ്ഞു.

അവൻ താഴ്ചയുള്ള തോട്ടിൽ എടുത്തു ചാടി. കഴുതയ്ക്ക് നീന്താൻ അറിഞ്ഞുകൂടാ. അവൻ കാലിട്ടടിച്ചു.ബേ....ബേ....നിലവിളിക്കാനും തുടഘങ്ങി. ശബ്ദം കേട്ട് യജമാനനോടിയെത്തി, വെള്ളത്തിൽ ചാടി കഴുതയെ രക്ഷിച്ചു.

കഴുത തലയിൽ തടവിനോക്കി.പൊതി കാണാനില്ല. "ബുദ്ധി വെള്ളത്തിൽ അലിഞ്ഞു പോയി. നാളെ ഞാൻ കുറുക്കനെ ഒന്നുകൂടിക്കാണും. എന്നിട്ട് അലിയാത്ത ബുദ്ധിമേടിക്കും." കഴുത താറാവിനോടായി പറഞ്ഞു.



**അധികവായനയ്ക്ക്** -സസ്തനിയായ വളർത്തുമൃഗമാണ് കഴുത. ഭാരം വഹിക്കാനായി മനുഷ്യൻ കാലങ്ങളായി ഉപയോഗിച്ചു വരുന്നു. കുതിരയുടെ വർഗ്ഗത്തിലുള്ള ഈ മൃഗത്തിന് രൂപത്തിലും കുതിരയുമായി സാമ്യമുണ്ട്. പാലിനായും കഴുതയെ മനുഷ്യൻ ഉപയോഗിക്കുന്നുണ്ട്. പ്രതികരണം ഒട്ടുമില്ലാതെ ഭാരം ചുമക്കുന്നതിനാൽ കഴുത എന്ന വാക്ക് ബുദ്ധിയില്ലാത്തവൻ എന്നതിന് സമമായി പല സംസ്കാരങ്ങളിലും ഉപയോഗിക്കുന്നു.

# അവൻ

വിനീത.സി.എസ് (10D)



ജീവിതത്തിന്റെ വഴിത്താരയിൽ എവിടെവച്ചോ ഞാൻ അവനെ കണ്ടു. പക്ഷെ എവിടെ വച്ചാണെന്ന് എനിക്ക് കൃത്യമായിയറിയില്ല. എന്റെ സൗഹൃദം വളർന്ന് പ്രേമമായി മാറുകയും ചെയ്തു. ആരാണ് ഈ സ്നേഹം ആദ്യം വെളിപ്പെടുത്തിയതെന്ന് പറയാൻ കഴിയില്ല. ഞങ്ങളുടെ സ്നേഹം ഹൃദയത്തിൽ തുടങ്ങി കണ്ണിൽ തീരും. പ്രത്യേകിച്ചും അവൻ എന്നോടുള്ളത് ഡിസംബർ മാസത്തിലെ ആ വെളുപ്പാൻ കാലത്തും തണുപ്പുള്ള രാത്രികളിലുമായിരിക്കും ആ സമയങ്ങളിൽ എനിക്ക് അവനെ ഒട്ടും ഉപേക്ഷിക്കാൻ പറ്റില്ല. ജീവിതത്തിൽനിന്നും പറിച്ചുമാറ്റാൻ പറ്റാത്ത വിധം ഞാൻ അവനിലേക്ക് അടുത്തുപോയി തുലാവർഷ മഴയ്ക്ക് കാതോർക്കുമ്പോൾ മകരത്തിന്റെ കൈകൾ എന്നെ ഇക്കിളികൂട്ടുമ്പോൾ നീ അരികിലുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചിരുന്നു.

പുസ്തക താളുകൾ വായിച്ച് തുടങ്ങുമ്പോൾ പേന ചലിച്ച തുടങ്ങുമ്പോൾ അവനെന്നെ തഴുകി വിളിക്കും. അവനാരാണെന്നറിയാമോ.....? അവനാണ് ...... എന്റെ മാത്രം ഉറക്കം.



**അധികവായനയ്ക്ക്** - ശരീരവും മനസ്സും വിശ്രമാവസ്ഥയിലേക്ക് പോവുകയും വ്യക്തി അചേഷ്ടനാവുകയും, തന്റെ പരിസരങ്ങളെ മറക്കുകയും ചെയ്യുന്ന അവസ്ഥക്കാണ് ഉറക്കം എന്ന് പറയുന്നത്. മനസ്സിനും ശരീരത്തിനും ഒരുപോലെ അനുപേക്ഷണീയമായ ഒരു ജീവധർമ്മ പ്രക്രിയയാണ് ഉറക്കം. ഉറങ്ങുമ്പോൾ ശ്വാസോച്ഛ്വാസം, ഹൃദയമിടിപ്പ്, ശരീരഊഷ്മാവ്, രക്തസമ്മർദ്ദം എന്നിവ ഉണർന്നിരിക്കുന്ന സമയത്തതിനേക്കാൾ കുറവായിരിക്കും. ജീവിതത്തിൽ ഉണർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ രക്തത്തിലെ കാൽസ്യത്തിന്റെ അളവ് കൂടുന്നു. ഉറങ്ങുമ്പോഴാണ് അത് കുറയുന്നത്.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 2

## ഉഴുന്ന (ഉഴിഞ്ഞ)



| | | |
|---|---|---|
| **ശാസ്ത്രീയ നാമം** | : | കാർഡിയോസ്പേർണം ഹാലികാകമ്പം സപിൻഡാസ്യ |
| **ഗുണമേന്മ** | : | വള്ളി ഉഴിഞ്ഞ ദശപുഷ്പങ്ങളിൽ ഒന്നാണ്. ഇല അരച്ചുതേച്ചാൽ വൃഷണവീക്കം മാറും. സമൂലം എടുത്ത് കഷായംവെച്ച് രണ്ട്മൂന്ന ദിവസം സേവിച്ചാൽ മലബന്ധവും വയറുവേദനയും ശമിക്കും. ഇല ഞെരടിവെള്ള ത്തിലിട്ട് പിഴിഞ്ഞെടുത്ത വെള്ളംകൊണ്ട് തല കഴുകിയാൽ മുടി വൃത്തിയാകും. ഇലയിട്ട് എണ്ണകാച്ചി തേച്ചാൽ മുടി സമൃദ്ധമായി വളരും. ആർത്തവ തടസ്സം ദൂരീകരിക്കാൻ ഇല അരച്ച് അടിവയറ്റിൽ പുരട്ടിയാൽ മതി. |

### ഉഴുന്ന പരിപ്പ് കറി

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| ഉഴുന്ന ഇല | - | അര കപ്പ് | മഞ്ഞൾപൊടി | - | കാൽ ടിസ്പൂൺ |
| ചെറുപയർ പരിപ്പ് | - | കാൽ കപ്പ് | കറിവേപ്പില | - | 2 തണ്ട് |
| തേങ്ങ ചിരവിയത് | - | അര കപ്പ് | കടുക് | - | കാൽ ടിസ്പൂൺ |
| പച്ചമുളക് | - | 4 എണ്ണം | വറ്റൽ മുളക് | - | 4 എണ്ണം |
| വെളുത്തുള്ളി | - | 3 അല്ലി | പച്ചമുളക് | - | 4 എണ്ണം |
| ജീരകം | - | അര ടിസ്പൂൺ | ഉപ്പ് | - | ആവശ്യത്തിന് |
| ചുവന്നുള്ളി | - | 2 | | | |

**തയ്യാറാക്കുന്ന വിധം**

ചെറുപയർ പരിപ്പിൽ വെള്ളം ഒഴിച്ച് അല്പം ഉപ്പും ചേർത്ത് വേവിച്ചെടുക്കുക. ചീനച്ചട്ടിയിൽ എണ്ണയൊഴിച്ച് ചൂടാകുമ്പോൾ കടുകിട്ട്പൊട്ടുമ്പോൾ കറിവേപ്പിലയും വറ്റൽമുളകും ഇട്ടതിനുശേഷം മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് ചേരുവകൾ ഒതുക്കിയെടുത്ത് പച്ചമണം മാറുംവരെ വഴറ്റി ഉഴുന്നയില അരിഞ്ഞതും ചേർത്ത് അടച്ചുവച്ചു വേവിക്കാം. വെന്തശേഷം വേവിച്ച ചെറുപയർ പരിപ്പും ചേർത്ത് ആവശ്യത്തിന് ഉപ്പും ഇട്ട് ഇളക്കി 2 മിനിറ്റ് അടച്ചുവച്ചതിനുശേഷം വാങ്ങി ഉപയോഗിക്കാം.

## കുറുന്തോട്ടി

| | | |
|---|---|---|
| ശാസ്ത്രീയ നാമം : | | സൈഡ റോംബി ഫോലിയ |
| ഗുണമേന്മ | : | കുറുന്തോട്ടി സമൂലമോ, വേരു മാത്രമോ എടുത്ത് കഷായംവച്ച് 30 മി.ലി. വീതം ദിവസം രണ്ടോ മൂന്നോ പ്രാവശ്യം കഴിച്ചാൽ ഗൊണോറിയ, അർശസ്സ്, വാതവ്യാധികൾ, വാതജ്വരം ഇവ ശമിക്കും. കുറുന്തോട്ടി വിധി പ്രകാരം പാൽ കഷായമുണ്ടാക്കി പതിവായി കുടിച്ചാൽ രക്തദ്രരം, ശ്വേതപ്രദരം ഇവയ്ക്ക് ശമനമുണ്ടാകും. കുറുന്തോട്ടി ഇഞ്ചി കഷായം പനി ശമിപ്പിക്കും. കേരളത്തിൽ വളരെ പ്രസിദ്ധങ്ങളായ ക്ഷീരബല, ധന്വന്തരം, ബാലതൈലം, ബലാരിഷ്ടം എന്നീ ഔഷധങ്ങൾ കുറുന്തോട്ടി പ്രധാനമായി ചേർത്തുണ്ടാക്കുന്നവയാണ്. |

### കുറുന്തോട്ടി കഷായം

**ചേരുവ**



| | | |
|---|---|---|
| കുറുന്തോട്ടി | - | അരിഞ്ഞത് (വേരുൾപ്പെടെ) 1 കപ്പ് |
| ദർഭ | - | 1 കപ്പ് |
| ഞെരിഞ്ഞിൽ | - | 1 കപ്പ് |
| പഞ്ചസാര | - | ആവശ്യത്തിന് |


**തയ്യാറാക്കുന്ന വിധം**

ഒന്ന്, രണ്ട്, മൂന്ന് ചേരുവകൾ ചേർത്ത് കഷായം വെച്ച ശേഷം പഞ്ചസാര ചേർത്തിളക്കുക. 25 മി.ലി. വീതം 3 നേരം കുടിക്കുന്നത് വളരെ നല്ലതാണ്.

# റിയാലിറ്റിഷോ

**ഷാബിൻ.വി.ബി (9D)**

ഹർത്താലും ബന്ദും എല്ലാം
ചിക്കനിലാക്കി ആഘോഷിക്കാം
ചിക്കൻഗുനിയാ - ഗുഡ് ബൈ
നാടിൻ വികസനം നേതാവിന്റെ
ഉദര വികസനം നേതാവിന്റെ
മാനം മുട്ടെ ഉയരും മാളിക
കൊല്ലും കൊലയും അണികൾക്ക്
ഞെട്ടലും പ്രസ്താവനയും നേതാക്കൾക്ക്
ദൈവനാമത്തിൽ പരസ്പരപോര്
എൻദൈവം ശക്തൻ! എൻദൈവം ശക്തൻ!
ദൈവമോ നിസ്സഹായൻ
എന്തും തിന്നാം എന്തും കുടിക്കാം
ആഡംബരആതുരാലയമുണ്ടല്ലോ
പഴമകളെയും പഴഞ്ചൻമാരെയും
ജെസിബിയാൽ ഒതുക്കാമല്ലോ
നാടിൻ വികസനം ലോകബാങ്കിലാക്കി
നാടിൻ നൻമകൾ അടിയറവയക്കാം.






**അധികവായനയ്ക്ക്** -ഇന്ത്യയിലെ ഭരണകൂടങ്ങളെയും ജനപ്രതിനിധികളെയും തിരഞ്ഞെടുക്കുന്ന ഭരണഘടന അംഗീകൃത സ്ഥാപനമാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇന്ത്യയിലെ നിയമസഭകളിലേക്കും പാർലമെന്റിലേക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കും നടക്കുന്ന തിരഞ്ഞെടുപ്പുകൾ നടത്താനായി വിപുലമായ അധികാരങ്ങളാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനുള്ളത്. 1950 ജനുവരി 25-ന് ഇന്ത്യൻ ഭരണഘടനാ അനുഛേദം 324 അനുസരിച്ചാണ് ഇത് രൂപീകൃതമായത്.

# സ്കൗട്ട് ആന്റ് ഗൈഡ്സ്

20/10/2017 – ൽ ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ ഒരു യൂണിറ്റ് പി.കെ.എസ്സ് ഹയർസെക്കന്ററി സ്കൂളിൽ ആരംഭിച്ചു. 16 സ്കൗട്ടും 16 ഗൈഡ്സും ഇതിൽ അംഗങ്ങളായി. ശ്രീ.സുരേഷ് കുമാർ സാർ സ്കൗട്ട് മാസ്റ്ററായും ശ്രീമതി.ബ്യൂലാ പ്രകാശ് ടീച്ചർ ഗൈഡ് ക്യാപ്റ്റനായും പ്രവർത്തിക്കുന്നു. ഇപ്പോൾ നമ്മുടെ സ്കൂളിലെ യൂണിറ്റിൽ 64 അംഗങ്ങൾ ഉണ്ട്.





- 9/11/2017 – നമ്മുടെ യൂണിറ്റിലെ അംഗങ്ങൾ ഒരു പച്ചക്കറിത്തോട്ടം നിർമ്മിച്ചു.
- 26/1/2018 മുതൽ 28/1/2018 ഒരു ത്രിദിന ക്യാമ്പ് നടത്തി.
- പ്ലാസ്റ്റിക്ക് വിമുക്ത സ്കൂൾ ക്യാമ്പസ്സ് എന്ന ആശയം നടപ്പിലാക്കാനായി പേപ്പർ ക്യാരി ബാഗുകൾ നിർമ്മിച്ചു. 6/7/2018 – ന് ലഹരി വിരുദ്ധ പോസ്റ്റർ പ്രദർശനം നടത്തി.
- വിവിധ ക്ലബ്ബുകളുമായി ആലോചിച്ച് ഒരു ലഹരിവിരുദ്ധ മാജിക്ക് ഷോ നടത്തി.
- 9/7/2018 – ന് ഒരു രക്തദാന ക്യാമ്പെയ്ൻ നടത്തി.
- വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകൾക്ക് ആവിശ്യമായ സാധനങ്ങൾ എത്തിക്കാൻ കഴിഞ്ഞു.
- 26/10/2018 മുതൽ 28/10/2018 വരെ ഒരു ത്രിദിന ക്യാമ്പ് നടത്തി.







# അടിമയുടെ സ്നേഹം

**ഷിന്റോ.എസ് (8A)**



ബംഗാളിലെ വളരെ വലിയ പണക്കാരനായിരുന്നു ഭോലാറാം. വളരെയധികം വസ്തുവകകളുള്ളവനും പണവുമുള്ള ഭോലാറാമിന് വളരെയധികം അടിമകൾ ഉണ്ടായിരുന്നു. അവരിൽ പ്രധാനി രാമശാസ്ത്രി ആയിരുന്നു. രാമശാസ്ത്രിക്ക് സംസാരിക്കാൻ കഴിവില്ലായിരുന്നു. അതിനാൽ ഭോലാറാം രാമശാസ്ത്രിയെ വളരെയധികം സ്നേഹിച്ചിരുന്നു.

ഒരിക്കൽ ഭോലാറാം രാമശാസ്ത്രിയോടൊപ്പം ഒരു സഞ്ചാരത്തിനിറങ്ങി. വളരെ ദൂരം നടന്നതിനു ശേഷം അവൻ ഒരു ചിത്രകാരന്റെ വീട്ടിലെത്തി. കലാസ്നേഹിയായ യജമാനൻ രാമശാസ്ത്രിയോടു പറഞ്ഞു. ഇതൊരു ചിത്രകാരന്റെ വീടാണെന്നു തോന്നുന്നു. വരൂ നമുക്ക് കയറിനോക്കാം അവർ വീടിനകത്ത് കയറിയപ്പോൾ അവിടെ ആരെയും കണ്ടില്ല. വളരെ ചിത്രങ്ങൾ അവർക്ക് അവിടെ ദർശിക്കാനായി.

കുറച്ച സമയത്തിനുശേഷം മധ്യവയസ്കനായ ഒരാൾ വീട്ടിലേയ്ക്ക് കയറി വന്നു. അയാൾ ഭോലാറാമിനോട് പറഞ്ഞു. ചിത്രങ്ങളെല്ലാം വളരെ ഇഷ്ടപ്പെട്ടുവെന്ന് വിശ്വസിക്കുന്നു. വരൂ നമുക്ക് അടുത്ത മുറിയിലേക്കു പോകാം അടുത്ത മുറിയിൽ വെറും ഒരു ചിത്രം മാത്രമെ ഉണ്ടായിരുന്നുള്ളൂ. ആ ചിത്രം ഭോലാറാമിന് വളരെ ഇഷ്ടപ്പെട്ടു. പ്രകൃതിരമണീയമായ ഒരു പൂന്തോട്ടത്തിന്റെ ചിത്രമായിരുന്നു അത് ഭോലാറാം ചിത്രകാരനോടു പറഞ്ഞു. "ഇത് പോലൊരു ചിത്രം അങ്ങെനിക്കു വരച്ചുതരണം പണം എത്ര വേണമെങ്കിലും തരാം. വിട്ടിനടുത്തായി അങ്ങേയ്ക്കൊരു സ്ഥലം ഒരുക്കാം" . ചിത്രകാരൻ വരാമെന്ന് സമ്മതിച്ചു. വളരെ സന്തോഷത്തോടെ ഭോലാറാമും രാമ ശാസ്ത്രിയും വീട്ടിലേക്കു മടങ്ങിച്ചെന്നു. എന്നാൽ വീട്ടിലെത്തിയപ്പോഴും ഭോലാറാമിന്റെ മനസിൽ നിന്ന് ആ ചിത്രം മാഞ്ഞുപോയിരിന്നില്ലായിരുന്നു.

കുറച്ചു ദിവസങ്ങൾക്കുശേഷം ചിത്രകാരൻ ഭോലാറാമിന്റെ അടുക്കൽ വരുകയും ചിത്രത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തിരുന്നു. ചിത്രകാരന് വേണ്ട ആവശ്യങ്ങൾ നിറവേറ്റാൻ രാമശാസ്ത്രിയും ചിത്രകാരനോടൊപ്പമുണ്ടായിരുന്നു. വളരെ ദിവസങ്ങൾക്കു ശേഷം ചിത്രകാരൻ ചിത്രം പൂർത്തിയാക്കി.

പറഞ്ഞതിലും ഇരട്ടിത്തുക നൽകി ഭോലാറാം ആ ചിത്രകാരനെ പറഞ്ഞയച്ചു.

ഒരു ദിവസം ഭോലാറാം ചിത്രം കാണാൻ വന്നു. അപ്പോൾ രാമശാസ്ത്രി ഭോലാറാമിന്റെ കൂടെ ഇല്ലായിരുന്നു. കുറച്ച് സമയം ഭോലാറാം ആ ചിത്രത്തിൽ തന്നെ ലയിച്ച് നിന്നു. ചിത്രത്തിന്റെ ഭംഗി ആസ്വദിക്കാനായി ഭോലാറാം പുറകിലോട്ട് പോയിക്കൊണ്ടിരുന്നു. പുറകിൽ ഒരു വലിയ ഗർത്തമുണ്ടായിരുന്നു. ഭോലാറാം ചിത്രത്തിന്റെ ഭംഗിയിൽ ലയിച്ചിരുന്നതിനാൽ പുറകിലെ ഗർത്തത്തെ കുറച്ചെന്ന് ഓർമ്മിച്ചില്ലായിരുന്നു. ആ സമയത്താണ് രാമശാസ്ത്രി അവിടേക്കു കടന്നു വന്നത്.

പെട്ടന്നു തന്നെ ആപത്തുമനസിലാക്കിയ രാമശാസ്ത്രി ഒരു കല്ലെടുത്ത് ആ ചിത്രത്തിലേക്ക് എറിഞ്ഞു. ഭാഗ്യവശാൽ ചിത്രത്തിൽ തന്നെ ഏറി കൊണ്ടു. കുപിതനായ ഭോലാറാം രാമശാസ്ത്രിയെ അടിക്കുകയും ജോലിയിൽ നിന്ന് പിരിച്ച് വിടുകയും ചെയ്തു. മൂകനായിരുന്ന രാമശാസ്ത്രിക്ക് തന്റെ സത്യാവസ്ഥ പറഞ്ഞു മനസിലാക്കാൻ കഴിഞ്ഞില്ല. വളരെ ദുഖത്തോടെ രാമശാസ്ത്രി അവിടെ നിന്ന് പോവുകയും ചെയ്തു.

മറ്റൊരു ദിവസം ഭോലാറാം വ്യാപാരാവശ്യത്തിനായി ഒരു വനത്തിലൂടെ പോവുകയായിരുന്നു. പെട്ടന്നുതന്നെ രണ്ടുകള്ളന്മാർ ഓടിവന്ന് ഭോലാറാമിനെ വളയുകയും കൈയിലുള്ളതെല്ലാം തരാൻ ആവശ്യപ്പെടുകയും ചെയ്തു. വേറെ നിവൃത്തിയില്ലാതിരുന്നതിനാൽ ഭോലാറാം തന്റെ കയ്യിലുണ്ടായിരുന്നതെല്ലാം കൊടുക്കുകയും ചെയ്തു. വളരെ നിരാശനായ അദ്ദേഹം ഒരു സത്രത്തിൽ കിടന്നുറങ്ങുകയും ചെയ്തു. തന്റെ മുദ്രമോതിരവും കള്ളൻമാർ കൊണ്ടുപോയതിനാൽ ഭോലാറാം വളരെയധികം ദുഖിച്ചു.

പിറ്റേന്നു രാവിലെ ഭോലാറാം എഴുന്നേറ്റപ്പോൾ ഒരു വൃദ്ധൻ സത്രത്തിലേക്കു കയറിവന്നു. എന്നിട്ട് കൈയിലെ കിഴിയെടുത്ത് ഭോലാറാമിന് കൊടുത്തുകൊണ്ടു പറഞ്ഞു നഷ്ടപ്പെട്ടതെല്ലാം ഉണ്ടോയെന്ന് പരിശോധിക്കുക എന്തെങ്കിലും കുറവുണ്ടെങ്കിൽ പറയുക നല്ല പരിചയ ശബ്ദം കേട്ടതിനാൽ ഭോലാറാം ഒരു നിമിഷം ആലോചിച്ചു. അതെ ഇത് രാമശാസ്ത്രി തന്നെ രാമശാസ്ത്രിയെ തിരിച്ചറിഞ്ഞ ഭോലാറാം അവനെ കെട്ടിപ്പിടിക്കുകയും വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു.

- ✔ ഗുണപാഠം - ഏതൊരു കാര്യം ചെയ്യുമ്പോഴും അഞ്ചുവട്ടമെങ്കിലും ആലോചിക്കണം.



**അധികവായനയ്ക്ക്** -ശരീരവും ജീവനും കുടുംബവും മറ്റൊരാൾക്ക് അധീനമാക്കപ്പെട്ട നിലയിൽ ജീവിതം നയിക്കേണ്ടി വരുന്ന അവസ്ഥയാണ് അടിമത്തം എന്നറിയപ്പെടുന്നത്. അടിമയ്ക്ക് ജാതിയില്ല, മതമില്ല, ബന്ധുക്കളില്ല. നിയമത്തിന്റെ കണ്ണിൽ അടിമ ഒരു വ്യക്തിയേ അല്ല. ഉടമകളുടെ ജൻമസ്വത്താണവർ. ഭൂസ്വത്തിന്റെ ഒരു ഭാഗമായി അവരെ ഗണിക്കുന്നില്ല. അവരെ ഇഷ്ടപ്പടി കൈമാറാം.

# കായാമ്പൂവർണ്ണൻ

**അനന്ദശ്രീ .എസ്. എൽ**



കായാമ്പൂവിലൊളിഞ്ഞാരോ ഒരു മായക്കുഞ്ഞിൻ
ചിരി വിടർത്തി ?
കാർമുകിൽ കുന്തലഴകിലാരേയിന്ന വാർമഴവില്ലിന്റെ
പീലി കുത്തി ?
ചിത്തിര രാവറിയാതാരേ വന്ന ചേണിലും
തൈർക്കലമുരുട്ടി ?
നല്ല മഞ്ഞപ്പട്ടുടയാട ചുറ്റി ?
കാലിൽ മുത്തുച്ചിലങ്കയും കെട്ടി
മേലേ മാനത്തിൽ നിന്നാരേ താനും തെളിനീരിൽ
നോക്കി ?
പാടും പുൽകുഴൽ നാദം കേട്ട്
ആടും നൃത്ത വിലോലനാരേകം ?




**അധികവായനയ്ക്ക്** -ഹൈന്ദവവിശ്വാസപ്രകാരം ത്രിമൂർത്തികളിൽ പ്രധാനിയും, മധ്യസ്ഥനുമായ സാക്ഷാൽ പരബ്രഹ്മനും ആദി നാരായണനുമായ മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ എട്ടാമത്തെ അവതാരം . ഭാഗവതപ്രകാരം കൃഷ്ണൻ (ദേവനാഗരി: कृष्ण) വിഷ്ണുവിന്റെ പൂർണ്ണാവതാരമായി കരുതപ്പെടുന്നു . വിഷ്ണുവിനെപ്പോലെ സർവ്വവ്യാപിയായും സർവ്വദേവതാമയനായും കൃഷ്ണൻ കരുതപ്പെടുന്നു.

# BELL

**T. K Ashok Kumar**

Bang bang bell rings!!
Some shy when bell sings!
Many cry when bell rings!
At birth and death bell rings !
Bang bang sound in high !
Hang and swing in a tower;
Warn everyone to get ready;
Ceremonies testify in high;
Bang bang bell warns all;
Hearing all become silent !
gets way ring the bell ;
Bell alerts men to work ;



Bang bang sound in low !
Bell makes perfection in pray ;
Men and Beast obey the sound !
Church bell rings to lit light.



**Additional reading** -A bell is a directly struck idiophone percussion instrument. Most bells have the shape of a hollow cup. Historically, bells have been associated with religious rites, and are still used to call communities together for religious services. The study of bells is called campanology.

# വിദ്യാഭ്യാസവും സ്വാഭാവ രൂപീകരണവും

**അനിൽകുമാർ സി.ആർ**



വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം ഒരു വ്യക്തിയുടെ ഗുണപരമായ സ്വഭാവ രൂപീകരണം ആണ് എന്നത് സംശയാതീതമായ ഒരു വസ്തുതയാണ്. ഈ പ്രസ്താവന അന്വർത്ഥമാക്കുന്നതാണ് ചുവടെ ചേർത്തിരിക്കുന്ന സ്വാമിവിവേകാനന്ദന്റെ വാക്കുകൾ. “We Must have life building, man making. Character making and assimilation of ideas. If you have assimilated fire good ideas and made them your life and character, you have more Education than any man who has got by heart a whole library” വിവേകാനന്ദ സ്വാമികളുടെ അർത്ഥവത്തായ അതിലുപരി ആശയഗംഭീരമായ ഈ ദർശനത്തിന്റെ അർത്ഥ വ്യാപ്തി ഇന്നത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളും അപഗ്രഥിച്ചറിയേണ്ടതുണ്ട്. ജീവിതത്തെയും സ്വഭാവത്തെയും ക്രമപ്പെടുത്തുന്ന സങ്കീർണ്ണ പ്രക്രീയയാണ് വിദ്യാഭ്യാസം. മനസ്സിനെ ശരിയായ ദിശയിൽ നയിച്ചുകൊണ്ട് അതിലൂടെ നല്ല സ്വഭാവത്തിന്റെയും ചിന്തയുടെയും ഉടമകളായിരിക്കുവാൻ വിദ്യാഭ്യാസം കൊണ്ട് നമുക്ക് കഴിയണം. കേവലം പാഠപുസ്തകങ്ങൾ ഹൃദിസ്ഥമാക്കുകയല്ല വിദ്യാഭ്യാസം. മഹത്തായ ആശയങ്ങൾ സ്വായത്തമാക്കിക്കൊണ്ട് സ്വഭാവശുദ്ധിയുള്ള വ്യക്തിത്വത്തിന്റെ ഉടമകളായിമാറാൻ നമുക്ക് കഴിഞ്ഞില്ല എങ്കിൽ നാം നേടിയവിദ്യാഭ്യാസം അതിന്റെ അടിസ്ഥാന ലക്ഷ്യം കാണാതെ പോയി എന്നർത്ഥം.ഭാരതീയ വിദ്യാഭ്യാസത്തിന്റെ ചരിത്രം എന്നും ശ്രേഷ്ഠമായി ലോകത്തിന്റെ മുന്നിൽ നിൽക്കുന്നത് ഗുരുവിൽ നിന്നും ശിഷ്യൻ നേടിയവിജ്ഞാനം എന്നതിലുപരി ആത്മ നിയന്ത്രണത്തിന്റെ പാഠം കൂടി ഉൾപ്പെടുന്നു എന്നതുകൊണ്ടാണ്. ഒരു വ്യക്തിയുടെ സാംസ്കാരികശുദ്ധീകരണത്തിന്റെ അടിത്തറ അയാളുടെ

ആത്മനിയന്ത്രണ ശക്തിയെ ആശ്രയിച്ചിരിക്കും.ഇതിനെയാണല്ലോ ഗുരുകുല സമ്പ്രദായത്തിൽ ബ്രഹ്മചര്യാശ്രമം എന്ന് പ്രതിപാദിച്ചിരിക്കുന്നത് വേദശാസ്ത്രികൾ പഠിക്കുന്നതോടൊപ്പം മഹത്തായ ആശയങ്ങളെ സ്വാംശീകരിച്ച കൊണ്ടുള്ള ഒരു ജീവിത ദർശനം കൂടെ നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഇന്നത്തെ പുതിയ തലമുറ എന്തുകൊണ്ടോ സാംസ്കാരിക ശുദ്ധീകരണവും മഹത് വചനങ്ങളുടെ സ്വാശീകരണവും അന്യം നിന്നു പോകുന്നു.കേവലം ഒരു തൊഴിലുടമയായിതീരുക എന്ന ലക്ഷ്യത്തിലേക്കു വിദ്യാർത്ഥിസമൂഹം നയിക്കപ്പെടുന്ന ഒരു അവസ്ഥയാണ് ഇന്ന് കാണുവാൻ കഴിയുന്നത്. അതുകൊണ്ടു തന്നെ യാന്ത്രികമായി ബിരുദങ്ങൾ വാരിക്കൂട്ടുന്നതിനപ്പുറം ഭൂരിഭാഗം വിദ്യാർത്ഥികളിലും നല്ല വിശ്വാസവും നല്ല ദർശനങ്ങളും നല്ല ചിന്തയും നല്ല ആദർശങ്ങളും സമന്വയിക്കപ്പെടുന്നില്ല. അവനവനിൽ നിക്ഷിപ്തമായിരിക്കുന്നു. സാങ്കുചിതമായ ചിന്താ ലോകത്തിനുള്ളിൽ സ്വാർത്ഥചിന്തകളുടെ പിടിയിൽപെട്ട് അന്ധരായി കഴിയുന്ന ഒരുപുതിയ തലമുറ കൂടെ സൃഷ്ടിക്കപ്പെടുന്നു.ഇത്തരം പൗരന്മാരിൽ കുടുംബത്തിനോടോ സമൂഹത്തിനോടോ ദേശത്തിനോടൊ ഉണ്ടാകേണ്ട ധാർമിക ബോധം പോലും നഷ്ടപ്പെട്ടിരിക്കുന്നതായി കാണാം. ശാസ്ത്രാദി വസ്തുതകളോടൊപ്പം പുതിയ തലമുറയെ തത്വജ്ഞാനാധിഷ്ഠിതമായ ആത്മീയവിദ്യാഭ്യാസ പ്രക്രിയകളുടെ പരിശീലിപ്പിക്കേണ്ടതുണ്ട് എന്നതിലേയ്ക്കാണ് മേൽപറഞ്ഞ അപചയം വിരൽ ചൂണ്ടുന്നത്. മനുഷ്യൻ, മുനി,ഋഷി,മഹർഷി,സന്യാസി, ദൈവം എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളിലേക്ക് ഒരു വിദ്യാർത്ഥിയെ പരിശീലിപ്പിച്ച് ആനയിക്കുക എന്ന മഹത്തായ വിദ്യാഭ്യാസ പ്രക്രിയയായിരുന്നു വേദശാസ്ത്ര ഇതിഹാസ ഉപനിക്ഷത്ത് പുരാണാദിപഠനം ഇതിനോടൊപ്പം ഭാരതീയ ഗുരുകുല സമ്പ്രദായത്തിൽ ഉണ്ടായിരുന്നത്. ആത്മശുദ്ധീകരണത്തിന്റെ മാർഗ്ഗമായിരുന്നു അന്നത്തെ വിദ്യാഭ്യാസസരണി. അത്യന്താധുനികതയുടെ പിടിയിലമർന്നു നിൽക്കുന്ന ഇന്നത്തെ വിദ്യാഭ്യാസം ഈ ലക്ഷ്യം കൈവരിക്കുന്നുണ്ടോ? ചിന്തിക്കുക.

**അധികവായനക്ക്** -അധ്യാപനവും അദ്ധ്യയനവും ചേരുന്നതാണ് വിദ്യാഭ്യാസം. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം പകർന്നു നൽകപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 3

## മുളങ്കുമ്പ്



| | | |
|---|---|---|
| **ശാസ്ത്രീയ നാമം** | : | ബാംബൂസാ അരുണ്ഡിനാസിയ |
| **ഗുണമേന്മ** | : | കഫപിത്ത രോഗങ്ങൾ ശമിപ്പിക്കുന്നു. ശരീരബലം ഉണ്ടാക്കുന്നു. മാംസ പേശിയിലും ശ്വാസകോശത്തി ലുമുണ്ടാകുന്ന ചുരുങ്ങി വലിവിനെ ഇല്ലാതാക്കുന്നു. മുളയുടെ തളിരു ശാഖ അരച്ചിട്ടാലും, ഉണക്കിപൊടിച്ച് വിതറിയാലും വ്രണം ശുദ്ധമാക്കും എളുപ്പം ഉണങ്ങുകയും ചെയ്യും. മുളങ്കുമ്പ്, കരിഞ്ചീരകം, കൊട്ടത്തേങ്ങ ഇവ സമമെടുത്തു കഷായം വച്ച് സേവിച്ചാൽ അർശസ്സ് ശമിക്കും. |

### മുളങ്കുമ്പ് സൂപ്പ്

**ചേരുവ**

| | | |
|---|---|---|
| മുളങ്കുമ്പ് | - | അര കപ്പ് (2 അടി നീളമുള്ള കുമ്പ് ഒടിച്ചെടുത്തത് പുറത്തെ പോളകൾ നീക്കി 1 ഇഞ്ച് നീളത്തിൽ അരിഞ്ഞെടുക്കുക.) |
| അച്ചിങ്ങാ പയർ | - | 4 എണ്ണം |
| പച്ചമുളക് | - | 4 എണ്ണം |
| സവാള അരിഞ്ഞത് | - | കാൽ കപ്പ് |

| | | |
|---|---|---|
| വെള്ളം | - | ഒരു ലിറ്റർ |
| കുരുമുളകുപൊടി | - | 2 ടീസ്പൂൺ |
| ഉപ്പ് | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

2 അടി നീളമുള്ള കുമ്പ് ഒടിച്ചെടുത്തത്പുറത്തെ പോളകൾ നീക്കി 1 ഇഞ്ച് നീളത്തിൽ അരിഞ്ഞെടുക്കുക. ഇത് രണ്ട് പ്രാവശ്യം തിളപ്പിച്ച് വെള്ളം ഊറ്റിക്കളയുക. തുടർന്ന് ചെറുതായി ചതച്ചതിനശേഷം ഒന്നു മുതൽ നാലുവരെയുള്ള ചേരുവകൾ ഒരു ലിറ്റർ വെള്ളത്തിലിട്ട് 5 മിനിറ്റ് തിളപ്പിച്ചുവാങ്ങാം. അരിപ്പയിൽ ഒഴിച്ച് അരിച്ചെടുത്ത് ഇതിലേക്ക് ആവശ്യാനുസരണം ഉപ്പും, കുരുമുളകുപൊടിയും തുവി ചൂടോടെ സൂപ്പ് ഉപയോഗിക്കാം.

## മുള്ളുമ്പ് തോരൻ

**ചേരുവ**

| | | |
|---|---|---|
| മുള്ളുമ്പ് | - | 2 കപ്പ് (ചെറുതായി കൊത്തിയരിഞ്ഞ് വെള്ളത്തിൽ തിളപ്പിച്ചൂറ്റി എടുത്തത്) |
| കാന്താരി മുളക് | - | 10 എണ്ണം |
| തേങ്ങ ചിരവിയത് | - | 1 കപ്പ് |
| മഞ്ഞൾപ്പൊടി | - | അര ടീസ്പൂൺ |
| ചെറിയ ഉള്ളി | - | 5 എണ്ണം |
| കറിവേപ്പില | - | 2 തണ്ട് |
| ജീരകം | - | ഒരു നുള്ള് |
| ഉപ്പ് | - | ആവശ്യത്തിന് |
| കടുക്, ഉഴുന്ന് പരിപ്പ് | - | 1 ടീസ്പൂൺ |

**തയ്യാറാക്കുന്ന വിധം**

ചീനച്ചട്ടി അടുപ്പിൽ വെച്ച് ചൂടാകുമ്പോൾ കടുകിട്ട് പൊട്ടിക്കുക. അതിലേക്ക് ഉഴുന്നുപരിപ്പ് ചേർത്ത് ചുവന്ന നിറമാകുമ്പോൾ കറിവേപ്പിലയുടെ ഒരു തണ്ടും ചേർക്കുക. അതിലേക്ക് മുള്ളുമ്പ് കൊത്തിയരിഞ്ഞതും ഉപ്പും ചേർത്തിളക്കി അടച്ചുവെച്ച് ചെറുതീയിൽ അഞ്ച് മിനിറ്റ് വേവിക്കുക. തേങ്ങ ചിരവിയത്, മഞ്ഞൾപ്പൊടി, ചെറിയ ഉള്ളി, കറിവേപ്പില, ജീരകം എന്നിവ ഒതുക്കിയെടുത്ത് മുള്ളുമ്പിലേക്ക് ചേർത്ത്

ഇളക്കി വീണ്ടും അഞ്ചുമിനിറ്റ് കൂടി വേവിച്ച് ഇളക്കി ചൂടോടെ ഉപയോഗിക്കാം.

## മുളങ്കൂമ്പ് അച്ചാർ

**ചേരുവ**

| | | |
|---|---|---|
| മുളങ്കൂമ്പ് അരിഞ്ഞത് | - | 2 കപ്പ് (2 അടി നീളമുള്ള കൂമ്പ് ഒടിച്ചെടുത്ത് പുറത്തെ പോളകൾ നീക്കി അച്ചാറിനു പാകത്തിന് ചെറിയ കഷ്ണങ്ങളാക്കി മുറിച്ചെടുത്ത് വെള്ളത്തിലിട്ട് തിളപ്പിച്ച് ഊറ്റിയെടുക്കുക) |
| നല്ലെണ്ണ | - | 50 മില്ലില ലിറ്റർ |
| അച്ചാറുപൊടി | - | 10 ടീസ്പൂൺ |
| വെളുത്തുള്ളി | - | 25 അല്ലി |
| ഇഞ്ചി അരിഞ്ഞത് | - | 2 ടീസ്പൂൺ |
| കടുക് | - | 1 ടീസ്പൂൺ |
| ഉപ്പ് | - | ആവശ്യത്തിന് |
| കായപ്പൊടി | - | 1 ടീസ്പൂൺ |
| വിനാഗിരി | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

വെള്ളത്തിലിട്ട് തിളപ്പിച്ച് ഊറ്റിവെച്ച മുളങ്കൂമ്പിൽ കഷ്ണങ്ങൾ എണ്ണയിൽ നല്ലതുപോലെ വഴറ്റി മാറ്റിവയ്ക്കുക. അടി കട്ടിയുള്ള ഒരു ചീനച്ചട്ടിയിൽ എണ്ണയൊഴിച്ച് കടുകിട്ടുപൊട്ടുമ്പോൾ വെളുത്തുള്ളിയും, ഇഞ്ചിയും, കറിവേപ്പിലയും ഇട്ട് മൂപ്പിച്ചെടുക്കുക. അതിലേക്ക് അച്ചാറുപൊടിയിട്ടിളക്കി വഴറ്റി വച്ചിരിക്കുന്ന മുളങ്കൂമ്പും പിന്നെ കായവും വിനാഗിരിയും ക്രമമായി ചേർത്തിളക്കി തണുത്തതിനുശേഷം ഉപയോഗിക്കാം.

# സ്കൂൾ സൗകര്യങ്ങൾ


ലൈബ്രറി


സ്കൂൾ സ്റ്റേഡിയം


സ്കൂൾ ബസ്


ആഡിറ്റോറിയം


സ്മാർട്ട് ക്ലാസ്സ്റൂം


ക്യാന്റീൻ


കെമിസ്ട്രി ലാബ്


ഫിസിക്സ് ലാബ്


ബോട്ടണി ലാബ്



സുവോളജി ലാബ്


കമ്പ്യൂട്ടർ ലാബ്

# സൗഹൃദം

**അജിത്ത് ലാൽ (9D)**

കൂരിരുട്ടിൽ വെളിച്ചം പകരുന്ന
ദീപനാളം ഒരു നല്ല സൗഹൃദം
പിടയുന്ന ഹൃത്തിൽ ജീവൻ പകരുന്ന
സ്പന്ദതാളം ഒരു നല്ല സൗഹൃദം
സൂര്യരശ്മിപോലെ ഉജ്ജ്വലം സൗഹൃദം
തളരുന്ന മനസിന്നൗഷധം സൗഹൃദം
സ്വാർത്ഥത ചുറ്റപിണയും മനസ്സിലെ
ചങ്ങല പൊട്ടിച്ചെറിയുന്ന സൗഹൃദം
മത്സരബുദ്ധിയൊഴുകം സിരകളിൽ
പരിശുദ്ധമൊരു നല്ല സൗഹൃദം
ഭീരുത്വമാകുന്ന നിലവറയിൽ നിന്നും
ധൈര്യത്തിൻ വാതിൽ തുറക്കുന്ന
സൗഹൃദം
അനർത്ഥമാം ചിന്തയെ ചാമ്പലാക്കി നറു
ജീവിത സത്യത്തിൻ തിരികൊളുത്തി
വറ്റി വരണ്ടൊരീ ഹൃദയങ്ങളിൽ പുതു
മാനവമൂല്യത്തിൻ വിത്തു പാകി
ചിലനേരം ഒരു ചെറു ശാസനയായ്
എന്നിലും നിന്നിലും ഏവരിലും
സൗഹൃദ പൂ വിടർന്നിടട്ടെ.





**അധികവായനയ്ക്ക്** -നല്ല സൗഹൃദബന്ധങ്ങൾ ജീവിതത്തിൽ സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു. കൊച്ചുകുട്ടികളിൽ നിന്ന് തുടങ്ങി വാർദ്ധക്യത്തിലെത്തി നിൽക്കുന്നവർക്ക് വരെ സുഹൃദ്ബന്ധങ്ങൾ ഒഴിച്ചു കൂടാനാവാത്തത് അതു കൊണ്ടാണ്. ചെറിയ പുഞ്ചിരിയിൽ നിന്ന് തുടങ്ങുന്ന ബന്ധങ്ങൾ ചിലരിലെങ്കിലും ഒരിക്കലും വേർപ്പെടുത്താനാവാത്ത വിധം ദൃഢമൂലമാവാറുണ്ട്.


# ശരിയായ ആൾ

**ദർഷൻ (7C)**



ഒരിക്കൽ രവിപുരത്ത് വെള്ളത്തിന് കടുത്ത ക്ഷാമമായി. വിവരമറിഞ്ഞ ദേവസേന രാജാവ് അവിടെ ഒരു കിണർ കുഴിക്കാനുള്ള കല്പനകൊടുത്തു. കിണർ പണിപൂർത്തിയായി. രാജാവ് കിണർ കാണാനെത്തി. കിണറുകണ്ട രാജാവ് ദേഷ്യം കൊണ്ടു വിറഞ്ഞുതുള്ളി "ആരാണ് ഈ കിണർ പണിയാനുള്ള ചുമതലയേറ്റത്?" ഉടൻ തന്നെ മന്ത്രിപറഞ്ഞു "രാജാവേ,ഞാനല്ല സേനാനായകനാ" ഇതുകേട്ട സേനാനായകൻ പറഞ്ഞു "ഞാനല്ല തിരുമേനീ ഈ ഗ്രാമത്തലവനാ". കിണറുപണിഞ്ഞ ചുമതല തന്റെ നേരെ വരുന്ന എന്ന് ഗ്രാമത്തലവൻ കേട്ടപ്പോൾ ഗ്രാമത്തലവനും പറഞ്ഞു "ഞാനല്ല, തിരുമനസ്സേ ഈ കൃത്യം ചെയ്തത് കിണറുപണിക്കാരൻ ശംഭുവാ". ഇതു കേട്ട വിറച്ചുകൊണ്ട് ശംഭുപറഞ്ഞു "ഈ കിണർ പണിയാൻ ചുമതലയേറ്റത് എന്റെ മകൻ അപ്പുവാ." അതിനാൽ എന്നെ ഒന്നും ചെയ്യല്ലെ....."ഉടൻ അപ്പുപറഞ്ഞു "അതെ രാജൻ ഞാൻ തന്നെയാണ് ഈ കിണറു പണിക്ക് ചുമതലയേറ്റത്. എന്തെങ്കിലും കുറവു പറ്റിയിട്ടുണ്ടെങ്കിൽ മാപ്പാക്കണം" ഉടനെ പൊട്ടിച്ചിരിച്ചു കൊണ്ട് രാജാവ് പറഞ്ഞു "കൊള്ളാം നിന്റെ ധൈര്യവും പിന്നെ ഈ കിണറും. ശരിയായ ആളെ കണ്ടെത്താനാണ് ഞാൻ ദേഷ്യപ്പെട്ടത്"

ഇത്രയും പറഞ്ഞ് രാജാവ് അപ്പുവിന് ഒരു പണക്കിഴിസമ്മാനിക്കുകയും കൊട്ടാരത്തിൽ ഒരു ജോലി വാഗ്ദാനം ചെയ്യുകയും ചെയ്തു.




**അധികവായനയ്ക്ക്** -കിണർ കൂടുതലും വൃത്താകൃതിയിലാണ് കാണപ്പെടുന്നത്. കാരണം ഏറ്റവും കുറഞ്ഞ ചുറ്റളവിൽ ഏറ്റവും കൂടിയ ഉപരിതല വിസ്തീർണ്ണം വൃത്തരൂപത്തിന്റെ പ്രത്യേകതയാണ്. അതിനാൽ കിണർ വൃത്താകൃതിയിൽ കുഴിക്കുന്നത്. ഇങ്ങനെ വൃത്താകൃതിയിൽ കുഴിക്കുന്നതിനാൽ മുകളിൽ നിന്നും താഴേക്കുള്ള മർദ്ദം എല്ലാ വശങ്ങളിലേക്കും ഒരുപോലെ വ്യാപിക്കുകയും കിണർ ഇടിയുന്നത് ഒരു പരിധിവരെ തടയുകയും ചെയ്യുന്നു.

# മരിച്ചവരുടെ കുന്ന്



ഈജിപ്ത്, മെസൊപ്പൊട്ടേമിയ, ക്രീറ്റ് എന്നിവിടങ്ങളോടൊപ്പം ലോകം കൊണ്ടാടുന്ന സിന്ധുനദീതട മാഹസംസ്കാരത്തിന്റെ ഭാഗമായ ഈ നഗരത്തിന്റെ യഥാർത്ഥ പേര് ഇന്നും അജ്ഞാതമാണ്. അവിടെ നിന്നും ഖനനം ചെയ്തെടുത്ത സീലുകളിലെ ആലേഖനങ്ങളുടെ കുരുക്കഴിക്കാൻ ഇപ്പോഴും നമുക്ക് ആയിട്ടുമില്ല. ആയിരക്കണക്കിന് വർഷം വിസ്മൃതിയിലാണ്ട് മണ്ണിൽ പൂണ്ട് കിടന്ന ആ നഗരാവശിഷ്ടങ്ങളുടെ പൊട്ടും പൊടിയും പിന്നീട് അവിടം വസിച്ച ഗ്രാമീണർ ശ്രദ്ധിച്ചിരുന്നു. ഭയത്തോടെ അവർ ആ ഉയർന്ന മൺ തിട്ട് പ്രദേശത്തെ വിളിച്ച പേരാണ് മോഹൻജൊ ദാരോ. സിന്ധ് ഭാഷയിൽ "മോഅൻ" അല്ലെങ്കിൽ "മോയെൻ" എന്ന പദത്തിന്റെ അർത്ഥം "മരിച്ചവർ" എന്നും 'ദാരോ' എന്നാൽ കുന്ന് എന്നുമാണ്. മരിച്ചവരുടെ കുന്നാണ് 'മോഹൻജൊ ദാരോ' . 4600 വർഷം മുമ്പ് മനുഷ്യ സംസ്കാരം വളർന്ന് പൂവിട്ടയിടം പിന്നീട് ബി,സി.1900 ൽ നശിച്ച് മണ്ണ് മൂടി ലോക ശ്രദ്ധയിൽ നിന്നും അപ്രത്യക്ഷമായി. 1826 ൽ ചാൾസ് മാസൺ എന്ന ബ്രിട്ടീഷ് സഞ്ചാരിയാണ് കൂട്ടമായി കിടക്കുന്ന ഇഷ്ടികകൾ ശ്രദ്ധിച്ചത്. പഴയ കോട്ടകളുടെ ഭാഗമായിരിക്കും എന്ന കരുതി അദ്ദേഹം അത് അവഗണിച്ചു. 1856 ലാഹോർ- മുൾത്താൻ റെയിൽ പാത നിർമ്മിക്കുന്നതിനിടയിൽ ഹാരപ്പയിൽ ബ്രിട്ടീഷ് എഞ്ജിനിയർമാർ ഈ ഉറപ്പുള്ള ഇഷ്ടികകൾ കണ്ടു. തൊഴിലാളികളെ കൊണ്ട് പതിനായിരക്കണക്കിന് ഇഷ്ടികകൾ ഇളക്കി എടുപ്പിച്ച് പാളത്തിനടിയിൽ ഇട്ടുകൂട്ടി. മാനവ സംസ്കാര വികാസത്തെക്കുറിച്ച് ലോകജനതയ്ക്ക് മുഴുവൻ നൂറായിരം പുതിയ അറിവുകൾ പകർന്ന തരുമായിരുന്ന ആ നഗരാവശിഷ്ടങ്ങൾക്ക് മുകളിലൂടെ തീവണ്ടികൾ ഓടി. എത്രയോ വിലപ്പെട്ട തെളിവുകളാണ് അബദ്ധത്തിൽ അന്ന് നഷ്ടമായത്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥനായിരുന്ന രാഖേൽദാസ് ബന്ദോപാദ്ധ്യയാണ് 1922 ൽ മോഹൻജൊ ദാരോ കണ്ടെത്തിയത്. ഇന്ത്യൻ സ്വാതന്ത്ര്യത്തോടെ നടന്ന വിഭജനത്തിൽ ഹാരപ്പയും മോഹൻജൊ ദാരോയും പാക്കിസ്ഥാന്റെ അധീന പ്രദേശത്തായി.

എന്നെങ്കിലും സിന്ധു നദീ തട സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്ന ആ അത്ഭുത ഭൂമി നടന്ന് കാണുകയെന്നത് എന്റെ വലിയ ആശയായിരുന്നു. 4600 വർഷം മുമ്പ്- ചാഞ്ഞ് വെയിൽ പതിയുന്ന ഒരു സന്ധ്യയിൽ ആ നഗര വഴികളിലൂടെ സൈന്ധവർക്കൊപ്പം ഞാൻ നടന്നു നീങ്ങുന്ന ഒരു ഭ്രാന്തൻ സ്വപ്നം ഇടക്കൊക്കെ കാണും. ഒരിക്കലും മോഹൻജൊ ദാരോ യിൽ ഞാൻ എത്തില്ല എന്ന സങ്കടത്തിലാഴ്ന്ന നേരത്താണ് ലോഥലിനെയും ധോളാവീരയേയും കുറിച്ച് കേൾക്കുന്നത്. ഗുജറാത്തിലെ അഹമ്മദാബാദ് ജില്ലയിൽ സരഗ്വാല ഗ്രാമത്തിനടുത്താണ് ലോഥൽ എന്ന ഇന്ത്യൻ 'മോഹൻജൊ ദാരോ' – ഗുജറാത്തി ഭാഷയിൽ 'ലോഥ് – തൽ' എന്ന വാക്കിന്റെ അർത്ഥം 'മരിച്ചവരുടെ കുന്ന്' എന്നു തന്നെയാണ്. 1954 ൽ



എസ്.ആർ.റാവുവിന്റെ നേതൃത്വത്തിൽ നടന്ന അന്വേഷണങ്ങളാണ് സൗരാഷ്ട്രൻ മുനമ്പിൽ സബർമതി നദിയുടെ വറ്റിയ കൈവഴികളുടെ കരയിലെ മണ്ണറഞ്ഞുകിടന്ന പട്ടണം ലോകത്തിന് കാട്ടിക്കൊടുത്തത്. 400 മീറ്റർ നീളവും 300 മീറ്റർ വീതിയിലുമുള്ള ഈ കേന്ദ്രത്തിനു ചുറ്റും വെള്ളപ്പൊക്കം തടയായാനായി 13 മീറ്റർ കനത്തിലുള്ള മൺകട്ടകൾ കൊണ്ടു പണിത മതിൽ ഉണ്ടായിരുന്നു. മോഹൻജൊ ദാരോ, ഹാരപ്പ, കാലിബംഗാൻ തുടങ്ങിയവയുടെ അതേ രീതിയിൽ സംവിധാനപ്പെടുത്തിയ ജനപദമായിരുന്നു ഇവിടവും. ക്രമത്തിൽ നിരനിരയായുള്ള കെട്ടിടങ്ങളും ഇടയിലൂടെയുള്ള നീളൻ പാതകളും, അവയ്ക്ക് വിലങ്ങനെയുള്ള നിരവധി ക്രോസ് റോഡുകളും ഉള്ള അത്ഭുതകരമായ നഗരാസൂത്രണം. ശുദ്ധ ജലത്തിനുള്ള കിണറുകൾ,

ശൗചാലയങ്ങൾ, അഴുക്കു ചാലുകൾ എന്നിവയുടെ സാന്നിദ്ധ്യം. കോട്ട, കച്ചവടകേന്ദ്രങ്ങൾ, താമസ സ്ഥലങ്ങൾ, എന്നിങ്ങനെ വിവിധ ബ്ളോക്കുകളായുള്ള തരം തിരിക്കുന്ന രീതിയും ഒക്കെ ഇവയുടെ പ്രത്യേകതയാണ്.

ബി.സി.2500 മുതൽ ബി. സി. 1300 വരെയായിരുന്നു ലോഥലിന്റെ സുവർണ്ണ കാലം. ലോകത്ത് ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും പഴക്കമുള്ള ഡക്ക് ഇവിടെ ആണുള്ളത്. ജലയാനങ്ങൾക്ക് തമ്പടിക്കാനും, ചരക്കുകൾ കയറ്റി ഇറക്കാനും സൗകര്യമുള്ള ഇടം. നാലു ഭാഗവും ഭംഗിയായി ചുട്ട ഇഷ്ടികകൾ കെട്ടി ബലപ്പെടുത്തി 218 മീറ്റർ നീളവും 37 മീറ്റർ വീതിയുമുള്ള കൃത്യമായ ചതുരവടിവിൽ പണിത ഡൊക്ക്. വെള്ളം പുറത്തേക്ക് ഒഴുക്കികളയാനും പിടിച്ച് നിർത്താനും ഉള്ള സംവിധാനങ്ങൾ അവർക്ക് ഉണ്ടായിരുന്നു.. ആ കാലത്തെ വികസിത സംസ്കാരങ്ങളായ ഈജിപ്തിൽ നിന്നും മെസപ്പൊട്ടോമിയയിൽ നിന്നും കപ്പലുകൾ വേലിയേറ്റ സമയങ്ങളിൽ സബർമതിയുടെ കൈവഴിയിലൂടെ പ്രത്യേക ചലുകൾ കടന്ന് ഈ ഡൊക്കിലെത്തി കാത്തുകിടന്നു. അരികിലായി നാലു മീറ്റർ ഉയരത്തിൽ ഇഷ്ടികകൊണ്ട് പണിത പോഡിയം . 64 ബ്ലോക്കുകളുള്ള നീളൻ പാണ്ടികശാല. അതിനും വടക്കായി ഉയർന്ന തലത്തിൽ നഗരാധിപന് സർവ്വവും നിരീക്ഷിക്കാനാകും വിധമുള്ള താമസസ്ഥലം, തുടർന്ന് കീഴ്പട്ടണം- ആഭരണ നിർമ്മാണ ശാലകൾ- ദൂരെയായി ശ്മശാനം. ലോകത്തിലെ ആഭരണങ്ങളുടെ കുത്തക നിർമ്മാണവും വിൽപ്പനയും ആയിരുന്നു ഇവിടത്തെ പ്രധാന പ്രത്യേകത. ചുട്ടെടുത്ത കളിമണ്ണ്കൊണ്ടും, വിലപിടിപ്പുള്ള തിളക്കക്കല്ലുകളാലും, കല്ലുകൾ കോർത്തും ആഭരണങ്ങൾ പണിയാൻ ഇവർ സമർത്ഥരായിരുന്നു. ലോഥലിലെ മ്യൂസിയത്തിൽ ഇവിടെ നിന്നും കണ്ടെടുത്ത ബീഡുകളുടെ ശേഖരം പ്രദർശനത്തിന് വെച്ചിട്ടുണ്ട്. സ്ഫടിക ജാറിൽ ഒരു മില്ലീമീറ്ററിലും വലിപ്പം കുറഞ്ഞ മണൽത്തരികളെപ്പോലുള്ള കുഞ്ഞ് കല്ലുകൾ. മാലകോർക്കാനായി ഈ ബീഡുകളുടെ മദ്ധ്യത്തിൽ അതിസൂക്ഷ്മമായ ദ്വാരമുണ്ട്. അത് കാണാൻ ലെൻസുകളും ഒരുക്കിവെച്ചിട്ടുണ്ട്. വെറും കണ്ണ്കൊണ്ട്കാണാനകാതത്ര ചെറുതായ സൂക്ഷ്മദ്വാരങ്ങൾ! അവ 4600 വർഷം മുമ്പ് പണിയാൻ സഹായിച്ച ഉപകരണവിദ്യയെക്കുറിച്ച് നാം അമ്പരന്നുപോകും.

ചുട്ടെടുത്ത കളിമണ്ണിൽ പണിത കളിവണ്ടികൾ, മറ്റ് വിവിധ തരം കളിപ്പാട്ടങ്ങൾ എന്നിവയും ഇവരുടെ സ്പെഷാലിറ്റി ആയിരുന്നു. കുട്ടികൾക്ക് ഇത്രയധികം കളിപ്പാട്ടങ്ങൾ നൽകിയിരുന്ന ഇവരുടെ സാമൂഹ്യസന്ദര്യം നമ്മെ അമ്പരപ്പിക്കും. മുതിർന്നവർക്ക് വിനോദവേളകൾക്കായി പകിടകളും കളങ്ങളും പണിതിരുന്നു. കൂടാതെ കൊമ്പിലും ചെമ്പിലും നിരവധി വസ്തുക്കൾ ഇവർ ഉണ്ടാക്കും. നിറം പിടിപ്പിച്ച് മനോഹരമാക്കിയ പരുത്തിവസ്ത്രങ്ങളും ഇവർ വിൽപ്പനയ്ക്ക് വെച്ചിരുന്നു. തുക്കക്കല്ലുകളും അളവു പാത്രങ്ങളും കൂടാതെ ഒന്ന് ദശാംശം ഏഴ് മില്ലീമീറ്റർ അകലത്തിലുള്ള അടയാളങ്ങൾ മാർക്ക്ചെയ്ത, ആനക്കൊമ്പിൽ പണിത സ്കെയിലും ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. ഏറ്റവും മികച്ച കരകൗശലക്കാരുടെ ആഭരണ ഫാക്ടറികൾ

ആവശ്യക്കാർക്ക് മുഴുവൻ വേണ്ട സാധാനങ്ങൾ നൽകാനായി സദാസമയവും പ്രവർത്തിച്ചുകൊണ്ടിരുന്നു..

ടെറാകോട്ടയിൽ പണിത ആഫ്രിക്കൻ ഗൊറില്ലയുടേയും ഈജിപ്ഷ്യൻ മമ്മിയുടെയും താടിക്കരന്റെയും രൂപങ്ങൾ ഇവിടെ നിന്ന് കിട്ടീട്ടുണ്ട്. ഇവർക്ക് ഇവയൊക്കെ പരിചയമുണ്ടെങ്കിൽ ഇവരും ദൂരദേശങ്ങളിലേക്ക് സഞ്ചാരം നടത്തീട്ടുണ്ടാകാം. അല്ലെങ്കിൽ കച്ചവടക്കാർ കൗതുകത്തിനായി ഗൊറില്ലകളെ ഇങ്ങോട്ട് കൊണ്ടുവന്നിരിക്കാം.. പൂഞ്ഞയുള്ളതും ഇല്ലാത്തതുമായ കാളകൾ, പട്ടികൾ, കരടി, കടുവ ഒറ്റക്കൊമ്പൻ കുതിര എന്നിവയെ കൂടാതെ  കാണ്ടാമൃഗത്തിന്റെ രൂപവും കൂടി ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. കണ്ടാമൃഗത്തിന്റെ ശരീരമടക്കുകൾ പോലും വ്യക്തമാകും തരത്തിൽ  തൊട്ടടുത്ത് നിന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാണ് അവ ഉണ്ടാക്കിയത്. ഇന്ന് അസമിൽ മാത്രം കാണുന്ന ഇത്തരം കാണ്ടാമൃഗങ്ങൾ ഹാരപ്പൻ കാലത്ത് ലോഥലിനു ചുറ്റുമുള്ള ചതുപ്പുകളിൽ അലഞ്ഞ്മേഞ്ഞിരിക്കാം.

നട്ടുച്ചയിലാണ് ലോഥലിൽ ഞാൻ എത്തിയത്. വെയിലിന്റെ ചൂട് അറിഞ്ഞില്ല. ആ മഹാനഗരിയുടെ മണ്ണിൽ ചവിട്ടിയപ്പോൾ ശരീരം ഉളുത്തുകയറി. നൂറ്റാണ്ടുകൾ മുമ്പ് ഈജിപ്തിൽ നിന്നും സുമേറിയയിൽ നിന്നുമൊക്കെ കച്ചവടത്തിനെത്തിയ യാനപാത്രങ്ങളിലെ ആരവം ഞാൻ കേൾക്കുന്നു.. ആക്രോശങ്ങളും പൊരുതലുകളുമില്ലാത്ത കാലാകാർന്മാരുടെ സൗമ്യജീവിതം. കീഴ്പട്ടണത്തിൽ സംഗീതത്തിന്റെ അലകൾ. മുക്കുത്തിയും കമ്മലും വളകളും മാലകളും അണിഞ്ഞ് തെരുവുകളിൽ പലരും ചിരിച്ച്കാണിച്ച് സന്തോഷത്തോടെ എന്നെ കടന്നുപോകുന്നു. ചില ഗൃഹങ്ങളിൽ നിന്നും നൃത്ത ചുവടുകളുടെ താളം കേൾക്കാം. ആഭരണ ഫാക്ടറികളിൽ കല്ലുകൾ മിനുസപ്പെടുത്തുന്നതിന്റെ സീൽക്കാരങ്ങൾ. ഉലകളിൽ തീച്ചൂട്.  ചൂളകളിൽ നിന്നുയരുന്ന പുകച്ചുരുളുകൾ.  ഉച്ചവെയിൽ ചൂട് ഞാനറിയുന്നുണ്ടായിരുന്നില്ല. വിശാലമായ ഡൊക്കിൽ നിന്നുമടിക്കുന്ന  കാറ്റിന്റെ കുളിർമയിൽ ഞാൻ എത്രയോ കാലമായി കാത്തിരുന്ന എന്റെ മോഹൻജൊ ദാരോയെ അറിഞ്ഞു.



**അധികവായനയ്ക്ക്** -മോഹൻജൊ-ദാരോ സിന്ധൂ നദീതട നാഗരികതയിലെ ഏറ്റവും വലിയ നഗര-വാസസ്ഥലങ്ങളിൽ ഒന്നായിരുന്നു. പാകിസ്ഥാനിലെ സിന്ധ് പ്രവിശ്യയിലാണ് മോഹൻജൊ-ദാരോ. ഉദ്ദേശം ക്രി.മു. 2600-ൽ നിർമ്മിച്ച ഈ നഗരം ലോകത്തിലെ ആദ്യകാല നഗര-വാസസ്ഥലങ്ങളിൽ ഒന്നായിരുന്നു. പുരാതന ഈജിപ്ത്, മെസൊപ്പൊട്ടേമിയ, ക്രീറ്റ് എന്നിവിടങ്ങളിലെ നാഗരികതകൾക്ക് സമകാലീനമായിരുന്ന മോഹൻജൊ-ദാരോ. ഈ നഗരത്തിന്റെ പൗരാണികഅവശിഷ്ടങ്ങളെ യുനെസ്കോ ലോകപൈതൃകകേന്ദ്രങ്ങളുടെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

# നിലാമഴ

**ആൽബി.രാജ് (9D)**



നിലാവുള്ള രാത്രിയിൽ
നിറ രാത്രിയെ നോക്കി ഞാൻ നിന്നു,
നിറ സ്വപ്നവുമായി കാത്തിരിപ്പൂ.
നിറയായ് പെയ്യുന്ന നിറമേഘമേ നീ
നിലാവിന്റെ നീർ തുള്ളിയായില്ലയോ
ആയിരം സ്വപ്നങ്ങൾ ചാലിച്ച മനസ്സിൽ
ദുഃഖത്തിൻ തളിരുകളോ നീ തലോടി.
ആയിരം രാത്രിതൻ നിറ സ്പർശവുമായി
ആ മഴയ്ക്കായി ഞാൻ കാത്തിരിപ്പൂ.
ആ നിറ കുളിരിനായ് ഞാൻ കാത്തിരിപ്പൂ
മിന്നലിൻ വെളിച്ചവും പൂവിൻ സുഗന്ധവും
തളിരിട്ട മഴയേ, നിനക്കഴകേകീലയോ
എത്രയോ സ്വപ്നങ്ങൾ തളിരിട്ട് പോയിട്ടും
നിറ നിലാമഴേ നീ അകന്നില്ലയോ
പച്ചപ്പ് പുതയുന്ന ഭൂമിതൻ ശോഭയും
ഒഴുകുന്ന നദിതൻ ഓളങ്ങൾ തന്നിലും
പൂവിട്ടുണരുന്ന പൂതുമലർതന്നിലും
സ്നേഹത്തിൻ കണ്ണുനീർ നൽകീലയോ
പ്രാണനിൽ ഒഴുകുന്നപ്രാണനാദം നിന്നെ ഞാൻ
ആയിരം വർണ്ണനകളാൽ മൂടിയില്ലെ ?
അഴകേകും വാക്കുകൾ ചൊല്ലിയില്ലെ ?
എന്നിട്ടു മെന്തേ ഈ നിലാവുള്ള -
രാത്രിയിൽ നിറമഴയായി  പെയ്തീല.



**അധികവായനയ്ക്ക്** -ഭൂമിയുടെ ഒരേയൊരു പ്രകൃതിദത്ത ഉപഗ്രഹമാണ് ചന്ദ്രൻ.ഇംഗ്ലീഷ്: Moon, Luna. ഭൂമിയിൽ നിന്ന് ശരാശരി 3,84,403 കിലോമീറ്റർ ദൂരെയാണ് ചന്ദ്രൻ സ്ഥിതി ചെയ്യുന്നത്; ഭൂമിയുടെ വ്യാസത്തിന്റെ ഏകദേശം മുപ്പത് മടങ്ങ് വരും ഈ ദൂരം.

# ഞാൻ ഏകനാണ്

**ഷിജി.എസ് (9A)**



ഇന്ന് ഇവിടം വിട്ട് പോണം. ഇനി ഇവിടെ നിന്നിട്ട് കാര്യമില്ല. ക്ലാസിൽ ഞാൻ മാത്രം അരക്കാല് പാന്റും കൈയ്യിലാത്ത ഉടുപ്പും ഇട്ട് പോണത്. കഴിക്കാൻ നേരെ ആഹാരമില്ല. എഴുതാനാണേല് ഒരു പേനയുണ്ട്. മഷി എന്ന പറേണ സാധനം അതിനാത്തില്ലേ താനും. കൂട്ടുകാരനോടു ചോദിച്ചാൽ "എരപ്പൻ.ഹി,ഹി!" എന്നൊരു കളിയാക്കൽ ഹൊ! വയ്യ, ഇനി, നാളെ എന്റെ പിറന്നാളാ 7 വയസ് പൂർത്തിയാകും. പെറ്റ് വളർത്തേണ്ട അമ്മേം, അച്ഛനും നോക്കാൻ പറ്റൂല, അതോണ്ടല്ലേ ഒരങ്കിളിന്റെ വീട്ടീക്കൊണ്ടാക്കിയത്. ഇവിടെ അതിലും കഷ്ടാ.........

പിറ്റേന്ന് കാക്കയുടെ കരച്ചിൽ കേട്ട് അവൻ ഞെട്ടിയുണർന്നു പതിവിലും നേരത്തെ സമയം 4:30,"പോണം,എങ്ങോട്ടെങ്കിലും പോകണം."ഈ ചിന്തമാത്രം അവന്റെ കുഞ്ഞുമനസ്സിൽ മുഴകി. വീട്ടിലെല്ലാവരും സുഖമായ ഉറക്കം. എന്തോ ഒരുൾ ഭയം കൊണ്ട് അവൻ തലങ്ങും വിലങ്ങും നോക്കി പാത്തും പതുങ്ങ വരാന്തയ്ക്കപ്പുറമിറങ്ങി മുറ്റത്തെത്തി. ഇരുട്ടാണ്, 7 വയസ്സേ ആയുള്ളൂ, കൈയ്യിൽ ചില്ലിക്കാശില്ല. ഇവിടുന്നെവിടേങ്കിലും പോണം എന്നവാശിയേയുള്ളൂ ആ നിഷ്കളങ്ക മനസ്സിൽ. എന്തുചെയ്യണമെന്നറിയാതെ മിഴിച്ചുനിന്ന നേരത്തിൽ അവന്റെ കണ്ണിൽ ഒരു പ്രകാശം പതിഞ്ഞു. ഏതോ ഒരു നേരിയ വെളിച്ചം. സമയം കഴിയുന്തോറും പ്രകാശത്തിന്റെ തീവ്രത വർദ്ധിച്ചു. പെട്ടെന്ന് അവൻ കണ്ണുപൊത്തി. പ്രകാശം മങ്ങി, അതവിടെ നിന്നു. ങേ, ഇതൊരു ലോറിയാണല്ലോ, കൊള്ളാം നല്ല സമയം, ഇതെന്താ ഇവിടെ നിറുത്തിയത്?

ഓ,....ചെക്ക പോസ്റ്റുണ്ട്. ഉം ഇനി ഇതില് കേറി എവിടേലും രക്ഷപ്പെടാം. ഹമ്മേ! വലിയ പാണ്ടി ലോറിയെന്നാ തോന്നണെ എല്ലാദൈവങ്ങളും കാക്കണേ............

ടൺ കണക്കിന് ലോഡിരിക്കുന്ന ആ പാണ്ടിലോറിയിൽ ഒരു ഉറുമ്പ് എന്ന തോന്നിക്കും വിധത്തിൽ അവൻ മെല്ലെകയറി.അരിച്ചാക്കായിരിക്കും അവൻ സ്വയം മന്ത്രിച്ചു. അല്പസമയം കഴിഞ്ഞു. വണ്ടി മുൻപോട്ടു പോകാൻ തുടങ്ങി. തന്റെ ചെറിയ ഭാണ്ഡത്തിൽ നോക്കിയിട്ട്, ആകാശത്തിലെ നക്ഷത്രങ്ങളോട്

സംസാരിക്കും പോലെ അവന്റെ വിഷമങ്ങൾ പറഞ്ഞു. വിശന്നാ കഴിക്കാനൊന്നുമില്ല. കൈയ്യില് ഒരു രൂപപോലുമില്ല, രണ്ട് പഴഞ്ചൻ ഉടുപ്പുകൾ മാത്രം, എന്തിനാ എന്റമ്മ എന്നെ പെറ്റത്? പോറ്റാനറിഞ്ഞൂടെങ്കി പെറ്റിടരുത് ഹും സങ്കടങ്ങൾ മനസിലൊതുക്കി അവൻ പറഞ്ഞു ഞാൻ ഒറ്റയ്ക്കാണ് എക്കാലവും ഞാൻ ഒറ്റയ്ക്കാണ് ശേഷം ആകുഞ്ഞു ധീരൻ വിശപ്പിന്റെ മണിനാദം കേട്ട് കൊണ്ട് അറിയാതെ മയക്കത്തിലേക്ക് വഴുതി വീണു. പാണ്ടിയണ്ണന്റെ ഡേയ്, നീയാരെടാ? എങ്ക നിന്നും വന്തെടാ?, ഉനക്ക് ഇന്ത ഊര് തെരിയുമാ? എന്ന അലറൽ കേട്ടാണ് അവൻ ഉണർന്നത്. കണ്ണ് തിരുമ്മിക്കൊണ്ട് അവൻ പാണ്ടിയെ നോക്കി. ഇന്നലെ നടന്നതൊക്കെ ഒരു സ്വപ്നയാഥാർത്ഥ്യം എന്നവനും തോന്നി. ഒരു സയൻസ് ലാബിൽ കൊണ്ടു വയ്ക്കുന്ന അസ്ഥികൂടം കണക്കെ ഇരിക്കുന്ന അവനെക്കണ്ട് പാണ്ടി ചോദിച്ചു. "ഉനക്ക് പസിക്ക്താ?" അവൻ പാണ്ടിയെ ചെറിയഭയത്തോടെ രൂക്ഷമായൊന്നു നോക്കി. തന്റെ ഭാഷ അവന് മനസിലായില്ല എന്നു മനസിലാക്കിയ പാണ്ടി അവനെ സ്നേഹത്തോടെ അരികിൽ വിളിച്ചു. ഒരു ചായക്കടയിൽ കയറ്റി. ഭക്ഷണം കണ്ടപാടെ അവന്റെ കണ്ണിൽ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രകാശം നിഴലിട്ടു. മൂന്ന് ദോശയും മുട്ടക്കറിയും കൂട്ടി ഉഗ്രനൊരു സാപ്പാട്. വയറുനിഞ്ഞപ്പോൾ അവന് പാണ്ടിയുടെ അടുത്തേക്ക് ഭയത്തോടെ ചെന്ന് പതുക്കെ ചോദിച്ചു ഞാങ്കൂടി വരട്ടാ, എന്തുവേണോങ്കിലും ചെയ്യാം. കൊണ്ടു പോവ്വോ? പാണ്ടി അവനെ അടിമുടിയൊന്നു നോക്കി. "എന്ന ജോലിതന്നാലും നീ സെയ്യുമാ? നീ ചിന്നകൊളന്തൈ. ഉനക്ക് എന്നാസെയ്യൻ കഴിയും? ഒന്നും മുടിയാത്. അതിനാല് നീ ഇങ്കനിന്ന് പിച്ചയെടുത്ത് ആ കാശ്കൊണ്ട് അന്ത ശരീരത്തെ മട്ടിപ്പെടുത്ത്. അപ്പള് നാൻ ഉന്നെ പാക്കല്ലാം ഓക്കെ ഹി.ഹി. ജോലി തേടി വന്നിരിക്കുന്ന ഒരു സിന്നപയല്."

പ്രതീക്ഷയെല്ലാം നഷ്ടപെട്ട് അവൻ കരയാൻ തുടങ്ങി. വെറും കരച്ചിലല്ല, പൊട്ടിക്കരച്ചിൽ. ഞാൻ എന്നും ഒറ്റയ്ക്കാ, എനിക്കാരും കൂട്ടില്ല, എന്നാവരിക ദൈവമേ.... അന്ന് ഇവിടെ നിന്നും രക്ഷപ്പെടണം. എവിടെയും ഏകനായ് അവൻ വഴിനീളെ നടന്നു. നടന്ന് നടന്ന് അകലുകയാണ്....... സമൂഹത്തിൽ കാലത്തിന്റെ ഉയർന്ന ചക്രവാളത്തലെ ഒറ്റപ്പെട്ട ആ ബാലൻ................................................



**അധികവായനയ്ക്ക്** -ഒറ്റപ്പെടൽ ഒരു തപസ്സാണ്. ഏതൊരു സൃഷ്ടിയുടെയും തുടക്കം ഏകാന്തതയിൽ നിന്നാണ്. കൊടുങ്കാറ്റിനു മുൻപുള്ള നിശബ്ദതയും ഇതാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. ഇതിഹാസങ്ങളിൽ വരബലം നേടിയവർ ഏകാന്തതപസ്സിലൂടെയാണ് അത് നേടിയത്. തപസ്സിന്റെ കാഠിന്യം എത്ര വലുതായിരുന്നുവോ അത്രയും വലുതായിരുന്നു അവർ നേടിയ വരത്തിന്റ ശക്തി.

# മഴ

റോഷ്നി.ആർ.എസ് (10A)

മഴയേ..............................

നീ എത്തും മുമ്പേ എൻ നയനങ്ങൾ
കൊതിക്കുന്നു നിനക്കായ് തുടിക്കുന്നു
നിന്നിലെ ജലതുള്ളികൾ ഭൂമിയിലേക്ക്
പതിക്കുമ്പോൾ പക്ഷി മൃഗാദികളും
ആർത്തുല്ലസിക്കുകയും തരുക്കൾ
നൃത്തമാടിക്കളിക്കുന്ന ദൃശ്യം എൻ
മനസിൽ ഓർക്കുമ്പോ കുളിർമയേകുകയും
നിന്നിലെ ജലാംശം എൻ മെയ്യിൽ
പതിക്കുമ്പേൾ അവ തെന്നി
മാറുമ്പോൾ കാഴ്ചയ്ക്ക് കുളിർമയും
മനസിന് ഉൺമാദവും നല്കുകയും
മാരിയോടൊപ്പം എത്തുന്ന
തണുത്തുറഞ്ഞ മന്ദമാരുതൻ
എൻ മിഴികൾക്ക് സാന്ത്വനവും എന്നിലെ
കാഴ്ചയ്ക്ക് സുഖം തോന്നുകയും
മന്ദമാരുതൻ വരുമ്പോഴുള്ള തരുക്കളിലെ
ഇലകളിലുണ്ടാകുന്ന ആ ശബ്ദം
കേൾക്കാൻ ഇമ്പമുള്ളതാണ്.




നിന്നിലെ ജലാംശം ഭൂമിയിൽ
പതിക്കുമ്പോൾ
മറ്റെന്തുവേണം എനിക്കീ ഭൂമിയിൽ
മഴയെ നിന്നുടെ സൗന്ദര്യം
എന്നിൽ ആഴത്തിൽ സ്പർശിക്കുന്നു
അതോടൊപ്പം കുളിർമ നൽകുകയും
ആ ഈറൻ നിലാവിൽ നോക്കുമ്പോൾ
കാണുന്ന താരകങ്ങളുടെ സൗന്ദര്യം
എത്ര വിചിത്രവും വർണ്ണാഭവുമാണ്
ആ കാഴ്ചയിൽ മുഴികിയിരിക്കുകയാണ്.

**അധികവായനയ്ക്ക്** -സൂര്യന്റെ ചൂടേറ്റ് ഭൗമോപരിതലത്തിലെ ജലം നീരാവിയായി അന്തരീക്ഷത്തിലേയ്ക്ക് ഉയർന്ന് മേഘങ്ങളാവുന്നു. ഈ മേഘങ്ങൾ ഘനീഭവിച്ച് വെള്ളത്തുള്ളികളായി ഭൗമോപരിതലത്തിൽ പതിക്കുന്നതാണ് മഴ. ഏഷ്യയിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ചിറാപുഞ്ചിയിലാണ്.

# ലോകം ഐൻസ്റ്റീനെ തിരുത്തുമോ ?

**ജെന്നി.പി.വി കുമാർ (10D)**



കുറച്ച് നാളുകൾക്ക് മുൻപ് ഭൗതിക ശാസ്ത്ര ലോകം ഞെട്ടലോടെ ഒരു പക്ഷേകൗതുകത്തോടെയും ശ്രവിച്ച വാർത്ത.കണിക പരീക്ഷണം നടക്കുന്ന ഓപ്പറെ പരീക്ഷണ ലാബിൽ നിന്നായിരുന്നു. ലോകമെങ്ങും പ്രത്യേകിച്ചും ഭൗതികശാസ്ത്രലോകം എന്നും ആരാധനയോടെ നോക്കികാണുന്ന ഐൻസ്റ്റീൻ എന്ന അസാമാന്യ പ്രതിഭ കണ്ടെത്തിയ പ്രകാശവേഗതയുടെ അജയ്യതയും അതിനോടനുബന്ധിച്ച സാഹചര്യം വന്ന് എത്തിച്ചേർന്ന ഒരു പരീക്ഷണം മേൽപ്പറഞ്ഞ ഓപ്പറേഷൻ പരീക്ഷണലാബിൽ നടക്കുകയായിരുന്നു.പ്രകാശ വേഗതയ്ക്ക് ഒപ്പമെത്താൻ പ്രപഞ്ചത്തിലെ ഒരു കണികയ്ക്കും സാധിക്കില്ല എന്ന സിദ്ധാന്തം ചില ന്യൂട്രിനോ കണങ്ങൾ പരീക്ഷണലാബിൽ തിരുത്തിയെഴുതുകയും ശാസ്ത്ര ലോകത്ത് പുതിയ തർക്കങ്ങൾ വഴി വെക്കുകയും ചെയ്തു.

എന്താണ് ന്യൂട്രിനോ? ഒരു ന്യൂക്ലിയസ്സിലെ ന്യൂട്രോൺ എന്ന ചാർജ് ഇല്ലാത്ത കണം പ്രോട്ടോണായും ഇലക്ട്രോണായും രണ്ടായി വിഘടിക്കുന്നു. അതിൽ പ്രോട്ടോൺ കണം ന്യൂക്ലിയസ്സിൽ നിലനിൽക്കുകയും ഇലക്ട്രോൺ ബീറ്റാ കണമായി പുറത്ത് വരുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ പ്രതിഭാസം അറ്റോമിക ഫിസിക്സിൽ ബീറ്റ ശോഷണം എന്ന് അറിയപ്പടുന്നു. മേൽ പറഞ്ഞ സിദ്ധാന്തത്തിൽ ചില


പൊരുത്തക്കേടുകൾ ശാസ്ത്രജ്ഞൻമാർ കണ്ടുപിടിക്കുകയും, അവ പിന്നീട് എന്റിക്കോ ഫെർമി എന്ന ഇറ്റാലിയൻ ശാസ്ത്രജ്ഞൻ തിരുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു റേഡിയോ ആക്ടീവ് മൂലകത്തിന്റെ ന്യൂട്രിനോ എന്ന കണം കൂടി പുറത്തു വരുന്നതായി അദ്ദേഹം സൈദ്ധാന്തികമായി തെളിയിച്ചു. പക്ഷേ ഒരു പരീക്ഷണ ലാബിൽ ന്യൂട്രീനോ കണങ്ങളെ കണ്ടെത്താൻ പിന്നീട് പരീക്ഷണം നടന്നത് സ്വിസർലാൻഡിലെ ബേൺ ലാബിൽ നിന്നും 750.കി.മീ അകലെ ഇറ്റലിയിലെ ഗ്രാൻസോ ലാബിലേക്ക് നിർമിച്ച ഭൂഗർഭ തുരങ്കത്തിലായിരുന്നു. ആദ്യം സംശയം പ്രകടിപ്പിച്ച ശാസ്ത്രജ്ഞർ പരീക്ഷണം പലവട്ടം ആവർത്തിച്ചെങ്കിലും നിശ്ചിത ദൂരം താണ്ടാൻ ന്യൂട്രിനോ കണങ്ങളെടുത്ത സമയം പ്രകാശകിരണങ്ങളെക്കാൾ കുറവായിരുന്നു. മേൽപ്പറഞ്ഞ പരീക്ഷണത്തിന്റെ സാധ്യത സംശയ കാരണമാണെന്ന് ലോകത്തിന്റെ പല കോണിൽ നിന്നും അഭിപ്രായം ഉയർന്നെങ്കിലും അവ ദൂരീകരിക്കാൻ ബേൺ ലാബിലെ ശാസ്ത്രജ്ഞൻമാർ വരും നാളുകളിൽ പരീക്ഷണം ആവർത്തിക്കുക തന്നെ ചെയ്യുമെന്ന് ശാസ്ത്ര ലോകം കരുതുന്നു.

ന്യൂട്ടന്റെ പ്രപഞ്ച വീക്ഷണത്തിൽ നിന്നും തീരെ വ്യത്യസ്തമായിരുന്നു, ഐൻസ്റ്റീനിന്റെ പ്രപഞ്ച വീക്ഷണം. അതിൽ നിന്ന് വ്യത്യസ്തമാകാൻ ഒരുമ്പെടുക്കുകയാണോ ഇന്നത്തെ ശാസ്ത്ര ലോകം?

പുതിയ സിദ്ധാന്തങ്ങൾ ഉയർത്തെണീറ്റ് അതിന്റെ പ്രായോഗിക വശങ്ങൾ ചൂഷണം ചെയ്ത് പുതിയ സാങ്കേതിക വിദ്യകൾ മനുഷ്യൻ സൃഷ്ടിക്കുമോ...........?

ഇനിയും കണ്ടെത്താൻ പ്രപഞ്ച രഹസ്യങ്ങൾ മറ നീക്കി പുറത്തു വരാൻമേൽപ്പറഞ്ഞ പരീക്ഷണങ്ങൾക്ക് സാധിക്കുമോ.........?

ലോകം കാത്തിരിക്കുകയാണ്.



**അധികവായനക്ക്** -ആൽബർട്ട് ഐൻസ്റ്റൈൻ ആപേക്ഷികതാ സിദ്ധാന്തത്തിനു രൂപം നൽകിയ ഭൗതികശാസ്ത്രജ്ഞനാണ്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രതിഭാധനനായ ശാസ്ത്രഗവേഷകനായി ഇദ്ദേഹം പരക്കെ അംഗീകരിക്കപ്പെടുന്നു. സാമാന്യ ആപേക്ഷികതാസിദ്ധാന്തം ആധുനിക ഭൗതികശാസ്ത്രത്തിലെ രണ്ടു അടിസ്ഥാനശിലകളിലൊന്നായി കണക്കാക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ ദ്രവ്യവും-ഊർജ്ജവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള സമവാക്യമായ $E = mc^2$ (ഇത് ലോകത്തിലെ ഏറ്റവും പ്രശസ്തമായ സമവാക്യമായി കണക്കാക്കപ്പെടുന്നു) പ്രസിദ്ധമാണ്. ക്വാണ്ടം സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഈ സമവാക്യമാണ്.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 4

## തുളസി



| | | |
|---|---|---|
| **ശാസ്ത്രീയ നാമം** | - | ഒസിമം സാങ്റ്റം |
| **രൂപ വിവരണം** | - | ഈർപ്പവും വളക്കൂറുമുള്ള ഏതു തരം മണ്ണിലും തുളസി വളരുന്നു. വിത്തിൽനിന്നും വീഴുന്ന അരി തൈകൾ നടാൻ ഉപയോഗിക്കുന്നു. കൃഷ്ണതുളസി(കറുത്ത തുളസി), രാമതുളസി(വെളുത്ത തുളസി) എന്നീ രണ്ടുതരം തുളസികളുണ്ട്. കൃഷ്ണ തുളസിയാണ് ഏറ്റവും ഔഷധമൂല്യമുള്ളത്. തുളസിയിലയിലെ എണ്ണ ഗ്രന്ഥിയിൽനിന്നും പുറപ്പെടുന്ന ചില ദ്രവങ്ങളാണ് തുളസിക്ക് നല്ലമണം നൽകുന്നത്. ബാഡിൽ കാംഫർ എന്ന എസൻസ് അടങ്ങിയിരിക്കുന്നു. |
| **ഗുണമേന്മ** | - | കഫക്കെട്ടിന് ഇതിൻറെ നീര് തേനിൽ ചാലിച്ച് കഴിക്കുന്നത് നല്ലതാണ്. മുറിവിന് മരുന്നായും തലയിൽ തേക്കുന്നതിന് എണ്ണ കാച്ചുന്നതിനും ഉപയോഗിക്കുന്നു. |

### കുരുമുളക് തുളസി രസം

**ചേരുവ**

| | | |
|---|---|---|
| വറ്റൽ മുളക് | - | 8 എണ്ണം |
| പുളി | - | 2 ഉരുള |
| കായം | - | 2 ചെറിയ കഷണം |
| കുരുമുളക് | - | 2 ടീ സ്പൂൺ |

| | | |
|---|---|---|
| തുളസിയില | - | ഒരു പിടി |
| ഇഞ്ചി | - | 2 ചെറിയ കഷണം |
| മല്ലിപ്പൊടി | - | 3 ടീസ്പൂൺ |
| ജീരകം | - | 4 നുള്ള് |
| വെളുത്തുള്ളി | - | 2 എണ്ണം |
| ചുവന്നുള്ളി | - | 4 എണ്ണം |
| ഉപ്പ് | - | പാകത്തിന് |

**കടുക് താളിക്കാൻ**

| | | |
|---|---|---|
| വെളിച്ചെണ്ണ | - | 4 ടിസ്പൂൺ |
| ചുവന്നുള്ളി | - | 6 എണ്ണം |
| കടുക് | - | 2 ചെറിയ സ്പൂൺ |
| മുളക് | - | 2 എണ്ണം |
| കറിവേപ്പില | - | 2 കതിർപ്പ് |

**തയ്യാറാക്കുന്ന വിധം**

ചീനച്ചട്ടിയിൽ എണ്ണയൊഴിച്ച് വറ്റൽമുളക്, കുരുമുളക്, മല്ലി, ജീരകം, വെളുത്തുള്ളി, ഇഞ്ചി എന്നിവ വറുത്തെടുത്ത് അരക്കുക. പുളി പിഴിഞ്ഞ വെള്ളത്തിൽ തുളസിയിലയും പാകത്തിന് ഉപ്പും കായവും അരപ്പും ചേർത്ത് തിളപ്പിക്കുക. തിളച്ച് തുടങ്ങുമ്പോൾ കുറച്ചുവെളിച്ചെണ്ണ ചൂടാക്കി ഒഴിച്ചുകൊടുക്കുക. ചീനച്ചട്ടിയിൽ ചെറുതായി അരിഞ്ഞ ഉള്ളി, മുളക്, കറിവേപ്പില എന്നിവ ഇട്ട് തിളപ്പിച്ച് വച്ചിരിക്കുന്ന രസവും ചേർത്തിളക്കി മല്ലിയിലയുമിട്ട് വാങ്ങുക.

## തുളസിച്ചമ്മന്തി

**ചേരുവ**

| | | |
|---|---|---|
| തുളസി ഇല | - | 6 എണ്ണം |
| തേങ്ങ ചിരകിയത് | - | കാൽകപ്പ് |
| കാന്താരി | - | 6 എണ്ണം |
| വാളൻപുളി | - | ചെറിയ ഉരുള |

ചെറിയ ഉള്ളി - 2 എണ്ണം

**തയ്യാറാക്കുന്ന വിധം**

തുളസി ഇലയും, തേങ്ങ ചിരവിയതും, കാന്താരിയും, വാളൻപുളിയും ചേർത്ത് നന്നായി അരച്ചെടുക്കുക.

## തുളസിയില കാപ്പി

**ചേരുവ**

1. തുളസിയില - 1 കപ്പ്
2. കരിപ്പെട്ടി - 100 ഗ്രാം
3. ചുക്ക് - 2 കഷണം ചതച്ചത്
4. മല്ലി - ഒരു പിടി ചതച്ചത്
5. ഏലയ്ക്കാ - 1 ചതച്ചത്
6. വറ്റൽ മുളക് - 1 നുള്ള്
7. ജീരകം - 1 നുള്ള്
8. വെള്ളം - 2 ടീകപ്പ്

**തയ്യാറാക്കുന്ന വിധം**

1 മുതൽ 7 വരെയുള്ള ചേരുവകകൾ വെള്ളത്തിലിട്ട് ആവി പോകാതെ തിളപ്പിച്ച് പകുതിയാക്കി വറ്റിച്ച് ചെറുചൂടോടെ കുടിക്കുക.

## തുളസി ദാഹശമനി

**ചേരുവ**

തുളസിയില - 10 എണ്ണം

വെള്ളം - 2 ലിറ്റർ

വെല്ലം - 2 ആണി

**തയ്യാറാക്കുന്ന വിധം**

തുളസി ഇല തണ്ടോടുകൂടി പറിച്ചെടുത്ത് (10 എണ്ണം) രണ്ട് ലിറ്റർ വെള്ളത്തിലിട്ട് വെല്ലവും ചേർത്ത് നന്നായി തിളപ്പിക്കുക, അതിനുശേഷം വാങ്ങിവെച്ച് ആറിക്കഴിയുമ്പോൾ അരിച്ച് ദാഹശമനിയായി ഉപയോഗിക്കാം.

# ANGER

**T. K Ashok Kumar**

God gives loves to all !
Beast shows anger to all !
Anger breaks all silence !
Anger leads to ruin of all !

Anger flows sin in the world;
Love paste snow on anger;
Human deceit causes danger ;
Truth raises gloomy world;

Anger makes tug with others ;
Anger causes fault thither ;
Every one fell in loneliness;
God reveals His greatness!



Look and talk make it serious!
Quarrel leads to various punish;
Nature turns in to furious;
Love comes from the genius;

Anger releases sound around;
Kith and kins becomes rivals;
Foolish thoughts make naughty trail!
Power accelerate the ruin of men!



**Additional reading** -Anger or wrath is an intense expression of emotion. It involves a strong uncomfortable and hostile response to a perceived provocation, hurt or threat. Anger is used as a protective mechanism to cover up fear, hurt or sadness.

# ഡിജിറ്റൽ ചിത്രരചന – ജിമ്പ് ഉപയോഗിച്ച് വരച്ച ചിത്രങ്ങൾ

## ബിജിൻ.പി.ദാസ് (Standard:9.B)

വടക്കുനാഥക്ഷേത്രം



കേരളത്തെ നടുക്കിയ പ്രളയം



**പ്രകൃതിഭംഗി**



**പി.കെ.എസ്.എച്ച്.എസ്.എസ് സ്കൂൾഗേറ്റ് (മാഗസീൻ കവർ പേജ്)**



മഴ



ക്ലാസ് റൂം





കനകകുന്ന് കൊട്ടാരത്തിന്റെ ഒരു ഭാഗം





# പ്രണയ വർണങ്ങൾ

**പവിൻ (9A)**



പരിഷ്കാരികളുടെ നാടായി മാറുകയാണ് നമ്മുടെ നാട്. അങ്ങനെയുള്ള ഒരു ഗ്രാമത്തിലാണ് ബിസ്മിയുടെ വീട്. അവിടെ കിളികളുടെയും, പുഴകളുടെയും, അരുവികളുടെയും ശബ്ദത്തിന് പകരം. ട്രാക്ടറുകളുടെയും മഹാവാഹനങ്ങളുടെയും ശബ്ദം മാത്രമേ കേൾക്കാൻ കഴിയുന്നുള്ളു. റോഡുകളുടെ വീതിയും, നീളവും അളക്കാൻ തന്നെ കഴിയാത്ത രീതിയിൽ നാല് വരി പാതകൾ ഉണ്ടാക്കുകയാണ്. എന്നാൽ ഈ ഗ്രാമത്തിലെ ആളുകൾക്ക് ഇതെല്ലാം ഒരു പരിഷ്കാരം ആയി കാണുമ്പോൾ.ന്യൂ ജനറേഷൻ എന്ന പുതിയ തലമുറയിലെ ആൺകുട്ടികൾക്ക് ബൈക്കുകൾ കൊണ്ടുള്ള ഒരു അഭ്യാസം കാഴ്ചവയ്ക്കേണ്ടുന്ന ഒരു ഗ്രൗണ്ടായി മാറുകയാണ്.

എന്നാൽ, ഈ ഗ്രാമത്തിൽ വിദ്യാഭ്യാസം ഉള്ളതായി ആരും തന്നെയില്ല. എന്നാൽ ബിസ്മിയുടെ അമ്മയ്ക്കും പപ്പയ്ക്കും വിദ്യാഭ്യാസമുണ്ട്. അവർക്ക് ആവശ്യത്തിനും ഉപരി സ്വത്തുക്കൾ ഉണ്ട്. അവർ നഗരത്തിൽ നിന്നും ഗ്രാമത്തിലേക്ക് വന്നതാണ്ബിസ്മി നാലാം ക്ലാസ് വിദ്യാർത്ഥിയാണ്. അവൾക്ക് സ്കൂളിൽ നിന്നുള്ള നല്ല പ്രചോദനങ്ങൾ അവൾക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാനും പഠിക്കാനും ഉള്ള അവസരങ്ങൾ കിട്ടികൊണ്ട് ഇരുന്നു. അങ്ങനെ അവൾ അഞ്ചാം ക്ലാസിലെ പഠിത്തം കഴിഞ്ഞ് ആറാം ക്ലാസിലെ പ്രവേശനോത്സവത്തിൽ

അവൾ അവനെ കണ്ടുമുട്ടി. അന്ന മുതൽ അവൾക്ക് അവനെ ഇഷ്ടമായി തുടങ്ങി. മറിച്ച് അവനും അവളെ ഇഷ്ടപ്പെട്ടു. പീന്നിട് അവർ തമ്മിലുള്ള സ്നേഹം ആർക്കും അകറ്റാൻ പറ്റാത്ത ഒന്നായി മാറി.

പതിനെട്ട് വയസായപ്പോൾ വീട്ടുക്കാർ ഇവരുടെ ഇഷ്ടം അറിയുകയും ഇത് നടക്കില്ല എന്ന് പറഞ്ഞു. അന്ന് ബിസ്മിയുടെ വീട്ടിൽ വഴക്കായി. അതിന് കാരണം മതം എന്ന വാക്കാണ് . അവന്റെ പേര് ശിവറാം. ക്രിസ്ത്യാനിയായ എന്റെ മകളെ ഒരു ഹിന്ദു ചെറുക്കന്റെ കൂടെ കല്ലാണ്യം കഴിക്കാൻ സമ്മതിക്കില്ല എന്ന് പറഞ്ഞ് അച്ഛൻ അവരുടെ സ്നേഹത്തെ എതിർത്തു. അത് ബിസ്മിക്കും ശിവാറാമിനും ചിന്തിക്കുന്നതിലും അപ്പുറമായിരുന്നു. എന്നാൽ ശിവറാം ബിസ്മിയെ കല്യാണം കഴിച്ച് തരാൻ ആവശ്യപ്പെട്ട് ബിസ്മിയുടെ വീട്ടിൽ പോയിരുന്നു.അവൻവന്നിറങ്ങിയതും ബിസ്മിയുടെ രണ്ട് സഹോദരന്മാർ അവനെ തല്ലുകയും ഉപദ്രവിക്കുകയും ചെയ്തു.ബിസ്മി തടുത്തപ്പോൾ അവൻ തല്ലുന്നത് നിർത്തി. അടുത്തുള്ള മാവിന്റെ ചുവട്ടിനരികിലേക്ക് ശിവയെ ഇരുത്തി. വെള്ളവും കൊടുത്തു. മുറിവുകളിൽ അവളുടെ കൈയ്യിലെ തുണിയുടെ അറ്റം കീറി കെട്ടി . ബിസ്മിയോട് ശിവ പറഞ്ഞു. എനിക്ക് നിന്റെ അച്ഛനോട് സംസാരിക്കണം. ബിസ്മി തടഞ്ഞു. നീ പോകണ്ട നീ പോയാൽ ഇനിയും ചേട്ടന്മർ തല്ലും. അവർ തല്ലിക്കോട്ടെ, കൊന്നോട്ടെ എനിക്ക് പറയേണ്ട കാര്യം പറഞ്ഞിട്ടെ ഞാൻ പോവുകയുള്ളൂ. അവൻ അവളുടെ അച്ഛനെ വിളിച്ചു.

അച്ഛാ എനിക്ക് അച്ഛനോടും അമ്മയോടും സഹോദരങ്ങളോടും എനിക്ക് ഒരു കാര്യം പറയണം. അത് കഴിഞ്ഞ് ഞാൻ പൊയ്ക്കൊള്ളാം. ഞാൻ അനാഥനാണ് എനിക്ക് ആരും ഇല്ല. അലഞ്ഞ് തിരിഞ്ഞ് നടന്ന എന്നെ അമൃത എന്ന മലയാളം പഠിപ്പിക്കുന്ന ടീച്ചറാണ് എടുത്ത് വളർത്തിയത് ആ അമ്മയ്ക്ക് പോലും ബിസ്മിയും ഞാനുമായുള്ള ബന്ധം അറിയില്ല. അഞ്ചാം വയസ്സിലാണ് ടീച്ചർ എന്നെ സ്വന്തം മകനായി കണ്ട് എന്നെ പഠിപ്പിച്ചത്. ഇപ്പോൾ എനിക്ക് ഇരുപത്തി മൂന്ന് വയസായി. ടീച്ചറിന്റെ കൂടെ അന്ന് പ്രവേശനോൽസവത്തിൽ വന്നപ്പോഴാണ് ആദ്യമായി ബിസ്മിയെ കാണുന്നത്. അപ്പോൾ അവൾക്ക് എന്നെ ഇഷ്ടമായിരുന്നു. തിരിച്ച് എനിക്കും. എന്നാൽ ഞാൻ അവളെ ഒരു മോശമായ കണ്ണു കൊണ്ട പോലും ഒന്ന് നോക്കിയിട്ടില്ല.



**അധികവായനയ്ക്ക്** -ഒരു തത്ത്വസംഹിതയിലോ ഒരു ആചാര്യന്റെ പഠനങ്ങളിലോ പ്രവാചകന്റെ വചനങ്ങളിലോ വിശ്വസിക്കുന്ന ആളുകൾ പിന്തുടരുന്ന ആചാരങ്ങൾ ജീവിതക്രമങ്ങൾ ആരാധനാ രീതികൾ എന്നിവയെ പൊതുവേ മതം എന്നു പറയുന്നു. ദൈവാരാധനയാണ് മതത്തിന്റെ കാമ്പ്.

# തിരുവനന്തപുരം

**(നമ്മുടെ ജില്ല)**




കേരള സംസ്ഥാനത്തിന്റെ തലസ്ഥാനനഗരവും, തിരുവനന്തപുരം ജില്ലയുടെ ആസ്ഥാനവുമാണ് തിരുവനന്തപുരം (ഇംഗ്ലീഷ്:Thiruvananthapuram). ട്രിവാൻട്രം എന്ന പേരിലും ഇത് അറിയപെടുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ തീരത്ത് കേരളത്തിന്റെ തെക്കേ അറ്റത്തായാണ് ഈ നഗരം സ്ഥിതി ചെയ്യുന്നത്. വളരെ ഭൂവൈവിധ്യവും, തിരക്കേറിയ വീഥികളും വാണിജ്യ മേഖലകളും ഉള്ള നഗരമാണ് തിരുവനന്തപുരം. “നിത്യ ഹരിത നഗരം” എന്നാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി തിരുവനന്തപുരത്തെ വിശേഷിപ്പിച്ചത്. 2001-ലെ കാനേഷുമാരി പ്രകാരം 745,000 പേർ ഇവിടെ അധിവസിക്കുന്നു. ഇതു പ്രകാരം കേരളത്തിലെ ഏറ്റവും ജനസാന്ദ്രത കൂടിയ നഗരം എന്ന പ്രത്യേകതയും തിരുവനന്തപുരം നഗരത്തിനാണ്. തിരുവനന്തപുരം തന്നെയാണ്, കേരളത്തിലെ ഏറ്റവും വലിയ നഗരവും. തിരുവനന്തപുരം നഗരത്തിൽ സംസ്ഥാനസർക്കാരിന്റെയും, കേന്ദ്രസർക്കാരിന്റെയും പല കാര്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. ലോകത്തിലെതന്നെ മികച്ച സ്വകാര്യ വ്യവസായശൃംഖലകളുടെ കാര്യാലയങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. രാഷ്ട്രീയസിരാകേന്ദ്രം എന്നതിലുപരി, ഉന്നതനിലവാരമുള്ള പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കേന്ദ്രം കൂടിയാണ് തിരുവനന്തപുരം. പ്രശസ്തമായ കേരള സർവകലാശാല, രാജീവ് ഗാന്ധി ജൈവ സാങ്കേതിക ഗവേഷണ കേന്ദ്രം, വിക്രം സാരാഭായി ബഹിരാകാശ കേന്ദ്രം, തിരുവനന്തപുരം

ഏൻജനീയറിംങ് കോളേജ്, സർക്കാർ ഏൻജനീയറിംങ് കോളേജ് ബാട്ടൺഹിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് തുടങ്ങിയവ അക്കൂട്ടത്തിൽ എടുത്ത് പറയാവുന്നവയാണ്. ഇന്ത്യയിലെ ആദ്യത്തെ വിവരസാങ്കേതിക സ്ഥാപനസമുച്ചയമായ ടെക്നോ പാർക്ക് തിരുവനന്തപുരത്തുള്ള കഴക്കൂട്ടം എന്ന സ്ഥലത്തിനടുത്താണ്,കേരളത്തിലെ പൊതുമേഖല സ്ഥാപനങ്ങളിൽ ഒന്നായ കെൽട്രോണിന്റെ ആസ്ഥാനവും ഇവിടെയാണ്.

ഇന്ത്യയുടെ തെക്കേ മുനമ്പിൽ സ്ഥിതിചെയ്യുന്ന തിരുവനന്തപുരത്തിന്റെ അക്ഷാംശ രേഖാംശങ്ങൾ 8.5° N 76.9° E ആണ്. സഹ്യപർവ്വത നിരകൾക്കും അറബിക്കടലിനും ഇടയിലായി സ്ഥിതിചെയ്യുന്ന തിരുവനന്തപുരം സമുദ്രനിരപ്പിൽ ഉള്ള സ്ഥലമാണ്. ഭൂമിശാസ്ത്രപരമായി ഉൾനാട്, തീരപ്രദേശം എന്നിങ്ങനെ രണ്ടായി ഈ പ്രദേശത്തെ വിഭജിക്കാം. ചെറുകുന്നുകളും, താഴ്വാരങ്ങളും ചേർന്നതാണ് ഉൾനാട്. കടൽ തീരവും, പുഴകളും മറ്റും അടങ്ങുന്നതാണ് തീരപ്രദേശം. തിരുവനന്തപുരം ജില്ലയിലെ തന്നെ ഏറ്റവും വലിയ ശുദ്ധജല തടാകമായ വെള്ളായണി തടാകം നഗരത്തിന്റെ പ്രാന്തപ്രദേശത്താണ്. കരമനയാറും കിള്ളിയാറും നഗരത്തിലൂടെ ഒഴുകുന്ന പ്രധാന പുഴകളാണ്. നഗരത്തിന്റെ കിഴക്കുഭാഗത്ത് മലമ്പ്രദേശം ഉണ്ട്. ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശം സമുദ്രനിരപ്പിൽ നിന്ന് 1890 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന അഗസ്ത്യകൂടം ആണ്. നഗരത്തിനു സമീപത്തുള്ള രണ്ട് പ്രധാന ഹിൽ റിസോർട്ടുകൾ ആണ് പൊൻമുടിയും മൂക്കുന്നിമലയും.

## ചരിത്രം

കവടിയാർ കൊട്ടാരം



തിരുവനന്തപുരം നഗരത്തിന്റെ അതിപുരാതനമായ കച്ചവട ചരിത്രം ക്രി.മു 1000-ാം ആണ്ടിലേക്ക് പോകുന്നു. കേരളത്തിലെ മറ്റ് നഗരങ്ങൾ പോലെ തന്നെ സുഗന്ധ വ്യഞ്ജനങ്ങളായിരുന്നു തിരുവനന്തപുരത്തും വ്യാപാരം ചെയ്തിരുന്നത്. എന്നിരുന്നാലും, അക്കാലത്ത് തിരുവനന്തപുരത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പശ്ചാത്തലം മറ്റ് നഗരങ്ങളിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു. കൊച്ചി, കോഴിക്കോട് എന്നീ പ്രമുഖ നഗരങ്ങളുടെയത്രയും വ്യാപാരം ഇവിടെ

നടന്നിരുന്നില്ല. പ്രാചീന കാലത്ത് ഇവിടം ഭരിച്ചിരുന്നത് ആയ് രാജവംശമായിരുന്നു.

ക്രി.വ. 10-ാം ആം നൂറ്റാണ്ടിൽ ഭരണം വേണാട് രാജവംശത്തിന്റെ കീഴിൽ വന്നു. 1684 ൽ ഉമയമ്മ റാണിയുടെ കാലത്താണ് തിരുവനന്തപുരത്തുനിന്നും 32 കിലോ മീറ്റർ വടക്ക് സ്ഥിതിചെയ്യുന്ന *അഞ്ചുതെങ്ങ്* എന്ന പ്രദേശത്ത് *ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി* സ്ഥാപിക്കപ്പെട്ടത്. തിരുവനന്തപുരം ആധുനികതയുടെ ആദ്യ ചുവടു വയ്പ്പുകൾ നടത്തിയത് 1729-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ ഭരണാധികാരി ആയതിന് ശേഷമാണ്. 1745-ലാണ് തിരുവനന്തപുരം, തിരുവിതാംകൂറിന്റെ തലസ്ഥാനമാക്കപ്പെട്ടത് . പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ, സ്വാതിതിരുനാൾ മഹാരാജാവും ആയില്യം തിരുനാൾ മഹാരാജാവും രാജ്യം ഭരിച്ചിരുന്ന സമയത്താണ് ഈ പട്ടണത്തിന്റെ സുവർണ്ണ കാലഘട്ടം എന്നു പറയാവുന്നത്. സ്വാതിതിരുനാളിന്റെ കാലഘട്ടത്തിലാണ് ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം(1834), നക്ഷത്രനിരീക്ഷണാലയം (1837) എന്നിവ നിർമ്മിച്ചത്. ആയില്യം തിരുനാളിന്റെ കാലഘട്ടത്തിൽ ജനറൽ ആശുപത്രി (1839), ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മാനുസ്ക്രിപ്റ്റ് ലൈബ്രറി, യൂണിവേഴ്സിറ്റി കോളേജ് (1873) എന്നിവ സ്ഥാപിച്ചത്. സംസ്കൃത കലാലയം, ആയുർവ്വേദ കോളേജ്, ലോ കോളേജ്, എന്നിവ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് സ്ഥാപിച്ചത്.



പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാഷ്ട്രീയമായും സാമൂഹികമായും വലിയ മാറ്റങ്ങൾക്ക് നഗരം സാക്ഷ്യം വഹിച്ചു. 1904-ൽ സ്ഥാപിച്ച ശ്രീമൂലം അസംബ്ലി ആണ് ഇന്ത്യയിലെ തന്നെ ആദ്യത്തെ, ജനങ്ങൾ തിരഞ്ഞെടുത്ത നിയമസഭാ സമിതി. ഒരിക്കലും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ആയിരുന്നില്ല എങ്കിലും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഈ നഗരം സജീവമായി പങ്കെടുത്തു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ നഗരത്തിൽ വളരെ സജീവമായിരുന്നു. ഡോ. പട്ടാഭി സീതാരാമയ്യ അധ്യക്ഷം വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം ഇവിടെ നടന്നു. നവോത്ഥാന സന്ദേശങ്ങളുടെ അലകൾ മുസ്ലീങ്ങളുടെ ഇടയിലും എത്തിച്ചേർന്നിരുന്നു. വക്കം അബ്ദുൾഖാദർ മൗലവിയാണ് ഇതിനു മുൻകൈയെടുത്തത്. സമുദായാംഗങ്ങൾക്കിടയിൽ പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുവാൻ 'ഇസ്ലാം ധർമപരിപാലനസംഘം', 'ജമാഅത് ഉൽ ഇർഷാദ്' എന്നിങ്ങനെ രണ്ട് സംഘടനകൾക്ക് മൗലവി ജന്മം നല്കി.

മുസ്ലീങ്ങളുടെ വിദ്യാഭ്യാസപുരോഗതിയായിരുന്നു മുഖ്യലക്ഷ്യം. ഭരണമണ്ഡലങ്ങളിലും മറ്റ് ഔദ്യോഗിക രംഗങ്ങളിലും മുസ്ലീങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭ്യമാക്കുവാൻ മൗലവി അക്ഷീണം പരിശ്രമിച്ചു. തത്ഫലമായി 1914-ൽ തിരുവിതാംകൂർ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൽ മുസ്ലീം എജ്യൂക്കേഷൻ ഇൻസ്പെക്ടർ, ഖുർ ആൻ അദ്ധ്യാപകൻ, അറബി മുൻഷി എന്നീ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു. അറബിപ്പരീക്ഷകളുടെ നടത്തിപ്പിനു മേൽനോട്ടം വഹിക്കുക, അറബിയിലുള്ള പാഠപുസ്തകങ്ങൾ സംശോധിച്ചു നിർദ്ദേശിക്കുക, 'അൽ ഇസ്ലാം' എന്ന അറബി മലയാള മാസികയും മുസ്ലീം എന്ന മലയാള മാസികയും പ്രസിദ്ധീകരിക്കുക തുടങ്ങിയ നാനാമുഖ പ്രവർത്തനങ്ങൾ മൗലവി തുടർന്നുപോന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ പ്രശസ്തനാക്കിയ സ്വദേശാഭിമാനി പത്രത്തിന്റെ പ്രസാധകൻ വക്കം മൗലവി ആയിരുന്നു. 1931-ൽ അധികാരം ഏറ്റെടുത്ത ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ കാലഘട്ടത്തിൽ പല പ്രധാന സംഭവങ്ങൾക്കും നഗരം സാക്ഷ്യം വഹിച്ചു. ഈ സമയത്താണ് പ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം (1936) നടന്നത്. പിന്നീട് കേരള സർവ്വകലാശാല എന്നു പുനർ നാമകരണം ചെയ്യപ്പെട്ട തിരുവിതാംകൂർ സർവ്വകലാശാല ഈ കാലത്താണ് (1937) സ്ഥാപിച്ചത്.


കേരള യൂണിവേഴ്സിറ്റി

1947-ൽ ബ്രിട്ടിഷ് ഭരണം അവസാനിച്ചപ്പോൾ തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരാൻ തീരുമാനിച്ചു. 1948 മാർച്ച് 24 നു പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരമേറ്റു. 1949-ൽ തൊട്ടടുത്ത രാജ്യമായിരുന്ന കൊച്ചിയുമായി കൂട്ടിച്ചേർത്ത് ഉണ്ടാക്കിയ തിരു-കൊച്ചി സംസ്ഥാനത്തിന്റെ തലസ്ഥാനമായി തിരുവനന്തപുരം മാറി. ഇങ്ങനെ രൂപവത്കരിച്ച തിരു-കൊച്ചി സംസ്ഥാനത്തിന്റെ രാജപ്രമുഖനായി 1949 ജൂലൈ 1 മുതൽ 1956 ഒക്ടോബർ 31 വരെ ചിത്തിര തിരുനാൾ ബാലരാമ വർമ്മ മഹാരാജാവ് ഭരിച്ചു. 1949 ൽ- തിരു-കൊച്ചി സംയോജന സമയം തിരുവിതാംകൂറിലുണ്ടായ

മൂന്ന് റവന്യൂ ഡിവിഷനുകളിൽ ഒന്ന് മാത്രമായിരുന്ന തിരുവനന്തപുരം. സംയോജനത്തിനുശേഷം റവന്യൂ ഡിവിഷനുകൾ ജില്ലകളായി മാറി. ദിവാൻ പേഷ്കാർ ജില്ലാ കളക്ടറായി. അഗസ്തീശ്വരം, തോവാള, കൽക്കുളം, വിളവൻകോട് താലൂക്കുകൾ അടിസ്ഥാനപരമായി തമിഴ് സംസാരിക്കുന്ന സ്ഥലങ്ങളാകയാൽ തമിഴ്നാടിനോട് ചേർക്കപ്പെട്ടു. 1956 നവംബർ 1-ന് കേരളസംസ്ഥാനം രൂപവത്കരിച്ചപ്പോൾ തിരുവനന്തപുരം അതിന്റെ തലസ്ഥാനമായി മാറി.

1962-ൽ തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം സ്ഥാപിതമായതോടെ തിരുവനന്തപുരം ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തിന്റെ കളിത്തൊട്ടിൽ ആയി മാറി. 1963-ൽ ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ വാഹനം വിക്രം സാരാഭായ് സ്പേസ് സെൻററിൽ നിന്ന് വിക്ഷേപിച്ചു. ഇന്ത്യൻ സ്പേസ് റിസേർച്ച് ഓർഗനൈസേഷന്റെ (ISRO) പല അനുബന്ധ സ്ഥാപനങ്ങളും ഇവിടെ പിന്നീട് സ്ഥാപിച്ചു. തിരുവനന്തപുരം നഗരത്തിന്റെ അടുത്ത കാലത്തെ പ്രധാന നാഴികക്കല്ലുകളിൽ ഒന്ന് 1995-ൽ ഇവിടെ സ്ഥാപിതമായ ടെക്നോപാർക് ആണ്. ഇത് ഇന്ത്യയിലെ തന്നെ ആദ്യത്തെ ഐ. ടി. പാർക്ക് ആണ് . ഐ.ടി ഭീമന്മാരായ ഇൻഫോസിസ്,ടി.സി.എസ് എന്നിവയ്ക്ക് പുറമേ 240-ഓളം ചെറുതും വലുതുമായ കമ്പനികളിൽ ഏതാണ്ട് 30,000 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു.

**വിദ്യാഭ്യാസം**

തിരുവനന്തപുരം ഒരു പ്രമുഖ വിദ്യാഭ്യാസ കേന്ദ്രമാണ്. കേരളാ സർവകലാശാലയുടെ ആസ്ഥാനം ഇവിടെയാണ്. പതിനഞ്ച് എഞ്ചിനീയറിംങ് കോളേജുകൾ, മൂന്ന് മെഡിക്കൽ കോളേജുകൾ, മൂന്ന് ആയുർവേദ കോളേജുകൾ, രണ്ട് ഹോമിയോ കോളേജുകൾ, ആറ് ഇതര മെഡിക്കൽ വിഭാഗങ്ങളിൽ പ്പെട്ട




കോളേജുകൾ, രണ്ട് നിയമ കലാലയങ്ങൾ, തുടങ്ങി ഒട്ടേറെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

നഗരത്തിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, ഇന്ത്യയിലെ തന്നെ പ്രമുഖമായ ഒരു സ്ഥാപനമാണ്. അഖിലേന്ത്യാ വൈദ്യശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ട് (All India Institute of Medical Sciences (AIIMS) എന്ന പദവിയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്ന ഒരു ചികിത്സാകേന്ദ്രമാണിത്. അഖിലേന്ത്യാ തലത്തിൽ പ്രശസ്തമായ മറ്റൊരു സ്ഥാപനമാണ് കോളേജ് ഓഫ് എഞ്ചിനീയറിംങ് തിരുവനന്തപുരം (സി.ഇ.ടി).ജില്ലയിലെ രണ്ടാമത്തെ സർക്കാർ ഏൻജിനീയറിംങ് കോളേജായ ബാർട്ടൺഹിൽ ഏൻജിനീയറിംങ് കോളേജ് സംസ്ഥാനത്തെ മികച്ച നിലവാരം പുലർത്തുന്ന കോളേജാണ്.




ടെക്നോ പാർക്ക്

ടെക്നോപാർക്ക് ഐ ഐ ഐ റ്റി എം കെ, ടെക്നോസിറ്റിയിൽ പ്രവർത്തിക്കുന്ന ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ്സ്, എന്നിവ മാനേജ്മെന്റ് വിദ്യാഭ്യാസമേഖലയിലെ ഉന്നത നിലവാരം പുലർത്തുന്ന രണ്ട് സ്ഥാപനങ്ങളാണ്. ശാസ്ത്ര-മാനവിക വിഷയങ്ങളിലും നിരവധി മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ ഉണ്ട്. കേരളത്തിലെമ്പാടുമെന്നപോലെത്തന്നെ ഇവിടെയും മൂന്നുതരം സ്കൂളുകൾ ഉണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ളവ (സർക്കാർ സ്കൂൾ - 517), സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നവ (എയിഡഡ് സ്കൂൾ - 378), സർക്കാർ ധനസഹായമില്ലാതെ പ്രവർത്തിക്കുന്നവ (അൺഎയിഡഡ് - 58 ). ആകെ 983 സ്കൂളുകൾ (http://www.education.kerala.gov.in/schools.htm). സർക്കാർ സ്കൂളുകൾ, സംസ്ഥാന സർക്കാറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളവയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന പാഠ്യപദ്ധതി നടപ്പിലാക്കുന്നവയുമാണ്. എയിഡഡ് സ്കൂളുകളും സംസ്ഥാന സർക്കാറിന്റെ പാഠ്യപദ്ധതി പിന്തുടരുന്നു. വിദ്യാഭ്യാസ ട്രസ്റ്റുകളോ/ബോർഡുകളോ നടത്തുന്ന സ്വകാര്യ വിദ്യാലയങ്ങൾ സി ബി എസ്

ഇ/ഐ സി എസ് ഇ/സർക്കാർ പാഠ്യപദ്ധതി എന്നിവയിൽ ഒന്നോ അതിലധികമോ പാഠ്യപദ്ധതികൾ പിന്തുടരുന്നു. ഇവയ്ക്കു പുറമേ, കേന്ദ്ര സർക്കാർ നേരിട്ടു നടത്തുന്ന നാല് കേന്ദ്രീയ വിദ്യാലയങ്ങളും തിരുവനന്തപുരത്തുണ്ട്. സി ബി എസ് ഇ പാഠ്യപദ്ധതിയാണ് ഇവിടങ്ങളിൽ പിന്തുടരുന്നത്. കേരളത്തിലെ ആദ്യത്തെ അന്തർദേശീയ വിദ്യാലയവും തിരുവനന്തപുരത്താണ്. 'തിരുവനന്തപുരം ഇന്റർനാഷണൽ സ്കൂൾ' 2003 ഓഗസ്റ്റ് മാസത്തിലാണ്, നഗര പ്രാന്തത്തിലുള്ള തോന്നക്കലിൽ പ്രവർത്തനം ആരംഭിച്ചത്. 2001 ലെ സെൻസസ് പ്രകാരം തിരുവനന്തപുരത്തെ സാക്ഷരത നിരക്ക് 86.36 ശതമാനമാണ്. പുരുഷന്മാരിൽ ഇത് 92.68 ശതമാനവും സ്ത്രീകളിൽ 86.26 ശതമാനവുമാണ്.

**ശാസ്ത്ര സാങ്കേതിക മേഖല**

ബഹിരാകാശ ശാസ്ത്രം, വിവര സാങ്കേതിക വിദ്യ, ജൈവ സാങ്കേതിക വിദ്യ (ബയോ ടെക്നോളജി), വൈദ്യശാസ്ത്രം തുടങ്ങി വിവിധ മേഖലകളിലെ ഗവേഷണ - വികസന പ്രവർത്തനങ്ങൾ നടക്കുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രമാണ് തിരുവനന്തപുരം. ഇവിടുത്തെ പ്രധാന ഗവേഷണ കേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്:

- വിക്രം സാരാഭായി ബഹിരാകാശ കേന്ദ്രം(വി എസ്സ് എസ്സ് സി - Vikram Sarabhai Space Centre)
- ദ്രവ ഇന്ധന സാങ്കേതിക കേന്ദ്രം (എൽ പി എസ്സ് സി - Liquid Propulsion Systems Centre)
- തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം(Thumba Equatorial Rocket Launching Station(TERLS))
- ബ്രഹ്മോസ് എയ്റോസ്പെയ്സ് യൂണിറ്റ് (BrahMos Aerospace unit)
- രാജീവ് ഗാന്ധി ജൈവ സാങ്കേതിക കേന്ദ്രം(Rajiv Gandhi Centre for Bio Technology)
- ട്രോപ്പിക്കൽ സസ്യോദ്യാനവും ഗവേഷണ കേന്ദ്രവും(Tropical Botanical Garden and Research Institute)
- ഇ.ആർ.&ഡി.സി. - സി ഡാക്
- എൻ.ഐ.എസ്.ടി. (National Institute for Interdisciplinary Science & Technology - NIST)
- ഇന്ത്യൻ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൌണ്ടേഷൻ(Free Software Foundation of India(FSF(I))
- റീജിയണൽ ക്യാൻസർ സെന്റർ(RCC)
- ശ്രീ ചിത്തിര തിരുനാൾ, മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (Sree Chitra Thirunal Institute of Medical Sciences and Technology (SCTIMST))

- ഭൗമ ശാസ്ത്ര പഠന കേന്ദ്രം(Centre for Earth Science Studies (CESS))
- കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രം(Central Tuber Crops Research Institute - CTCRI)
- പ്രിയദർശിനി നക്ഷത്ര ബംഗ്ലാവ് (Priyadarsini Planetarium)
- വികാസ പഠന കേന്ദ്രം(Centre for Development Studies)
- ഓറിയന്റൽ ഗവേഷണ കേന്ദ്രവും കയ്യെഴുത്തു ഗ്രന്ഥശാലയും (The Oriental Research Institute & Manuscripts Library)
- കേരള പ്രധാനപാത ഗവേഷണ കേന്ദ്രം (Kerala Highway Research Institute)
- കേരള മത്സ്യ ഗവേഷണ കേന്ദ്രം (Kerala Fisheries Research Institute)
- സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി (സി-ഡിറ്റ്) (Centre For Development of Imaging Technology (C-DIT)

**വിനോദസഞ്ചാരം**

തിരുവനന്തപുരം നഗരത്തിലും അതിന്റെ പരിസരപ്രദേശങ്ങളിലുമായി അനേകം വിനോദസഞ്ചര കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

- കോവളം ബീച്ച് -ലോകമെങ്ങും പ്രശസ്തിയാർജ്ജിച്ച കോവളം കടൽ തീരം. തിരകൾ വളരെ കുറവാണ്


കോവളം ബീച്ച്

എന്നതാണിവിടുത്തെ പ്രത്യേകത. തിരുവനന്തപുരം നഗരത്തിന് 14 കിലോമീറ്റർ തെക്ക് മാറി സ്ഥിതി ചെയ്യുന്നു. *കോവളം ലൈറ്റ് ഹൗസ്, ഹാൽസിയൻ കൊട്ടാരം* എന്നിവ കോവളത്തെ

പ്രശസ്തമായ മറ്റുസ്ഥലങ്ങളാണ്.


- വർക്കല ക്ലിഫ് - തിരുവനന്തപുരം നഗരത്തിൽ നിന്നും 46 കിലോമീറ്റർ വടക്കു മാറി വർക്കല സ്ഥിതി ചെയ്യുന്നു. . ശിവഗിരി തീർത്ഥാടന കേന്ദ്രവും വർക്കലയിൽ ഉണ്ട്.
- വേളി - നഗര പ്രാന്തത്തിലുള്ള ഒരു വിനോദ സഞ്ചാരകേന്ദ്രമാണ്. ഇവിടം *വേളി ടൂറിസ്റ്റ് വില്ലേജ്* എന്നാണ് അറിയപ്പെടുന്നത്. അറബിക്കടലും വേളികായലും ചേരുന്ന സ്ഥലമാണ്. മഴമൂലം വേളി കായലിൽ വെള്ളം കൂടുമ്പോൾ കടലും കായലും തമ്മിൽ വേർതിരിച്ചിരിക്കുന്ന മണൽതിട്ട(പൊഴി) മുറിയുകയും കായൽ ജലം കടലിലേക്ക് ഒഴുകുകയും ചെയ്യും. ഇവിടെ കുട്ടികൾക്ക് കളിക്കുന്നതിനുള്ള കളിസ്ഥലവും ഒരു സസ്യോദ്യാനവും സ്ഥിതിചെയ്യുന്നു. കൂടാതെ വേളി കായലിൽ *ബോട്ട്* സവാരി നടത്തുന്നതിനുള്ള സൗകര്യവും ഉണ്ട്.
- ആക്കുളം - നഗരാതിർത്തിക്കുള്ളിൽ *ദക്ഷിണവ്യോമസേനാ താവള*ത്തിനടുത്തായി സ്ഥിതിചെയ്യുന്ന ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ് *ആക്കുളം*. ഇവിടെ ബോട്ട് സവാരി നടത്തുന്നുണ്ട്. കൂടാതെ *നീന്തൽക്കുളം, അക്വേറിയം*, കുട്ടികൾക്കുള്ള കളിസ്ഥലം എന്നിവ സ്ഥിതിചെയ്യുന്നു.
- പൂവാർ - ഈ ഗ്രാമത്തിലെ മനോഹരമായ കടൽത്തീരം അനവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്നു.തിരുവനന്തപുരം നഗരത്തിന് 18 കിലോമീറ്റർ തെക്ക് മാറി സ്ഥിതി ചെയ്യുന്നു. പ്രകൃതിരമണീയവുമായ ഈ ഗ്രാമത്തിൽ ഒരു ഫ്ലോട്ടിംഗ് റിസോർട്ടുമുണ്ട്.
- കിളിമാനൂർ - തിരുവനന്തപുരം നഗരത്തിൽ നിന്നും 36 കിലോമീറ്റർ വടക്കു മാറി കിളിമാനൂര് സ്ഥിതി ചെയ്യുന്നു. രാജാ രവിവർമ്മ ജനിച്ചത് കിളിമാനൂർ കൊട്ടാരത്തിലാണ്.
- ശംഖുമുഖം ബീച്ച്-തിരുവനന്തപുരം അന്താരാഷ്ട്രവിമാനത്താവളത്തിനടുത്തായി സ്ഥിതിചെയ്യുന്ന ഒരു പ്രധാന സ്ഥലമാണ് *ശംഖുമുഖം* കടൽ ത്തീരം. ഇവിടത്തെ പ്രധാന ആകർഷണം കാനായി കുഞ്ഞിരാമൻ പണിത *മത്സ്യകന്യക*യുടെ ശില്പമാണ്. കൂടാതെ ചെറിയ ഒരു ഉദ്യാനവും സ്ഥിതിചെയ്യുന്നു. ശംഖുമുഖത്തിന് അല്പം അകലെയായി *വലിയതുറ*യിൽ ഒരു *കടൽപാല*വും സ്ഥിതിചെയ്യുന്നു.
- മൃഗശാല- ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച മൃഗശാലകളിലൊന്നായി കണക്കാക്കപ്പെടുന്നു. പക്ഷിമൃഗാദികളെ സ്വാഭാവിക ചുറ്റുപാടിൽ സംരക്ഷിച്ചിരിക്കുന്നത് പ്രത്യേകതയാണ്.
- സർക്കാർ കലാ പ്രദർശനാലയം (മ്യൂസിയം)- മൃഗശാലക്കടുത്തായി വലിയ കൊട്ടാരത്തിൽ സർക്കാർ

പഴയ കാലങ്ങളിലേയുള്ള അപൂർവ്വ വസ്തുക്കളും കലാവസ്തുക്കളും പ്രദർശനത്തിനായി വച്ചിരിക്കുന്നു.

- നെയ്യാർ അണക്കെട്ട് നഗരത്തിൽ നിന്ന് 32 കി.മീ അകലെയാണ്. ചെറിയ വന്യമൃഗകേന്ദ്രവും ഉദ്യാനവും അണക്കെട്ടിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.





- പത്മനാഭസ്വാമി ക്ഷേത്രം
- പേപ്പാറ- അണക്കെട്ടും വന്യമൃഗസംരക്ഷണ കേന്ദ്രവും
- പൊൻമുടി- സുഖവാസ കേന്ദ്രം
- അരുവിക്കര തീർത്ഥാടന കേന്ദ്രം



# തത്തമ്മയും മത്തങ്ങയും


**ആഷിക്ക്.ബി.എസ് (9B)**



കൂട്ടിലുണ്ടൊരു തത്തമ്മ
കൂട്ടുകൂടും തത്തമ്മ
കൊട്ടുചൊല്ലും തത്തമ്മ
പാട്ടു പാടും തത്തമ്മ

വള്ളിയിലുണ്ടൊരു മത്തങ്ങ
തറയിലുറങ്ങും മത്തങ്ങ
പന്തുകണക്കൊരു മത്തങ്ങ
കെട്ടുമുറിച്ചാൽ പോകില്ല

എള്ളുകൊറിക്കും തത്തമ്മ
നെല്ല് കൊറിക്കും തത്തമ്മ
കൂട്ടരുമൊത്തു കളിപ്പാനായ്
കൂട്തുറന്നാൽ പാറിപ്പോം



എന്നെപ്പോലൊരു തത്തമ്മ
എന്നോമനയാം തത്തമ്മ
കൊള്ളാം  കൊള്ളാം മത്തങ്ങ
തിന്നാൻ മാത്രം മത്തങ്ങ



**അധികവായനയ്ക്ക്** -സിറ്റാസിഫോർമസ് (Psittaciformes) പക്ഷി ഗോത്രത്തിലെ സിറ്റാസിഡേ (Psittacidae) കുടുംബത്തിൽപ്പെടുന്ന പക്ഷികളെ തത്തകൾ എന്നു പൊതുവേ പറയുന്നു. ഇവ മിക്കവാറും കൂട്ടമായാണ് സഞ്ചരിക്കുന്നത്. 80 ജനുസുകളിലായി ഏകദേശം 372 സ്പീഷിസുകൾ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ഉഷ്ണമേഖലയിലും ഉഷ്ണമേഖലയോടടുത്ത പ്രദേശങ്ങളിലുമാണ് ഇവ സാധാരണയായി കാണപ്പെടുന്നത്.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 5

## കീഴാർനെല്ലി



| | | |
|---|---|---|
| **ശാസ്ത്രീയ നാമം** | **:** | ഫൈലാന്തസ് നിറൂറിൽ |
| **ഗുണമേന്മ** | **:** | കീഴാർ നെല്ലി പറമ്പുകളിൽ സാധാരണയായി കാണപ്പെടുന്ന ഔഷധ സസ്യമാണ്. കീഴാർ നെല്ലി പാലിൽ സമൂലം അരച്ച് കഴിക്കുന്നത് മഞ്ഞപ്പിത്തത്തിന് വളരെ ഉത്തമമാണ്. |

### കീഴാർനെല്ലി പായസം

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| കീഴാർനെല്ലി | - | 10 എണ്ണം സമൂലം പിഴുതെടുത്ത് അരച്ചത് | ഏലയ്ക്കാപ്പൊടി | - | കാൽ ടീസ്പൂൺ |
| പൊടിയരി | - | 2 കപ്പ് | അണ്ടിപ്പരിപ്പ് | - | 25 ഗ്രാം |
| തേങ്ങാപ്പാൽ | - | 1 കപ്പ് | ഉണക്കമുന്തിരി | - | 25 ഗ്രാം |
| വെല്ലം | - | അര കിലോ | നെയ്യ് | - | 2 ടിസ്പൂൺ |

**തയ്യാറാക്കുന്ന വിധം**

പൊടിയരി നന്നായി വേവിച്ചശേഷം തേങ്ങാപ്പാലും കീഴാർനെല്ലി അരച്ചതും ചേർത്ത് തിളപ്പിക്കുക. ശേഷം ബെല്ലം ഉരുക്കി ഒഴിക്കുക, അണ്ടിപ്പരിപ്പും മുന്തിരിയും നെയ്യിൽ വറുത്തുകോരി ഏലക്കാ പൊടിയും ചേർത്ത് ഇളക്കി വാങ്ങിവച്ച് ഉപയോഗിക്കാം.

## കീഴാർ നെല്ലിയില ന്യൂഡിൽസ്

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| പ്ലെയിൻ ന്യൂഡിൽസ് | - | 1 പാക്ക് | ബീൻസ് | - | 5 എണ്ണം |
| കീഴാർ നെല്ലിയില | - | 30 എണ്ണം | വെള്ളം | - | കാൽ കപ്പ് |
| കാരറ്റ് | - | 1 ചെറുത് | ഗരം മസാല | - | അര ടീസ്പൂൺ |

**പാചകം ചെയ്യുന്ന വിധം**

കാരറ്റും, ബീൻസും കനം കുറച്ച് നീളത്തിൽ അരിഞ്ഞ് എണ്ണയിൽ വഴറ്റുക. നന്നായി വഴറ്റിയശേഷം കീഴാർനെല്ലിയില തണ്ടു കളഞ്ഞതും ചേർത്ത് ഒന്നുകൂടി വഴറ്റി കുരുമുളകുപൊടി തൂകി ഇളക്കി വാങ്ങി വയ്ക്കാം.

ചീനച്ചട്ടിയിൽ വെള്ളം ഒഴിച്ച് തിളയ്ക്കുമ്പോൾ ന്യൂഡിൽസും ഗരംമസാലപ്പൊടിയും ചേർത്ത് വേവിച്ച് എടുക്കാം. വെന്ത് വെള്ളം വറ്റിയശേഷം എണ്ണയിൽ വഴറ്റി വെച്ച കൂട്ടും ഉപ്പും ചേർത്ത് ഇളക്കിയോജിപ്പിച്ച് ചൂടോടെ ഉപയോഗിക്കാം.

# മിന്നാംകണ്ണി

**ഗുണമേന്മ -** നമ്മുടെ വയൽ വരമ്പുകളിൽ സാധാരണമായി കാണുന്ന ഒരു സസ്യമാണ് മിന്നാംകണ്ണി ഇത് നമ്മൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്നു.

## മിന്നാംകണ്ണി തോരൻ

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| മിന്നാംകണ്ണി | - | 1 കപ്പ് | തേങ്ങ ചിരകിയത് | - | കാൽ കപ്പ് |
| വെളിച്ചെണ്ണ | - | 2 ടിസ്പൂൺ | പച്ചമുളക് | - | 5 എണ്ണം |
| മഞ്ഞൾപൊടി | - | അര ടിസ്പൂൺ | സവാള | - | ഒരു ചെറുത് |
| കടുക് | - | ആവശ്യത്തിന് | ഉപ്പ് | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

ചട്ടി നല്ലതുപോലെ ചൂടാക്കുക, അതിനുശേഷം വെളിച്ചെണ്ണ ഒഴിച്ച് കടുക് പൊട്ടിക്കുക, അതിലേക്ക് ചെറുതായി അരിഞ്ഞ് വെച്ച് മിന്നാംകണ്ണി, സവോള, പച്ചമുളക്, തേങ്ങ, ഉപ്പ്, മഞ്ഞൾപ്പൊടി എന്നിവ ചേർത്ത് അൽപ്പം വെള്ളം ഒഴിച്ച് ഇളക്കിയ ശേഷം മൂടിവെയ്ക്കുക. വെന്തശേഷം വാങ്ങിവച്ച് ചൂടോടെ ഉപയോഗിക്കാം.

## തുമ്പ



| | |
|---|---|
| **ശാസ്ത്രീയ നാമം -** | *Leucas aspera* |
| **രൂപ വിവരണം -** | രണ്ടടി ഉയരത്തിൽ വളരുന്ന നിത്യ ഹരിതവും, രോമിലവുമായ ഒരു ഏകവർഷി സസ്യമാണിത്. ഇലയും തണ്ടും പച്ചനിറം. വെള്ള നിറത്തോടുകൂടിയ ചെറിയ പൂക്കൾ, ശാഖാഗ്രങ്ങളിലോ പത്രകക്ഷത്തിലോ കാണുന്നു. |
| **ഗുണമേന്മ -** | തേൾ കടിച്ച ഭാഗത്ത് തുമ്പയില അരച്ച് തേച്ചാൽ വിഷം മാറികിട്ടും. തുമ്പ സമൂലം ഇടിച്ചുപിഴിഞ്ഞ നീര്കുടിച്ചാൽ വയർ ശുദ്ധമാകുകയും, രോഗപ്രതിരോധ ശക്തി ഉണ്ടാകുകയും ചെയ്യുന്നു. |

## തുമ്പയിലതോരൻ

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| തുമ്പയില | - | അര കപ്പ് | ചെറിയ ഉള്ളി | - | 4 എണ്ണം |
| തേങ്ങ ചിരകിയത് | - | കാൽ കപ്പ് | മഞ്ഞപ്പൊടി | - | കാൽ ടിസ്പൂൺ |
| പച്ചമുളക് | - | 4 എണ്ണം | ഉപ്പ്, കടുക് | - | കാൽ ടീസ്പൂൺ |


**തയ്യാറാക്കുന്ന വിധം**

മൂക്കാത്ത ഇലയും തണ്ടും ചെറുതായി അരിഞ്ഞ് തേങ്ങയും പച്ചമുളകും ഉള്ളിയും ഉപ്പും ചേർത്ത് വേവിച്ച് കടുക് വറുത്ത് ഉപയോഗിക്കാം.

# FLOWER

**Anushes S Asok**

Oh! Flowers, how beautiful you are ?
I learned the secret of your beauty.
I would like to ask something to you.
Your beauty so sweet and nice.
You act as sister of nature.
Your fragrance makes tickling.
Would like to kiss
Wind blews, fragrance tatters my heart.
Obedience to all the blessings of nature.
Satisfy the world of history.
An epitome of kindness and tolerance.
terribles  left you away from the world.
But no one save you from the world.
But no one save you from the crisis .
Trying to crumple you with their fist.
But once you are born in life.
They search for you for their needs.
And contented all of their needs like a mother.
But no one cares you.
No one knows you.
And no one search you.





**Additional reading -** A flower, sometimes known as a bloom or blossom, is the reproductive structure found in flowering plants (plants of the division Magnoliophyta, also called angiosperms). The biological function of a flower is to effect reproduction, usually by providing a mechanism for the union of sperm with eggs.

# എൻ.എസ്.എസ്

1969-സെപ്റ്റംബർ 24-ാം തിയതി കേന്ദ്ര വിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ.വി.കെ.ആർ.വി റാവു നാഷ്ണൽ സർവ്വീസ് സ്കീം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. 2015-ൽ പി.കെ സത്യനേഷനേശൻ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തനം ആരംഭിച്ച്.

**ലക്ഷങ്ങൾ**

- തങ്ങൾ ജീവിക്കുന്ന സമൂഹത്തെ മനസ്സിലാക്കുക
- സമൂഹബോധവും പൗരബോധവും വളർത്തിയെടുക്കുക

**2018 ലെ പ്രവർത്തനങ്ങൾ**

- ലഹരിവിരുദ്ധ ബോധവൽക്കരണ മാജിക്ക് ഷോ - 6/7/2018
- പ്രകൃതിപഠന ക്യാമ്പ് - 18/8/2018
- Orientation class – 7/9/2018
- Awarness class on 'constitution day' about Dr. Ambedkar – 26/11/2018
- Awarness class on 'World Handicaped Day' about differently able people – 03/12/2018
- Awarness class about self defense for girls – 04/12/2018
- കൈത്താങ്ങ് - കഴിവൂർ മൂന്ന്മുക്കിൽ നിന്നും വരുന്ന ശരത് എന്ന വിദ്യാർത്ഥിയുടെ വീട് paint ചെയ്ത് വീടും പരിസരവും വൃത്തിയാക്കുകയും ചെയ്തു - 28/7/2018
- അക്ഷരദ്വിപം പദ്ധതിയുടെ ഭാഗമായി ശേഖരിച്ച പുസ്തകങ്ങൾ മഹാത്മാസ്മാരക ഗ്രാമോത്ഥര ഗ്രന്ഥശാലയ്ക്ക് കൈമാറി - 8/8/2018
- കൈവൻവിള ബഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കൊപ്പം സ്വാതന്ത്ര്യദിനം ആഘോഷിച്ചു - 19/8/2018
- Donate food materials 'Maanaveeyam' flood relief collection centre Govt. boys school Neyyatinkara - 27/8/2018
- Donate food materials to flood relief collection centre at Velayambalam -19/8/2018
- Volunteered flood affected area and flood relief collection centre -29/8/2018
- 'Snehasammanam' to Kazhivoor Anganvaadi Moonumukk Athiyannoor block -14/9/2018
- 'Changathi pothi' Athiyannoor block under the leadership of ward member Sislet Bai -19/9/2018

- Conducted blood donation camp at Kanjiramkulam -29/9/2018
- Conducted flash mob related Gandhi Jayanthi -2/10/2018
- Concreted 'NSS Bhavanam' to a widow Latha at Pathanavila -30/9/2018
- Conducted 'Diabetics Day Awareness walk' -14/11/2018
- Blood donation camp. Donated blood to Govt. Hospital Thaikad at KJM junction -5/12/2018


Blood donation camp




NSS Bhavanam


Clean campus

# കുഞ്ഞാടും ചെന്നായും

**ഹിരൺ (9A)**



ഒരിക്കൽ ഒരു ആട്ടിൻപറ്റം കാട്ടിൽ മേയുകയായിരുന്നു. സൂര്യാസ്തമയമായി അവയ്ക്ക് തിരിച്ച് പോകാൻ സമയമായി. "വേഗമാകട്ടെ മോളെ" തള്ളയാട് വിളിച്ച് പറഞ്ഞു. നമുക്ക് വീട്ടിൽ പോകണ്ടേ ആ ചെന്നായ് ഇവിടെയെവിടെയെങ്കിലും കാണും. ദാ.. നേരമിരുട്ടി. കുഞ്ഞാടിന് അത് തീരെ പിടിച്ചില്ല, അവൾ പറഞ്ഞു " നോക്കമ്മേ എനിക്ക് എന്നെ നോക്കാനുള്ള പ്രായമായില്ലെ, കണ്ടില്ലെ എന്റെ കൊമ്പുകൾ എത്ര വലുതായെന്ന്! അമ്മ പൊയ്ക്കോ ഞാൻ എത്തിക്കൊള്ളാം" കുഞ്ഞാട് തീറ്റിതുടർന്നു. മറ്റെല്ലാ ആടുകളും പോയി, ഇരുട്ടുപരന്നു തുടങ്ങി. കുഞ്ഞാടിന് പേടിയായി. "അമ്മേ..." കുഞ്ഞാട് പേടിച്ച് വിളിച്ചു, അത് പേടിച്ച് ഓടാൻ തുടങ്ങി. പക്ഷെ.... അതാ.. ചെന്നായ് തൊട്ടുമുന്നിൽ "അല്ലാ, കുഞ്ഞാടെ നീയെന്താ ഈ കാട്ടിൽ തനിച്ച് " ചെന്നായ് ചിരിച്ചു കൊണ്ടു ചോദിച്ചു."ഞാൻ .... വീട്ടിൽ .. പോട്ടെ...." കുഞ്ഞാട് വിക്കി വിക്കി പറഞ്ഞു.

" അതിനെന്തോ പോകാമല്ലോ എന്റെ ഭക്ഷണം കഴിഞ്ഞിട്ട് പൊയ്ക്കോ. എന്റെ ഭക്ഷണം നീയാണ് കേട്ടോ," ചെന്നായ് ചിരിച്ചു കൊണ്ട് പറഞ്ഞു.

കുഞ്ഞാട് ഒന്നാലോചിച്ചു. എന്നിട്ട് പറഞ്ഞു "ചെന്നായ് ചേട്ടാ എന്തായാലും എന്നെ കൊല്ലാൻ പോവുകയല്ലേ...? എന്നെ കൊല്ലുന്നതിനു മുമ്പ് എനിക്ക് വേണ്ടി ഒരു പാട്ട് പാടുമോ? ഞാനും പാടാം ജിവിച്ചിരിക്കുന്നടുത്തോളം കാലം സന്തോഷിക്കാമല്ലോ എന്നിട്ട് മരിക്കാം". അവന്റെ അവസാനത്തെ ആഗ്രഹമല്ലേ എന്നുകരുതി ചെന്നായ് പാടി ഒപ്പം കുഞ്ഞാടും. കുഞ്ഞാടിനെ അന്വേഷിച്ചെത്തിയ ആട്ടിടയൻ അതു കേട്ടു. അയാൾ അങ്ങോട്ടേക്ക് ഓടി, അയാളോടൊപ്പം ഉള്ള പട്ടികൾ ചെന്നായെ തുരത്തി. അങ്ങനെ കുഞ്ഞാട് സുരക്ഷിതനായി വീട്ടിലെത്തി.



**അധികവായനയ്ക്ക്** -ബൊവിഡേ എന്ന കുടുംബത്തിലെ ഒരു അംഗമാണ് ആട് (Capra aegagrus). ഏറ്റവും ആദ്യമായിത്തന്നെ മനുഷ്യർ മെരുക്കിയെടുത്ത ജീവികളിലൊന്നാണ് ആട്. 2011 -ലെ കണക്കുപ്രകാരം ലോകത്താകമാനം 92 കോടിയിലേറെ ആടുകൾ ഉണ്ട്.

# മലയാളനാട്

**നീസ്സ (9A)**

മലയാളത്തിൻ മലനാട്
മരതകപച്ചതൻ മലനാട്
സുന്ദര കേരളം എൻ നാട്
മതമൈത്രിയാൽ സമ്പന്നം

കഥകളിയിൻ കേരനാട്
അറബിക്കടലിൻ അരികത്തായി
സാക്ഷരകേരളവിജ്ഞാനത്തിൻ
വിനിമയമായി വിളങ്ങീടുന്ന




ദൈവത്തിൻ സ്വന്തംനാടാം
സഞ്ചാരികളുടെ ആശാതീരം
മലയാളനാടിൻ മാതൃഭാഷ
മനംകുളിർക്കുന്നൊരുമലയാളം

സർവ്വമതങ്ങളുംനിലകൊള്ളും
സമാധാനത്തിന്റെ തുരുത്തായി
ലോകത്തിൻ ശാന്തിയായി
നിലനിർത്താൻ നമുക്കൊന്നിക്കാം.



**അധികവായനയ്ക്ക്** -ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ അറ്റത്തുള്ള സംസ്ഥാനമാണ് കേരളം. *കേരവൃക്ഷങ്ങൾ നിറഞ്ഞ സ്ഥലം എന്ന അർത്ഥത്തിൽ കേരളം എന്ന പേര് ഉണ്ടായി എന്ന* അഭിപ്രായമാണ് ഏറ്റവും പ്രബലം. കേരം എന്ന പദവും സ്ഥലം എന്നർഥം വരുന്ന അളം എന്ന പദവും ചേർന്നാണ് കേരളം എന്ന പേര് ഉണ്ടായത് എന്ന് വാദം ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. വടക്കൻ അക്ഷാംശം 8° 17' 30" നും 12° 47'40" ഇടയ്ക്കും കിഴക്കൻ രേഖാംശം 74° 27'47" നും 77° 37'12" നും ഇടയ്ക്കുമായി ഈ സംസ്ഥാനം സ്ഥിതി ചെയ്യുന്നു.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 6

## പന്നൽ



### പന്നൽ ഇല തോരൻ

**ചേരുവ**

| | | |
|---|---|---|
| പന്നൽ ഇല | - | 1 കപ്പ് |
| തേങ്ങ ചിരകിയത് | - | അര മുറി |
| എണ്ണ, കടുക് | - | ആവശ്യത്തിന് |
| കറിവേപ്പില | - | 1 തണ്ട് |
| ഉള്ളി | - | 5 ചുള |
| ജീരകം | - | ഒരു നുള്ള് |
| മുളക് | - | 3 എണ്ണം |

**തയ്യാറാക്കുന്ന വിധം**

പന്നൽ ഇല വെയിലത്ത് വച്ച് വാട്ടിയെടുക്കുക ശേഷം തേങ്ങ, ഉള്ളി, ജീരകം, മുളക്, മഞ്ഞൾപ്പൊടി എന്നിവ നന്നായി അരക്കുക ചീനച്ചട്ടി അടുപ്പിൽ വച്ച് ചൂടാക്കുക. കട്ക് താളിച്ച് അതിലേക്ക് അരപ്പും പന്നലിലയും ഇട്ട് വേവിക്കുക.

## കന്നിസൊപ്പ്

**ശാസ്ത്രീയ നാമം -** കെറേലിന ബംഗാളനിസിസ്

### കന്നിസൊപ്പ് ചപ്പാത്തി

**ചേരുവ**

ഗോതമ്പ് പൊടി - 250 ഗ്രാം

| | | |
|---|---|---|
| കന്നിസൊപ്പ് | - | 15 ഇല |
| ഉപ്പ് | - | ആവശ്യത്തിന് |
| എണ്ണ | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

ഗോതമ്പുപൊടിയിൽ ആവശ്യത്തിന് ഉപ്പിട്ട് ചെറു ചൂടുവെള്ളവും ആവിയിൽ പുഴുങ്ങി നന്നായി അരച്ചെടുത്ത കന്നിസൊപ്പും ചേർത്ത് മാവ് കുഴച്ചെടുക്കുക. -(ചപ്പാത്തി മാവിൻറെ പരുവത്തിൽ) ശേഷം ചെറിയ ഉരുളകളാക്കി ഗോതമ്പ് പൊടിവിതറി വട്ടത്തിൽ പരത്തിയെടുത്ത് ചൂടായ തവയിൽ ഇട്ട് എണ്ണ തടവി ഇരുപുറവും ചുട്ടെടുക്കുക.

## കാട്ടുപയർ



| | | |
|---|---|---|
| **രൂപ വിവരണം** | - | പ്രത്യേക പരിസ്ഥിതിയുടെ ഒന്നും ആവശ്യമില്ലാതെ എല്ലായിടത്തും വളരുന്നു. പയർ പലതരത്തിലുണ്ട്. കാട്ടുപയർ വേലിപടർപ്പുകളിൽ ധാരാളമായി കണ്ടുവരുന്നു. ഇതിൽ വിറ്റാമിൻ എ.ബി, സി ധാരാളമായി അടങ്ങിയിരിക്കുന്നു. പയർ ചെടിയിലെ വേരിലെ മുഴകൾ നൈട്രജൻ ധാരാളമായി ഉൽപാദിപ്പിക്കുന്നു. മണ്ണിൻറെ വളക്കൂറ് വർദ്ധിപ്പിക്കുന്നു. |
| **ഗുണമേന്മ** | - | ധാരാളം വിറ്റാമിനുകളും, പ്രോട്ടീനുകളും അടങ്ങിയിരിക്കുന്നു. |

### പയറില തോരൻ

**ചേരുവ**

| | | |
|---|---|---|
| പയറിൻറെ തളിരില | - | 1 കപ്പ് |
| തേങ്ങ | - | 1 മുറി |
| മുളകുപൊടി | - | അര ടിസ്പൂൺ |
| വറ്റൽ മുളക് | - | 4 എണ്ണം |
| കടുക് | - | 1 ടിസ്പൂൺ |

| | | | | | |
|---|---|---|---|---|---|
| ചുവന്നുള്ളി | - | 2 എണ്ണം | വെളിച്ചെണ്ണ | - | 2 ടേപിൾസ്പൂൺ |
| വെളുത്തുള്ളി | - | 4 അല്ലി | ഉപ്പ് | - | പാകത്തിന് |

**തയ്യാറാക്കുന്ന വിധം**

പയറില വൃത്തിയാക്കി അരിഞ്ഞുവക്കുക, തേങ്ങ, മുളകുപൊടി, ചുവന്നുള്ളി, വെളുത്തുള്ളി എന്നിവ നന്നായി അരച്ചുവക്കുക. അരിഞ്ഞ പയറിലയിൽ അരച്ച ചേരുവകളും പാകത്തിന് ഉപ്പും വെള്ളവും ചേർത്ത് വേവിക്കുക. ചീനച്ചട്ടിയിൽ വെളിച്ചെണ്ണ ഒഴിച്ച് കടുക് ഇട്ട് പൊട്ടുമ്പോൾ വറ്റൽമുളക് മുറിച്ചതും, കറിവേപ്പിലയും മൂപ്പിച്ച് ഇട്ട് ഇളക്കി ഉപയോഗിക്കുക.

## വഴുതന



**രൂപ വിവരണം** - വെള്ളം കിട്ടുന്ന പ്രദേശങ്ങളിൽ വളരുന്നു. പൊക്കം കുറവാണ്. കായ പലനിറത്തിലും വലുപ്പത്തിലും കാണുന്നു. ധാരാളം വിറ്റാമിനുകളും, മാംസ്യവും ധാതുലവണങ്ങളും അടങ്ങിയരിക്കുന്നു. വേര് ഔഷധമായി ഉപയോഗിക്കുന്നു.

**ഗുണമേന്മ** - വഴുതന ഇലയുടെ സത്ത് കുടിച്ചാൽ ആസ്തമക്ക് ശമനം ലഭിക്കും.

### വഴുതന ഇല തോരൻ

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| വഴുതന ഇല | - | അര കപ്പ് ചെറുതായി അരിഞ്ഞത് | ചെറിയ ഉള്ളി | - | 4 എണ്ണം |
| തേങ്ങ | - | കാൽ കപ്പ് | മഞ്ഞൾപൊടി | - | കാൽ ടിസ്പൂൺ |
| പച്ചമുളക് | - | 4 എണ്ണം | ഉപ്പ്, കടുക് | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

മൂക്കാത്ത ഇലയും തണ്ടും ചെറുതായി അരിഞ്ഞ് തേങ്ങയും പച്ചമുളകും ഉള്ളിയും ഉപ്പും ചേർത്ത് വേവിച്ച് കടുക് വറുത്ത് ഉപയോഗിക്കാം.

# എൻ.സി.സി



1953-ൽ ആണ് ഈ സ്കൂളിൽ NCC ആരംഭിച്ചത്. ആർമിയുടെ യൂണിറ്റാണ് ഇവിടെ പ്രവർത്തിക്കുന്നത്. ചിട്ടയായ അച്ചടക്കവും, കായികശേഷിയും, ഐക്യതയും വിദ്യാർത്ഥികളിൽ ഉണ്ടാക്കി എടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഓരോ വർഷവും എൻ.സി.സി കെഡറ്റുകൾ വിവിധ ക്യാമ്പുകളിൽ പങ്കെടുത്ത് എസ്.എസ്.എൽ.സിയ്ക്ക് Grace Mark ന് അർഹതനേടി എടുക്കുന്നു. ദേശീയ തലത്തിൽ ക്യാമ്പുകളിൽ പങ്കെടുത്ത് വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനും അവരുടെ സംസ്കാരം, ആഹാര രീതി, വസ്ത്രധാരണം, ഉത്സവങ്ങൾ ഇവയെക്കുറിച്ച് അവബോധം ഉണ്ടാക്കി എടുക്കാനും സാധിക്കുന്നു.

ഈ വർഷം (2018-19) നമ്മുടെ സ്കൂളിൽ നിന്നു, 9A യിൽ പഠിക്കുന്ന C.M.S. SACHU.G.S ആന്ധ്രാപ്രദേശിലെ Thirupathi, All India Treeking camp ലും, CQMS. Divin Singh Albert, All India Treeking Camp ലും പങ്കെടുത്ത്, മെഡൽന് അർഹത നേടുകയുണ്ടായി.

ആദ്യ എൻ.സി.സി അദ്ധ്യാപകനായ (Associate NCC officer-ANO)എറ്റവും നല്ല ANO യ്ക്കുള്ള ദേശീയ അവാർഡ്ന് അർഹനായി. ഇപ്പോൾ F/O(First officer) Alvin Joseph NCC യുടെ charge വഹിക്കുന്നു.






NCC Officer





# അഹങ്കാരം അധഃപതനത്തിലേക്ക് വഴിതെളിക്കും

**നിഖിൽ (10D)**



അനന്തപുരി എന്ന ഗ്രാമത്തിൽ രാമു എന്ന പേരായ ഒരു കുട്ടിയുണ്ടായിരുന്നു. അവന് പഠിക്കുവാൻ ആവശ്യമായ ബുദ്ധി ഉണ്ടായിരുന്നില്ല. അവനെ കൂട്ടുകാർ കളിയാക്കുന്നതു കൊണ്ടും അധ്യാപകന്റെ ശിക്ഷയെ പേടിച്ചും അവൻ സ്കൂളിൽ പോയിരുന്നില്ല. എല്ലാ ദിവസവും രാവിലെ ഒൻപത് മണിക്ക് മാത്രമെ അവൻ ഉണർന്നിരുന്നുള്ളൂ. അവന്റെ മാതാപിതാക്കൾ പറയുന്നതു പോലും അവൻ അനുസരിച്ചിരുന്നില്ല.

ഒരു ദിവസം അവൻ രാവിലെ ഉണർന്ന് അവന്റെ വീടിനടുത്തുള്ള ഒരു പുഴയിൽ പോയി വെറുതെ നോക്കിയിരിക്കുകയായിരുന്നു. അവിടെ അവൻ ഒരു പക്ഷിയെ ശ്രദ്ധിച്ചു, പൊന്മാൻ അത് വെള്ളത്തിനുമീതെ കുറേ നേരം നിന്ന ശേഷം വെള്ളത്തിലേക്ക് ഊളിയിട്ട് ഒരു മീനുമായി പറന്നുപേകുന്നത് അവൻ കണ്ടു. മണ്ടനായ രാമുവിന് ഇതൊരു നല്ല വിദ്യയായി തോന്നി. അവൻ പുഴയിലുള്ള ഒരു കല്ലിൽ കയറി മീൻ വരുന്നതു നോക്കി നിന്നു. മീനിനെ കണ്ടപ്പോൾ അവൻ വെള്ളത്തിനടിയിലേക്ക് ഊളിയിട്ടു മീനിനെ പിടിക്കുവാൻ ശ്രമിച്ചു. പക്ഷെ അവന് മീൻ കിട്ടിയില്ല. പകരം അവന്റെ മൂക്ക് കല്ലിൽ ഇടിച്ച് രക്തവുമായി അവൻ വെള്ളത്തിൽ നിന്ന് കയറി വന്നു.

എന്നാൽ എല്ലാം ദിവസവും രാമു തന്റെ പരിശ്രമം തുടർന്നു. ഒരിക്കൽ അവൻ പൊന്മാനെപ്പോലെ മീൻ പിടിച്ചു. പിന്നീട് എല്ലാദിവസവും അവൻ അത് ആവർത്തിച്ചു. നാട്ടുകാർക്ക് രാമുവിൽ വലിയ അതിശയം

തോന്നി, അവർ അവനെ അഭിനന്ദിച്ചു.

രാമുവിന്റെ വിദ്യയെക്കുറിച്ച് ആ നാട്ടിലെ രാജാവും കേട്ടു. ഉടനെ രാജാവ് രാമുവിനെ രാജകൊട്ടാരത്തിലേക്കു വിളിച്ചു. പൊന്മാനെപ്പോലെ മത്സ്യം പിടിക്കുവാൻ രാജാവ് ഒരു കുളം ഉണ്ടാക്കി അതിൽ കുറേ മത്സ്യങ്ങളും ഇട്ടു. ധാരാളം ജനങ്ങൾ രാമുവിന്റെ വിദ്യകാണാൻ കൊട്ടാരത്തിൽ ഒരുമിച്ചു കൂടി. രാമു പരിശീലനം നടത്തുമ്പോൾ ഒരു സന്യാസി വന്ന് അവനോട്- ആരാണ് നീ? നിന്റെ ഗുരു എവിടെ എന്ന് ചോദിച്ചു. എന്നാൽ പ്രശസ്തികൊണ്ട് അഹങ്കാരമേറിയ രാമു പറഞ്ഞു എനിക്ക് ഒരു ഗുരുവും ഇല്ല. ഞാൻ സ്വയം പഠിച്ചതാണി വിദ്യ. അപ്പോൾ സന്യാസി പറഞ്ഞു മോനെ ഗുരുവില്ലാത്തവൻ ശോഭിക്കുകയില്ല. അവൻ അത് അത്ര കാര്യമായി എടുത്തില്ല. അൽപസമയത്തിനു ശേഷം രാജാവും മറ്റ് വിശിഷ്ടാതിഥികളും വന്നു ചേർന്നു. തുടർന്ന് രാമുവിനോട് അവർ പൊൻമാനെപ്പോലെ മീൻ പിടിക്കുന്ന വിദ്യകാണിക്കുവാൻ ആവശ്യപ്പെട്ടു. രാമു പൊന്മാനെപ്പോലെ മീൻ പിടിക്കുവാൻ വെള്ളത്തിലേക്ക് ഊളിയിട്ടു. എന്നാൽ അവൻ പരാജയപ്പെട്ടു. അപ്പോഴാണ് താൻ നേടിയ വിദ്യ തന്റെ തന്നെ അഹങ്കാരത്താൽ നഷ്ടപ്പെട്ടു എന്ന് അവൻ മനസിലാക്കിയത്. ഗുരുവായ പൊൻമാനെ അംഗീകരിക്കാത്തതു കൊണ്ടാണ് എല്ലാം നഷ്ടപ്പെട്ടതെന്ന് അവൻ തിരിച്ചറിഞ്ഞു. നിരാശയോടെ രാമു വീട്ടിലേക്കു നടന്നു നീങ്ങി.

ഈ കഥയിൽ നിന്ന് മൂന്ന് കാര്യങ്ങൾ മനസിലാക്കാം.


- അഹങ്കാരം പാടില്ല.
- ഗുരുവിനെ അംഗീകരിക്കുക.
- പരിശ്രമം കൊണ്ട് ഏതു വിദ്യയും നേടും.



**അധികവായനയ്ക്ക്** -അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന സ്ഥാപനമാണ് വിദ്യാലയം (അഥവാ പള്ളിക്കൂടം, പാഠശാല). അതിപ്രാചീനകാലം മുതൽക്കുതന്നെ ഒരു കേന്ദ്രീകൃത സ്ഥലത്ത് കുട്ടികളെ സംഘങ്ങളാക്കി വിദ്യ അഭ്യസിപ്പിക്കുന്ന രീതി നിലനിന്നിരുന്നു. പ്രാചീന ഭാരതത്തിലും (ഗുരുകുലം), പ്രാചീന ഗ്രീസിലും (അകാഡമി) പ്രാചീന ചൈനയിലും ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. പിൽക്കാലത്ത് വിദ്യാഭ്യാസം ഏതാണ്ട് പൂർണമായും മതങ്ങളുടെ സ്വാധീനത്തിൻ കീഴിലായിരുന്നു. പ്രധാനമായും മതപരമായ ആശയങ്ങളുടെ അഭ്യസനമായിരുന്നു ഈ വിദ്യാലയങ്ങൾ നടത്തിയിരുന്നത്.

# ആരോഗ്യം സർവ്വധനാൽ പ്രധാനം

**അകാശ് (9D)**



ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. "Health is Wealth"എന്ന ചൊല്ലിന് വളരെ പ്രാധാന്യമുണ്ട്. ആധുനികമനുഷ്യൻ തന്റെ ജീവിതശൈലിയുടെ ഫലമായി പല അസുഖങ്ങൾക്കും കീഴ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ കേരളത്തിൽ പട്ടണമെന്നോഗ്രാമമെന്നോ വ്യത്യാസമില്ലാതെ ഉയരുന്ന ആശുപത്രികളുടെ എണ്ണം കാണിക്കുന്നത് രോഗികളുടെ എണ്ണത്തിലുണ്ടായ വൻവർധനവാണ്.

ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് അൻപത് വയസ് കഴിയുന്നവരെ ബാധിച്ചിരുന്ന പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം എന്നിവ ഇന്ന് 30 വയസ് കഴിയുന്ന യുവതി\യുവാക്കളെ പിടികൂടുന്നതായി ആശുപത്രി വിവരങ്ങൾ കാണിക്കുന്നു. സമൂഹത്തിൽ ഇന്ന് തുടരുന്ന ഭക്ഷണരീതിയുടെ തെറ്റായ പോക്ക് രോഗങ്ങളുണ്ടാകാൻ കാരണമാകുന്നു. യഥാസമയം യോജിച്ചമിതമായ ഭക്ഷണം ആരോഗ്യത്തിനുത്തമമാണ്. ഇന്നത്തെ കാലത്ത് ഈക്രമം പാലിക്കുവാൻ മനുഷ്യരാശിക്കുകഴിയുന്നില്ല. വിശക്കുമ്പോഴെല്ലാം തിന്നുക കിട്ടുന്നതെല്ലാം കഴിക്കുക എന്നതാണ് ഇക്കാലത്തെ ശൈലി. ഒരു പ്രാവശ്യം കഴിച്ച ആഹാരം ദഹിക്കാൻ ഏകദേശം 6 മണിക്കൂർ ആവശ്യമാണ്. അതിനാൽ ഈ സമയത്തിനിടയിൽ മറ്റൊന്നും കഴിക്കാതിരിക്കുകയണ് ഉത്തമം. എന്നാൽ ഈ ഇടവേളയിൽ ശുദ്ധമായ ജലം കുടിക്കുന്നത് നന്നായിരിക്കും.

പുതിയ രുചികൾ നിറക്കുന്ന ഭക്ഷ്യവിഭവങ്ങൾ ഇപ്പോൾ ഹോട്ടലുകളിലും, കടകളിലും സുലഭമാണ്. ഈ രുചിയും മണവും നിറയ്ക്കുവാൻ വേണ്ടി പലതരം രാസപദാർത്ഥങ്ങളും ചേരുവകൾക്കൊപ്പം ആഹാരപദാർത്ഥത്തിൽചേർക്കുന്ന കാര്യം ആരും ഓർക്കാറില്ല. രുചിക്കും മണത്തിനുമായി ചേർക്കുന്ന് അജിനോ മോട്ടോ പലതരം ആരോഗ്യപ്രശ്നങ്ങൾക്കും, കാൻസർ എന്ന മാരകരോഗത്തിനും വഴിതെളിക്കുണ്ടെന്ന് പഠനങ്ങൾ പറയുന്നു.

മാംസ ആഹാരം രോഗങ്ങൾക്ക് അടിത്തറയിടുന്ന മറ്റൊരു ഉപാധിയാണ്. ചില ആടുമാടുകൾക്കുണ്ടാക്കുന്ന വൈറസുകൾ, ബാക്ടീരിയകൾ അവയടങ്ങിയ മാംസം ഉയർന്ന താപനിലയിൽ ചൂടാക്കിയാലും നശിക്കുന്നില്ല. ഇവയെ മനുഷ്യൻ ഭക്ഷിക്കുമ്പോൾ ഇവ മനുഷ്യന്റെ ശരീരത്തിൽ കടന്ന് നടത്തുന്ന പ്രവർത്തനങ്ങളിലൂടെ രോഗങ്ങളുണ്ടാക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യനുയോജിച്ചത് പച്ചക്കറി ഉപയോഗിച്ച ഭക്ഷണരീതിയാണ്. പഴം, പച്ചക്കറികൾ തുടങ്ങിയവയിൽ  കാണപ്പെടുന്ന നാരുകൾ കാൻസറിന് കാരണമായേക്കാവുന്ന പദാർത്ഥങ്ങളെ വൻകുടലിൽ നിന്ന് പുറന്തള്ളുവാൻ സഹായിക്കുന്നു.

ആരോഗ്യം ശരിയാക്കാൻ ആഹാരം ക്രമപ്പെടുത്തുന്നതിനെക്കുറിച്ച് നാം മുകളിൽകണ്ടു. ആഹാരക്രമത്തിനോടൊപ്പം വ്യായാമത്തിനും ആരോഗ്യം നിലനിർത്തുന്നതിൽ ഒരു പങ്കുണ്ട്. യാതൊരുചെലവുമില്ലാത്ത ഒരു പ്രധാന വ്യായാമമാണ് നടത്തം. ദിവസം കുറഞ്ഞത് 2km എങ്കിലും നടത്തം ആരോോഗ്യത്തിന് അടിത്തറനൽകും. ഇത്തരത്തിൽ 4 ആഹാരക്രമീകരണങ്ങളും വ്യായാമവും ശീലിച്ച് മുമ്പോട്ടു പോയാൽ ഒരു പരിധിവരെയുള്ള അസുഖങ്ങളിൽ നിന്നും മോചനം ഉണ്ടാവുകയും ആരോഗ്യം നിലനിൽക്കുകയും ചെയ്യും.



**അധികവായനയ്ക്ക്** -സസ്യങ്ങൾ ഉൽപാദിപ്പിക്കുന്ന ഫലങ്ങളാണ് പഴങ്ങൾ (Fruits). ഇവ വ്യത്യസ്തങ്ങളായ വർണ്ണങ്ങളിലും സ്വാദുകളിലും കാണപ്പെടുന്നു. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവജാലങ്ങൾ ഇവ ഭക്ഷണമായി ഉപയോഗിക്കുന്നു. പല സസ്യങ്ങളും പഴങ്ങൾക്കുള്ളിൽ ശേഖരിച്ചിരിക്കുന്ന വിത്തുകൾ വഴിയാണ് വംശവർദ്ധനവ് സാധ്യമാക്കുന്നത്. വേനൽക്കാലത്ത് പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് വിവിധ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

# പ്രകൃതി

**ആർതർ ജോൺ (7C)**

പ്രകൃതി തൻ സുന്ദരനിലാവിൽ,
ഞാനറിയാതെ മയങ്ങിപ്പോയി
നിൻ ശിരസ്സിൽ ഒഴുകുന്ന
ആശ്വാസ നീരിൽ
എൻ മനസ്സിൽ കുളിരണിയുന്ന
നിൻ മകളായ നീരുറവയിൽ
ഒഴുകുന്ന എൻ ജീവജലം
എൻ മനസ്സിൽ തീ നാളംപോൽ
നീ മായാതെ മങ്ങാതെ,
എന്നും നീ എന്നിൽ ശോഭിക്കുന്ന
നിൻ മലയും താഴ്വരകളും
കാടും സസ്യജന്തുക്കളും
എൻ അമ്മയാം പ്രകൃതിയിൽ
സന്തോഷത്തിന്റെയും സമൃദ്ധിയുടെയും
പ്രതീകങ്ങളുമായി നിലകൊള്ളുന്ന



**അധികവായനയ്ക്ക്** -ഭൗതികപ്രപഞ്ചത്തെ മൊത്തത്തിൽ സൂചിപ്പിക്കുന്ന പദമാണ് പ്രകൃതി (ജർമൻ: Natur, ഫ്രഞ്ച്, ഇംഗ്ലീഷ്: Nature, സ്പാനിഷ്: Naturaleza, പോർച്ചുഗീസ്: Natureza). ഭൗതികപ്രതിഭാസങ്ങളും ജീവനും പ്രകൃതിയുടെ ഘടകങ്ങളാണ്. മനുഷ്യന് ആവശ്യമുള്ളതെല്ലാം പ്രകൃതിയിലുണ്ട്. എന്നാൽ അവന്റെ അത്യാഗ്രഹത്തിനുള്ള വക മാത്രം ഇല്ല. നമുക്ക് വേണ്ടതെല്ലാം തരുന്ന ഭൂമിയേയും അവളുടെ സുന്ദര പ്രകൃതിയേയും നാം ചൂഷണം ചെയ്യുമ്പോൾ ഭൂമിയുടെ നിലനിൽപിനേയും വരുന്ന തലമുറയ്ക്ക് ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യത്തെയും നാമറിയാതെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു.



# പൂവൻ കൂവാതായപ്പോൾ

**ജിനി.സി (10C)**



ഒരു വൃദ്ധയും രണ്ട് അനാഥപെൺകുട്ടികളും താമസിച്ചിരുന്നു. കോഴികളെ വളർത്തിയും നൂൽനൂറ്റും ആയിരുന്നു അവർ ആഹാരത്തിനുള്ള വക ഉണ്ടാക്കിയിരുന്നത്. അവർക്ക് ഒരു പൂവൻ കോഴി ഉണ്ടായിരുന്നു, തടിച്ച കൊഴുത്ത ഒരു സുന്ദരൻ കോഴി. അത് എന്നും പുലർച്ചെ നാലുമണിക്ക് എണീറ്റ് കൂവും വല്യമ്മയും അപ്പോൾ തന്നെ എണീക്കും. ഉടൻ തന്നെ പെൺകുട്ടികളെയും വിളിച്ചുണർത്തും. അപ്പോൾ തന്നെ ജോലികൾ തുടങ്ങണം. ആ പെൺകുട്ടികൾക്ക് ഇത്രയും നേരത്തെ ഉണരുക എന്നത് വളരെ വിഷമമുള്ള കാര്യമായിരുന്നു. കുറച്ചു സമയം കൂടി ഉറങ്ങാൻ എന്താണ് വഴിയെന്ന് അവർ ആലോചിച്ചു.

ഈ പൂവൻ നാലു മണിക്ക് ഉണർന്ന് കൂവുന്നതു കൊണ്ടല്ലെ വൃദ്ധ ഉണരുന്നത്, അപ്പോൾ പൂവൻ കൂവിയില്ലെങ്കിൽ രക്ഷപ്പെടാം, സുഖമായി ഉറങ്ങാം. അവർ രണ്ടു പേരും കൂടി വൃദ്ധ അറിയാതെ കോഴിയെ കൊന്ന് കാട്ടിലെറിഞ്ഞു. വൃദ്ധയ്ക്ക് വലിയ സങ്കടമായി അവർ പൂവനെ തിരഞ്ഞു നടന്നു. കുറുക്കൻ കൊണ്ടു പോയി എന്നവർ കരുതി. പെൺകുട്ടികൾ അന്ന് സന്തോഷത്തോടെ ഉറങ്ങാൻ കിടന്നു. പാതിരാത്രി കഴിഞ്ഞപ്പോൾ വൃദ്ധ ഉണർന്നു. അപ്പോൾ തന്നെ പെൺകുട്ടികളെയും വിളിച്ചുണർത്തി. അത്ര നേരത്തെ അതിനു മുമ്പോരിക്കലും ഉണരേണ്ടി വന്നിട്ടില്ല.

“ഇനി കിടന്നാൽ നേരം വെളുത്താലും നമ്മൾ ഉണരില്ല. കൃത്യ സമയത്ത് കൂവിയുണർത്താൻ ”പൂവനില്ലല്ലോ. അതുകൊണ്ട് നമുക്ക് ജോലികൾ തുടങ്ങാം


എന്തു ചതിയായിപ്പോയി പൂവൻ കോഴി ഉണ്ടായിരുന്നപ്പോൾ നാലു മണിക്ക് എഴുന്നേൽറ്റാൽ മതിയായിരുന്നു. ഇനി എന്തു ചെയ്യും? ഇതാണ് അധർമ്മത്തിന്റെ ഫലം അത് നമ്മെ കൂടുതൽ കുഴപ്പത്തിൽ കൊണ്ടെത്തിക്കും.



**അധികവായനയ്ക്ക്** -പക്ഷികളിൽ ഫാസിയാനിഡ കുടുംബത്തിലെ ഉപകുടുംബമായ ഫാസിയാനിനയിലെ ഒരിനമാണ് കോഴി(ഹിന്ദി:मुर्गी). കോഴി വർഗത്തിലെ ആൺ പക്ഷികളെ ആണ് പൂവൻ കോഴി എന്ന് വിളിക്കുന്നത്. പൂവൻ, ചാത്തൻ കോഴി, ചേവൽ എന്നൊക്കെ പ്രാദേശികമായി ഇവയെ വിളിക്കാറുണ്ട്. പിടക്കോഴികളെ അപേക്ഷിച്ച് ഇവയ്ക്ക് തലയിൽ വലിയ പൂവും നീണ്ട അങ്കവാലും ഉണ്ട്. മറ്റു ചില ഇനം പക്ഷികളുടെ ആൺ പക്ഷികളെ പൂവൻ എന്നു വിളിക്കാറുണ്ട് .

# മഹത് വചനങ്ങൾ

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് സോഫിയ**




1. "അസതോ മാ സദ്ഗമയാ..

   തമസോ മാ ജ്യോതിർഗമയാ...

   മൃത്യോർ മാ അമൃതംഗമയാ...."

2. "നമ്മുടെ ജീവിതമെന്ന പറയുന്നത് 10% നമുക്ക സംഭവിക്കുന്ന കാര്യങ്ങളുടെ ഫലവും 90% അവയോട് നാം എങ്ങനെ പ്രതികരിക്കുന്ന എന്നുമുള്ളതാണ്."

Attitude more than aptitude, determines attitude.

നമ്മുടെ അഭിരുചിയെക്കാൾ നമ്മുടെ അഭ്യുന്നതിക്ക കാരണമായിട്ടുള്ളത് നമ്മുടെ മനോഭാവം അഥവാ വീക്ഷണമാണ്. അതുകൊണ്ട് വിക്ഷണം ശരിയാം വിധത്തിൽ ആക്കുക എന്നതാണ് ജിവിത വിജയത്തിന് അടിസ്ഥാനം.

3. <u>തിരുത്തൽ എന്ന ആർജവം</u>:- "രഹസ്യമായി ചെയ്യുന്ന ഓരോ കുറ്റത്തിനും പരസ്യമായ ചില പ്രതിഫലങ്ങൾ ഉണ്ടാകാം. നിരപരാധികൾ ചോദ്യം ചെയ്യപ്പെടും. കുട്ടുത്തരവാദിത്തം സഹകുറ്റവാളികളെ രൂപപ്പെടുത്തും. ഒരാളെ ജീവിതകാലം മുഴുവൻ സംശയത്തിന്റെ നിഴലിൽ നിർത്തുക എന്നതിനെക്കാൾ വലിയ എന്ത്

ക്രൂരതയാണ് ഉള്ളത്. തനിച്ച് ചെയ്ത തെറ്റുകൾ നിഷേധിക്കുന്നത് തന്റേടം, തനിയെ പരിഹരിക്കുന്നത് തന്ത്രം, ഏറ്റു പറയുന്നത് താഴ്മ, തിരുത്തുന്നത് ആർജവം. തെറ്റുചെയ്യുന്നതിനെക്കാൾ മുന്നൊരുക്കവും മനോബലവും വേണം ചെയ്ത തെറ്റു തിരുത്താൻ."

4. ഗാന്ധി മൊഴികൾ:-

- എന്റെ ജീവിതമാണ് എന്റെ സന്ദേശം.
- നിർമ്മലമായ സ്നേഹത്താൽ നേടനാകാത്തതായി ഒന്നുമില്ല.
- ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്.
- സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു.
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.
- നിങ്ങൾ മനുഷ്യനായതു കൊണ്ടു മാത്രം വലിയവനാകുന്നില്ല; മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്.
- ഓരോ വീടും ഓരോ വിദ്യാലയമാണ്; മാതാപിതാക്കൾ അദ്ധ്യാപകരും.
- ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല അത് തോൽവിയാണ് എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം.
- അധികാര ദുർവിനിയോഗം എവിടെ കണ്ടാലും അതിനെ നിർഭയമായി ചെറുക്കാനുള്ള സമൂഹത്തിന്റെ കരുത്താണ് സ്വാതന്ത്ര്യം.
- ഗിരിനിരകളോളം പഴക്കമുള്ള സത്യവും അഹിംസയുമല്ലാതെ ഒന്നും എനിക്ക് ഈ ലോകത്തോട് പറയാനില്ല.



5. മഹാത്മാ ഗാന്ധിയുടെ സൂക്തങ്ങൾ

- "ഒരാൾക്ക് ബോധ്യപ്പെടാത്ത കാര്യം ചെയ്യാൻ നിർബന്ധിക്കുന്നതിനേക്കാൾ വലിയ ശിക്ഷയില്ല"
- "അസത്യത്തിന്റെ ഒരു തുള്ളി വിഷം മതി സത്യത്തിന്റെ ക്ഷീരസാഗരത്തെത്തന്നെ വിഷമയമാക്കാൻ"
- "ചീത്തവർത്തമാനം കേൾക്കുമ്പോൾ ആകുലപ്പെടാത്തയാളെ നല്ലവർത്തമാനം കൊണ്ട് സന്തോഷിപ്പിക്കാനു മാവില്ല"
- "കടങ്ങൾ വീട്ടേണ്ടത് വാക്കുകൾ കൊണ്ടല്ല പ്രവൃത്തികൾ കൊണ്ടാണ്"

- “രോഗത്തെയോർത്തുള്ള ഭയം കൊണ്ടാണ് രോഗം കൊണ്ടല്ല കൂടുതൽ പേരും മരിക്കുന്നത്"
- “പട്ടിണിയായ മനുഷ്യന്റെ മുന്നിൽ അപ്പം ദൈവത്തിന്റെ രൂപമാണ്"
- “അദ്ധ്വാനിക്കാതെ കഴിക്കുന്ന ഭക്ഷണം മോഷ്ടിച്ച ഭക്ഷണമാണ്"
- “ഗുരു പൂർണ്ണനാകണം, അത് ദൈവം മാത്രമാണ്"
- “മുള്ളുകൾ നിറഞ്ഞ പനിനീർച്ചെടി പോലെ തന്നെയാണ് ജീവിതവും"
- “സത്യമാണെങ്കിൽ ഒരു വാക്കു തന്നെ ധാരാളം,

  അസത്യവാക്കുകൾ എത്രയുണ്ടെങ്കിലും പ്രയോജനം ചെയ്യില്ല"
- “എല്ലാവരെയും തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നയാൾ യഥാർത്ഥത്തിൽ ആരെയും തൃപ്തിപ്പെടുത്തുന്നില്ല"
- “ലാളിത്യത്തിലാണ് നന്മയും മഹത്വവുമുള്ളത് സമ്പന്നതയിലല്ല"
- “ഭയപ്പെടുത്തി ഉണ്ടാക്കുന്ന നിശ്ശബ്ദത യഥാർത്ഥ നിശ്ശബ്ദതയല്ല"
- “വിശ്വാസവും യുക്തിയും നേർക്കുനേർ വരുമ്പോൾ വിശ്വാസത്തെ കൂടെ നിർത്തുന്നതാണ് നല്ലത്"

**അധികവായനയ്ക്ക്** -മോഹൻദാസ് കരംചന്ദ് ഗാന്ധി (ഗുജറാത്തി: મોહનદાસ કરમચંદ ગાંધી, ഹിന്ദി: मोहनदास करमचंद गांधी) അഥവാ മഹാത്മാ ഗാന്ധി (1869 ഒക്ടോബർ 2 - 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്രപിതാവ്" എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. *മഹത്തായ ആത്മാവ്* എന്നർത്ഥം വരുന്ന *മഹാത്മാ,* അച്ഛൻ എന്നർത്ഥംവരുന്ന *ബാപ്പു* എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയഅവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേ ദിവസം അന്താരാഷ്ട്ര അഹിംസാ ദിനമായും(since 2007) പ്രഖ്യാപിച്ചിട്ടുണ്ട്

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 7

## മൾബറി



| | |
|---|---|
| **രൂപ വിവരണം -** | സാധാരണയായി നാട്ടിൻ പ്രദേശങ്ങളിൽ കണ്ടുവരുന്നു. കമ്പ് നട്ടുവളർത്താം, ഇതിൻറെ കറുത്ത നിറത്തിലുള്ള പഴം സ്വാദിഷ്ടമാണ്, പട്ടുനൂൽപ്പുഴുവിൻറെ പ്രധാനഭക്ഷണം മൾബറി ഇലയാണ്. |
| **ഗുണമേന്മ -** | വായിലും തൊണ്ടയിലുമുണ്ടാകുന്ന നീർവീക്കം തടയുന്നതിന് മൾബറി ഇലയുടെ നീര് ഫലപ്രദമാണ്. ഇലയുടെ നീര് പ്രമേഹത്തിന് മരുന്നായും ഉപയോഗിക്കുന്നു. |

### മൾബറി ഇലത്തോരൻ

**ചേരുവ**

| | | |
|---|---|---|
| കുമ്പോടുകൂടിയ മൾബറി ഇല | - | കപ്പ് |
| വെളിച്ചെണ്ണ | - | 1 ടിസ്പൂൺ |
| കടുക് | - | ആവശ്യത്തിന് |
| തേങ്ങ ചിരകിയത് | - | കാൽ കപ്പ് |
| കാന്താരി മുളക് | - | 5 എണ്ണം |
| ചുവന്നുള്ളി | - | 4 എണ്ണം |
| വെളുത്തുള്ളി | - | 2 അല്ലി |
| മഞ്ഞൾപൊടി, ഉപ്പ് | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

മൾബറിയുടെ കുമ്പോട്ടുകൂടിയ ഇല അടർത്തി അരിഞ്ഞെടുത്ത് വെളിച്ചെണ്ണയിൽ കടുക് വറുത്തതിൽ ഇട്ട് 3 മിനിറ്റ് ചെറുതീയിൽ മൂടിവേവിക്കുക. ശേഷം തേങ്ങയും, ചുവന്നുള്ളിയും, കാന്താരിയും മുളകും, മഞ്ഞളും ഒതുക്കി അരച്ചത്‌ചേർത്ത് 2 മിനിറ്റുകൂടി ചെറുതീയിൽ വേവിക്കുക, പാകത്തിന് ഉപ്പ് ചേർത്ത് നല്ലവണ്ണം ഇളക്കിയെടുക്കുക.

## മൾബറിയില പക്കാവട

ചേരുവ

1. മൾബറിയില - 2 പിടി അരിഞ്ഞത്
2. കടലമാവ് - 1 കപ്പ്
3. മൈദ - 1 കപ്പ്
4. കായം - 1 നുള്ള്
5. മുളകുപൊടി - 1 സ്പൂൺ
6. ഉപ്പ് - ആവശ്യത്തിന്
7. മഞ്ഞൾ - 1 നുള്ള്
8. വെളിച്ചെണ്ണ - അര ലിറ്റർ

**പാകം ചെയ്യുന്നവിധം**

ചേരുവകളെല്ലാം കുഴച്ച് ഒരു മണിക്കൂർ വയ്ക്കുക. ശേഷം എണ്ണയിലേക്ക് മാവ് ചെറിയ ഉരുളകളാക്കി ഇട്ട് പൊരിച്ചെടുക്കുക.

## മൾബറി ദാഹശമനി

**തയ്യാറാക്കുന്ന വിധം**

ഒരുപിടി മൾബറി ഇല തിളച്ചവെള്ളത്തിൽ ഇടുക, അരിച്ചെടുത്ത വെള്ളം ദാഹശമനിയായി ഉപയോഗിക്കാം. ഇതു ദഹനത്തിന് നല്ലതാണ്.

# എൻ ബാല്യം

**റജി.എസ്.എല്ല് (9A)**

വീടെന്ന നിലവിളക്കിൻ തിരിനാളമാണമ്മ
ശിശിരത്തിൻ പൗർണ്ണമായിയിൽ
ചിറകടിച്ച് പറന്നുയരുന്നു ഞാൻ
ഓർമ്മയുടെ മണി മുത്തുകൾ ചികഞ്ഞ്നോക്കവെ
അഴകിന്റെ വെണ്ണിലായാവാണമ്മതൻ മുഖം
കാലത്തിൻ വണ്ടിയിൽ യാത്രയാകുമ്പോൾ
മുത്തശി ചൊല്ലിയ ഈരടികൾ
ഇന്നുമെൻ കാതിൽ മുഴങ്ങുന്നു
അച്ഛൻ ക്രൂരനായ് മാറുമ്പോൾ
ചൂരൽ മേനിയിൽപതിക്കുമ്പോൾ
ഓടിയെത്തുമെന്നരികിൽ
കണ്ണീർപ്പൂക്കൾ അർച്ചനയായ്
അമ്മതൻ നെറ്റിയിൽ ഉമ്മവയ്ക്കുമ്പോൾ
കുളിർമ്മയോടെ ഞാനെറ്റുവാങ്ങുന്നു
ഇന്നുഞാനോർക്കുന്നു വേദനയോടെ
അമ്മ തിരികെ വന്നിരുന്നെങ്കിൽ
ഇന്ന് ഞാൻ അനാഥനായ്
പഴയ ഈ തറവാടിൻ മുറ്റത്ത്
ഇന്ന് ഞാനോർക്കുന്നു
എൻ ബാല്യം തിരികെ വന്നെങ്കിൽ.





**അധികവായനയ്ക്ക്** -ഏകാന്തതയാണ് നമ്മുടെ ഗുരുനാഥൻ. തനിച്ചിരിക്കുമ്പോൾ നാം തിരിഞ്ഞു നോക്കുന്നു. നടന്നു വന്ന വഴികളെ നോക്കി ചിലപ്പോൾ നെടുവീർപ്പിടും, ചിലപ്പോൾ പൊട്ടിക്കരയാൻ തോന്നും, അതുമല്ലെങ്കിൽ വെറുതെ പകച്ചിരിക്കാം. ആരോ പറയുന്നത് കേട്ടിട്ടുണ്ടായിരുന്നു " കാലത്തിനൊപ്പം നടക്കുമ്പോൾ ഒരിക്കലും തിരുഞ്ഞു നോക്കരുതെന്ന്, അത് നമ്മുടെ മനസ്സിനെ നൊമ്പര പെടുത്തുമെന്ന്. പക്ഷെ ഒർമ്മകളെല്ലാം മധുരമാണ്, അതിൽ അതി മധുരമാണ് ബാല്യം.

# സ്വച്ഛാഗ്രഹ

ക്ഷമയുടെയും ത്യാഗത്തിന്റെയും കരുത്തിലൂടെ ജനഹൃദയങ്ങളെ കീഴടക്കി, ജനതയുടെ മനസ്സിൽ അഭിമാന ബോധവും തന്നോടുതന്നെയുള്ള ആദരവും സൃഷ്ടിച്ച്, പ്രവർത്തനങ്ങൾക്ക് ത്വരിതഘടകമായി, ലോകത്തിലെ തന്നെ ഏറ്റവും മഹത്തായ സ്വതന്ത്രസമര കാലഘട്ടത്തിൽ, പിൻതുടർന്ന, 'സത്യാഗ്രഹ'യിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് "സ്വച്ഛാഗ്രഹ"എന്ന ആശയം പിറവികൊണ്ടത്. സത്യാഗ്രഹം നമ്മുടെ രാജ്യത്തെ അടിമത്ത്വത്തിൽ നിന്ന് മോചിപ്പിച്ചു. അതുപോലെ സ്വച്ഛാഗ്രഹാപ്രസ്ഥാനം നമ്മുടെ സ്വാതന്ത്രഭാരതത്തെ ഒറ്റക്കെട്ടായുള്ള പ്രവർത്തനത്തിലൂടെ "ശുചിത്വസംസ്കാരം സൃഷ്ടിക്കുക" എന്ന ലക്ഷ്യത്തിലൂടെ മാലിന്യത്തിൽ നിന്ന് വിമുക്തമാക്കുന്നു. വിദ്യാർത്ഥി നേതൃത്വത്തിലൂടെ നമ്മുടെ രാജ്യത്തെ പൗരന്മാരിൽ ശുചിത്വത്തെക്കുറിച്ച് ആന്തരികമായ ഒരു അവബോധം സൃഷ്ടിക്കാൻ സ്വച്ഛാഗ്രഹ പ്രേകമാകുന്നു.

നമ്മുടെ തെരഞ്ഞെടുക്കലും അത് നമ്മുടെ പരിസ്ഥിതിയിലുണ്ടാക്കുന്ന സ്വാധീനവും തമ്മിലുള്ള ഒരു ബന്ധം സ്ഥാപിച്ചെടുക്കുന്നതിന് ഈ സംരംഭം സഹായിക്കുന്നു. നമ്മൾ പ്രയോഗത്തിൽ വരുത്തേണ്ടുന്ന ജീവിത ശൈലി, വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ വാങ്ങൽ, ഉപയോഗം, ഉപയേഗ ശേഷമുള്ള പ്രവൃത്തി ഇവയെ കുറിച്ച് ചിന്തിക്കുവാനും സ്വച്ഛാഗ്രഹ നമ്മളെ പ്രേരിതരാക്കുന്നു. സ്വയം മാതൃകയായി മാറി, സമൂഹത്തിലെ മറ്റുള്ളവരിൽ ആരോഗ്യപരമായ സ്വഭാവമാറ്റമുണ്ടാക്കുന്നതിനും, അതിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിനും സ്വച്ഛാഗ്രഹ ഒരു പ്ലാറ്റ്ഫോമായി നിലകൊള്ളുന്നു. അപ്രകാരം സ്വതന്ത്രഭാരതത്തെ മാലിന്യത്തിൽ നിന്ന് വിമുക്തമാക്കുന്ന ശക്തമായൊരു പ്രസ്ഥാനമായി സ്വച്ഛാഗ്രഹ മാറുന്നു. കാക്കയിലുള്ളതു പോലെ ഒരു സ്വച്ഛാഗഹിയ്ക്കുണ്ടാകേണ്ട സവിശേഷതകളാണ് ബുദ്ധിവൈഭവം, പ്രശ്നങ്ങളെ അപഗ്രഥിക്കുവാനും, പരിഹാരം കണ്ടെത്താനുമുള്ള കഴിവ്, നിരീക്ഷണ പാടവം എന്നിവ. കാക്കകൾ അവരുടെ കുടുംബത്തെയും, വംശത്തെയും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. കാക്ക കുടുംബത്തിലെ പ്രായം കുറഞ്ഞ കാക്കകുഞ്ഞുങ്ങളെ വളർത്താൻ രക്ഷിതാക്കളെ സഹായിക്കുന്നവരാണ്. അതു പോലെ വിദ്യാർത്ഥിയായ ഒരു സ്വച്ഛാഗ്രഹിയ്ക്ക് മറ്റുള്ളവരെ സ്വച്ഛാഗ്രഹിയുടെ വഴിയിലേയ്ക്ക് തന്റെ പ്രവർത്തനങ്ങളുടെ ഗുണമേന്മയിലൂടെ ആകർഷിച്ച്, സ്വതന്ത്ര്യഭാരതത്തെ മാലിന്യവിമുക്തമാക്കുക എന്ന മഹനീയ ലക്ഷ്യത്തിൽ പങ്കാളികളാക്കാൻ കഴിയേണ്ടതാണ്. ഒരു കാക്കയെപ്പോലെ അവരും സവിശേഷമായ സ്വഭാവരീതികൾ പിൻതുടർന്ന്, മാതൃകാപൗരന്മാരായി, വലിയ ആശയത്തിന്റെ സന്ദേശ വാഹകരായി മാറണം. ഇവയാണ് സ്വച്ഛാഗ്രഹ ലക്ഷ്യം വയ്ക്കുന്നത്.

# ഉൾക്കരുത്തെന്ന ആയുധം

**അഭിൻ.സുരേഷ് (8B)**




ക്രിസ്മസ് സമ്മാനം വാങ്ങാനായി അച്ഛനും മകനും കടയിലെത്തി. എന്തും വാങ്ങാനുള്ള സ്വാതന്ത്ര്യം അച്ഛൻ മകന് നൽകി, ബലൂണുകൾ കൊണ്ട് നിർമ്മിച്ച ഒരു വലിയ രൂപം അവൻ ശ്രദ്ധിച്ചു. കൗതുകം തോന്നി അവൻ അതിൽ ആഞ്ഞടിച്ചു. മറിഞ്ഞു വീണെങ്കിലും രണ്ടു തവണ ഉയർന്ന്താണ് പൂർവ്വസ്ഥിതിയിലെത്തി പല തവണ അവൻ അത് തള്ളി താഴെയിടാൻ ശ്രമിച്ചു പക്ഷെ അത് വീണ്ടും നിവർന്ന് തന്നെ നിന്നു.

അച്ഛൻ ചോദിച്ചു എന്തുകൊണ്ടാണ് നീ പലതവണ ശ്രമിച്ചിട്ടും ബലൂൺ പ്രതിമ വീണ്ടും ഉയർന്ന് വരുന്നത്, അവൻ പറഞ്ഞു ഉത്തരം കൃത്യമായി അറിയില്ല പക്ഷെ അതിനുള്ളിൽ അതിനെ എഴുന്നേൽപ്പിച്ചുനിർത്തുന്ന എന്തൊ ഉണ്ട്. പുറന്തോടുകൾക്ക് ആകൃതി നൽകാനെ കഴിയൂ, കഴിവും കരുത്തും അകമേനിന്ന് രൂപപ്പെടണം. പുറത്തുനിന്നുള്ള ആക്രമണങ്ങൾ മൂലമല്ല, പലർക്കും അടി തെറ്റുന്നത് അവ താങ്ങാനുള്ള ഉൾബലം ഇല്ലാത്തതുകൊണ്ടാണ്. അഴകുകാട്ടാൻ ചെലവഴിക്കുന്ന സമയവും സമ്പത്തും അകം രൂപപ്പെടുത്താൻ ഉപയോഗിച്ചിരുന്നെങ്കിൽ ചെറിയ കുറ്റപ്പെടുത്തലുകളോ അധിക്ഷേപങ്ങളോ നെഞ്ചിൽ തറയ്ക്കാതിരുന്നേനെ. മൂർച്ചയില്ലാത്ത അസ്ത്രങ്ങൾക്ക് പോലും കീറിമുറിക്കാൻ കഴിയുന്നരീതിയിൽ വികാരങ്ങളും ചിന്തകളും ദുർബലമാകുന്നതാണ് പ്രതിരോധശേഷിനഷ്ടപ്പെടാൻ കാരണം, പുറത്തുനിന്നുള്ള ഒന്നിനും ആരെയും കീഴ്പ്പെടുത്താൻ ആകില്ല. വീഴാതിരിക്കാനുള്ളശേഷിയല്ല സമ്പാദിക്കേണ്ടത് വീണടത്ത് നിന്ന് എഴുന്നേല്ക്കാനും തന്റെ കാഴ്ചകളെ ന്യായീകരിക്കാനുമുള്ള പ്രാപ്തിയാണ് നേടേണ്ടത്. തിരിച്ചുവരവ് നല്കുന്ന കരുത്തും പാഠവും വീണ്കിടന്നാൽ ലഭിക്കില്ല.



**അധികവായനയ്ക്ക്** -യഥാർത്ഥത്തിൽ മനസ് എന്താണ്? അതിനു പൂർണമായ ഒരു നിർവചനം ഇന്നും നൽകിയിട്ടില്ല. എങ്കിലും ഏകദേശ നിർവചനം ആധുനിക മെഡിക്കൽ നിഘണ്ടുവിൽ പറയുന്നത് "ബോധത്തിന്റെ ഇരിപ്പിടം, പരിസരങ്ങളെ മനസിലാക്കാനുള്ള തലച്ചോറിന്റെ പ്രവർത്തനം, വികാരങ്ങൾ, ആഗ്രഹങ്ങൾ, ഓർമിക്കാനും പഠിക്കാനും ചിന്തിക്കാനും തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവ്, ഇങ്ങിനെ പൊതുവേയുള്ള തലച്ചോറിന്റെ പ്രവർത്തനം" , അല്ലാതെ കരൾ, ഹൃദയം, കണ്ണ് എന്നിവ പോലുള്ള ഒരു അവയവം അല്ല അത്.

# വിസ്മയലോകം



ലോകം ഇന്ന് ഒരു വിസ്മയലോകത്താണ്, ഈ വിസ്മയലോകത്തിൽ നമ്മുടെ പങ്ക് സജീവമാക്കുന്നവയാണ് താഴെ പറയുന്നവ......................

- **ഇന്റർനെറ്റ്**



ലോകത്തുള്ള ദശലക്ഷക്കണക്കിനു കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്ന മഹാ നെറ്റ്‌വർക്കിനെയും, അവ നൽകുന്ന വിവിധ സൗകര്യങ്ങളെയും പൊതുവായി **ഇന്റർനെറ്റ്** എന്നു വിളിക്കുന്നു.

1957-ലെ റഷ്യൻ വാർത്താവിനിമയ ഉപഗ്രഹമായ സ്പട്നിക്കിന്റെ വിക്ഷേപണം അമേരിക്കൻ ഐക്യനാടിന് ഒരു വെല്ലുവിളിയായിതീരുകയും അവരുടെ പ്രതിരോധാവശ്യങ്ങൾക്കുള്ള ഗവേഷണസ്ഥാപനമായ അർപ്പ (ARPA)-അഡ്വാൻസ്ഡ് റിസേർച്ച് പ്രൊജെക്റ്റ് ഏജൻസി (Advanced Research Project Agency), 1969-ൽ അർപ്പാനെറ്റ് (ARPANET) എന്ന നെറ്റ്വർക്കിന് രൂപം കൊടുക്കുകയുണ്ടായി. ഇതിന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ അമേരിക്കൻ ഐക്യനാടുകളിലെ മാത്രം സൈനികപരമായ നേട്ടങ്ങൾ ആയിരുന്നു. തുടർന്ന് മറ്റുരാജ്യങ്ങളിലേക്ക് വ്യാപിക്കുകയും കൂടുതൽ സാങ്കേതിക വിദ്യകൾ കണ്ടു പിടിക്കുകയും ചെയ്തു.

- **കമ്പ്യൂട്ടർ**



വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക് ഉപകരണമാണ് **കമ്പ്യൂട്ടർ.** ചാൾസ് ബാബേജാണ് "കമ്പ്യൂട്ടറിന്റെ പിതാവ്". നമ്മുടെ നിത്യ ജീവിതത്തിലേയ്ക്ക്, കമ്പ്യൂട്ടറുകളുടെ തള്ളിക്കയറ്റം നാടകീയമായ മാറ്റങ്ങൾ

ഉണ്ടാക്കി. അതാണ് നാം ഇൻഫർമേഷൻ യുഗത്തിലാണ് ജീവിക്കുന്നത് എന്നു പറയാൻ കാരണം.

- **സ്മാർട്ട് ഫോൺ**



സാധാരണ മൊബൈൽ ഫോണുകളേക്കാൾ ശേഷിയുള്ളതും ഏതെങ്കിലും മൊബൈൽ ഓപ്പറേറ്റിങ് സിസ്റ്റം ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ ആധുനിക മൊബൈൽ ഫോണുകളാണ് **സ്മാർട്ട് ഫോണുകൾ** അഥവാ സ്മാർട്ട്ഫോണുകൾ. 1991-ട കൂടിയാണ് മൊബൈൽ കമ്പ്യൂട്ടിങ് പ്ളാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകളെ കുറിച്ചുള്ള ആശയങ്ങൾ ഉയർന്നുവന്നത്. ആദ്യ സ്മാർട്ട് ഫോണായ ഐ ബി എം സിമോൺ പേഴ്സണൽ കമ്മ്യൂണിക്കേറ്റർ 1994 -ൽ വിപണിയിലെത്തി. ഇത്തരം ഫോണുകൾക്ക് സ്മാർട്ട് ഫോണുകൾ എന്ന വിശേഷണം നൽകിയത് 1997- ൽ എറിക്സൺ കമ്പനിയാണ്.

- **ഫേസ്ബുക്ക്**



സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള ഒരു സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റാണ് ഫേസ്ബുക്ക്. 2004 ൽ ആരംഭിച്ച ഫേസ്ബുക്ക് 2015 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച് 118 കോടി ഉപയോക്താക്കളുള്ള സൈറ്റാണ്. ഓരോ ഉപയോക്താവിനും ശരാശരി 130 സുഹൃത്തുക്കൾ വീതമുണ്ട്. ഫേസ്ബുക്കിന്റെ ഉപയോക്താക്കളിൽ 70 ശതമാനവും അമേരിക്കക്ക് പുറത്താണ്. ഹാർവാർഡ് സർവ്വകലാശാല വിദ്യാർത്ഥികൾ ആയ മാർക്ക് സക്കർ ബർഗ്ഗ്, ദസ്റ്റിൻ മോസ്കോവിത്സ്, ക്രിസ് ഹ്യൂസ് ചേർന്നാണ് ഈ വെബ്സൈറ്റ് ആരംഭിച്ചത്. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ധനികരിൽ ഒരാൾ കൂടിയാണ് മാർക്ക് സക്കർബർഗ്. മുറിഞ്ഞു പോയ സൗഹൃദങ്ങളെയും ബന്ധങ്ങളെയും കൂട്ടി യോജിപ്പിക്കുവാൻ ഫേസ്ബുക്കിന് സാധിക്കാറുണ്ട്. ജോൺ വാട്സൺ എന്ന വ്യക്തിക്ക് 20 വർഷം മുൻപ് നഷ്ടപ്പെട്ട തന്റെ മകളെ അവളുടെ ഫേസ്ബുക്ക് പ്രൊഫൈൽ വഴിയായി കണ്ടെത്തുവാൻ സാധിച്ചത് അത്തരത്തിലുള്ള ഒരു സംഭവമാണ്.


- **വാട്സ്ആപ്പ്**



വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട്ഫോണുകളിൽ ഉപയോഗിക്കാവുന്ന ആശയ വിനിമയ സംവിധാനം ആണ് വാട്സ്ആപ്പ്. ഇന്റർനെറ്റ് ബന്ധം ഉപയോഗിച്ചാണ് വാട്സ്ആപ്പ് പ്രവർത്തിക്കുന്നത്. ലേഖനസന്ദേശം കൂടാതെ ഉപയോക്താവിന്റെ ചിത്രങ്ങളും വീഡിയോകളും ശബ്ദ സന്ദേശങ്ങളും അവരുടെ സ്ഥാനമുൾപ്പെടെ അയയ്ക്കാനവും എന്നതാണ് മറ്റൊരു സവിശേഷത. 2009 ൽ അമേരിക്കക്കാരായ ബ്രയാൻ ആക്റ്റൺ, ജാൻ കൂം (സീ. ഇ. ഓ)(ജന്മദേശം: യുക്രൈൻ)എന്നിവർ ചേർന്നാണ്

വാട്സ്ആപ്പ് വികസിപ്പിച്ചത്. ഇവർ യാഹൂവിന്റെ മുൻ ജോലിക്കാർ ആയിരുന്നു. 55 പേർ ഇന്ന് ഈ കമ്പനിയിൽ ജോലി ചെയ്യുന്നു. 2014 ഫെബ്രുവരി 19 ന ഫേസ്ബുക്ക് നടത്തിയ ഔദ്യോഗിക പ്രഖ്യാപനത്തിനലൂടെ, 1,14,000 കോടി രൂപയ്ക്ക് (യു.എസ് $19 ബില്ല്യൺ) വാട്സ്ആപ്പിനെ ഏറ്റെടുത്തതായി അറിയിച്ചു. ഇത് പൂർണമായും സൗജന്യമാണ്. നിലവിൽ ലോകത്താകമാനം ഉള്ള ഉപയോക്താക്കളുടെ എണ്ണം 100 കോടി കവിഞ്ഞു. ഇന്ത്യയിൽ 30 കോടിയിലധികം ഉപയോക്താക്കളുണ്ട്.

- **യൂട്യൂബ്**



ഗൂഗിൾ ഉടമസ്ഥതയിലുള്ള ഇന്റർനെറ്റ് വീഡിയോ ഷെയറിംഗ് വെബ്സൈറ്റാണ് യൂട്യൂബ്. ഈ സംവിധാനത്തിലൂടെ ലോകത്തെവിടെനിന്നും ഉപഭോക്താക്കൾക്ക് വീഡിയോ ഖണ്ഡങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ കഴിയുന്നു. 2005 ഫെബ്രുവരിയിൽ പേപ്പാൽ എന്ന ഇ-വ്യാപാര കമ്പനിയിൽ ജോലി ചെയ്തിരുന്ന എതാനും പേർ ചേർന്നാണ യൂട്യൂബിനു രൂപം കൊടുത്തത്. കാലിഫോർണിയയിലെ സാൻ ബ്രൂണൊ അസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ച ഈ വെബ് സേവന കമ്പനി അഡോബ് ഫ്ലാഷ് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയാണ പ്രവർത്തിക്കുന്നത്. വീഡിയോ ഖണ്ഡങ്ങൾ, സംഗീതം, ടെലിവിഷൻ പരിപാടികൾ തുടങ്ങിയവയെല്ലാം ഈ വെബ് സൈറ്റ് വഴി പങ്കുവയ്ക്കപ്പെടുന്നുണ്ട്. യൂട്യൂബിൽ അംഗമായാൽ ആർക്കും വീഡിയോകൾ അപ്ലോഡ് ചെയ്യാവുന്നതാണ്.

- **ഇ-മെയിൽ**



ഇലക്ട്രോണിക് മെയിൽ എന്നതിന്റെ ചുരുക്കപ്പേരാണ് ഇ-മെയിൽ. ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ച് സന്ദേശങ്ങൾ അയക്കുകയും സ്വീകരിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന സംവിധാനമാണിത്. ഇ-മെയിൽ എന്നതിനെ "ഇന്റർനെറ്റ് വഴിയുള്ള കത്തിടപാട്" എന്ന് നിർവചിക്കാം. ലോകത്തെവിടേയുമുള്ള ആളുകൾക്ക് ഫലപ്രദവും സൗകര്യപ്രദവും ആയി തങ്ങളുടെ ആശയങ്ങളും അഭിരുചികളും സൗജന്യമായി പങ്കുവയ്ക്കാൻ ഇ-മെയിൽ സങ്കേതം അവസരമൊരുക്കുന്നു. 1970-ൽ റേ ടോംലിൻസനാണ് ഇ മെയിലിന്റെ ഉപജ്ഞാതാവ്.

- **ക്ലാഷ് ഓഫ് ക്ലാൻസ്**




ഒരു മൊബൈൽ വീഡിയോ ഗെയിമാണ് ക്ലാഷ് ഓഫ് ക്ലാൻസ് (English: Clash of Clans). സൂപ്പർസെൽ എന്ന ഫിന്നിഷ് കമ്പനിയാണ് ഈ ഗെയിം പുറത്തിറക്കിയത്. 2012 ഓഗസ്റ്റ് 2 ഐ.ഒ.എസിലും 2013 ഒക്ടോബർ 7 ന്


ആൻഡ്രോയ്ഡിലും ഈ ഗെയിം ലഭ്യമായിത്തുടങ്ങി.

- **ടിക്ക് ടോക്ക്**



ഇന്ന് ഏഷ്യയിൽ പ്രചാരത്തിലുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനാണിത്. ചെറിയ വീഡിയോകൾ പ്രചരിപ്പിക്കാനുള്ള ഒരു മാധ്യമമാണിത്. 2018 ലാണ് ഇതിന്റെ പ്രസിദ്ധി വർദ്ധിച്ചത്. 2016 സെപ്റ്റംബറിൽ ചൈനക്കാരനായ ബൈറ്റ് ഡാൻസ് ആണ് ഇത് സ്ഥാപിച്ചത്.

- **ഇൻസ്റ്റാഗ്രാം**



സൗജന്യമായി ചിത്രങ്ങളും വീഡിയോകളും (15 സെക്കന്റ് ദൈർഘ്യമുള്ള) പങ്കു വെക്കുന്നതിനായി 2010 ഒക്ടോബറിൽ പുറത്തിറങ്ങിയ ഒരു സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റാണ് **ഇൻസ്റ്റാഗ്രാം.** ഉപയോക്താക്കൾക്ക് ഫോട്ടോ എടുക്കുന്നതിനും, ആവശ്യമായ ഡിജിറ്റൽ മാറ്റങ്ങൾ വരുത്തുന്നതിനും, ഇൻസ്റ്റാഗ്രാമിന്റേതടക്കമുള്ള നിരവധി സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനും ഇതിലൂടെ സാധിക്കും.


- **ട്വിറ്റർ**

Twitter എന്നത് അതിന്റെ ഉപയോക്താക്കൾക്ക് സൗജന്യമായി *ട്വീറ്റ്സ്* എന്ന വിളിക്കപ്പെടുന്ന മൊബൈൽ ഹ്രസ്വസന്ദേശങ്ങളുടെ ചെറിയ വാക്കുകളിലൂടെയുള്ള വിവരം പങ്കുവെയ്ക്കാനുള്ളതും മറ്റു ഉപയോക്താക്കൾ അപ്ഡേറ്റ് ചെയ്ത സന്ദേശങ്ങൾ വായിക്കുന്നതിനും ഉപയോഗിക്കുന്ന ഒരു സോഷ്യൽ നെറ്റ്‌വർക്കിംഗ് മൈക്രോ ബ്ലോഗിംഗ് വെബ്സൈറ്റ് ആണ്. 2006-ൽ ജാക്ക് ഡോസേ ആണ് അമേരിക്കയിലെ സാൻ ഫ്രാൻസിസ്കോ ആസ്ഥാനമായി ട്വിറ്റർ എന്ന സംരംഭത്തിന് തുടക്കം കുറിച്ചത്.

**അധികവായനയ്ക്ക്** -കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തു സ്ഥിതി ചെയ്യുന്ന ടെക്നോപാർക്ക്-ഇലക്ട്രോണിക്സ്, വിവരസാങ്കേതിക വിദ്യ രംഗത്ത് ഇൻഡ്യയിലെ തന്നെ ആദ്യത്തെ വ്യാവസായിക പാർക്കാണ്. സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുക, കൂടുതൽ തൊഴിൽദാതാക്കളെ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ, കേരള സർക്കാർ തുടങ്ങിയതാണ് ടെക്നോപാർക്ക്.

# അമ്മയാം പ്രകൃതി

**ബിൻസി ബെൻസികർ (9A)**




പ്രകൃതി നമ്മുടെ അമ്മയാണ്. നമ്മുടെ അമ്മയെ പരിപാലിക്കുന്നതു പോലെ പ്രകൃതിയെയും പരിപാലിക്കേണ്ടത് അവശ്യമാണ്. പ്രകൃതിയെ നാം സ്ത്രീയായാണ് കണക്കാക്കുന്നത്. ഒരു സ്ത്രീയ്ക്ക് നൽകുന്ന ആദരവും ബഹുമാനവും നാം പ്രകൃതിക്കും നൽകേണ്ടതാണ്. ദിനം പ്രതി പ്രകൃതിയുടെ അവസ്ഥ ശോചനീയ മായി മാറുകയാണ്. ഈ ശോചനീയ അവസ്ഥയ്ക്ക് കാരണം നാം ഓരോരുത്തരും ആണ്. എത്ര വിലമതിക്കാനാകാത്ത സ്വത്താണ് പ്രകൃതി എന്ന സത്യം നാം ഏവരും മനസിലാക്കണം.

"പച്ചയാം വിരിപ്പിട്ട......."എന്ന് പാടിയ കവിക്ക് അന്ന് പ്രകൃതിയിൽ ധാരാളം പച്ചപ്പ് കാണവാൻ സാധിച്ചു. എന്നാൽ ഇന്നാപച്ചപ്പ് ക്രമേണ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇനി കവിഭാവനയിൽ മാത്രം പ്രകൃതിയെക്കുറിച്ച് വാതോരാതെ വർണിക്കുന്നത് നമുക്ക് കാണവാൻ സാധിക്കും. പ്രകൃതി എന്ന അമൂല്യത്തെ നാം ഇന്ന് പരമാവധി ചൂഷ്ണം ചെയ്യുകയാണ്. ഈ ചൂഷണം പതിയെ പ്രകൃതിയുടെ നാശത്തിനും കാരണമാകുന്നു.ഏത് നാശത്തിന്റെ വക്കിലെത്തിയാലും നാം പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടു തന്നെ ഇരിക്കും.

ഷർട്ടും ടൈയും കോട്ടും പാൻസും ഇട്ട് എ.സി.മുറിയിൽ ഇരിക്കുന്നവന് പ്രകൃതിയുടെ വിലപറഞ്ഞാൽ മനസിലാവില്ല.മരങ്ങൾ തിങ്ങി നിറഞ്ഞിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. അന്ന് മനുഷ്യർക്ക് ഫാനോ, എസിയോ ആവശ്യം ഇല്ലായിരുന്നു. ഇന്നത്തെ കുട്ടികൾ യന്ത്രത്തിന് പിന്നാലെയാണ് പോകുന്നത്.അവർക്ക് പ്രകൃതിയുടെ പച്ചപ്പ് ആസ്വദിക്കുവാൻ നേരമില്ല . ആ സമയം അവർ ടി.വിയുടെയും കമ്പ്യൂട്ടറിന്റെ യും മുന്നിലാണ് ചെലവഴിക്കുന്നത്.


പ്രകൃതി എന്നത് ദൈവം നമുക്കു കനിഞ്ഞു നൽകിയ ഏറ്റവും വലിയ വരദാനങ്ങളിൽ ഒന്നാണ്. ആ വരദാനം പവിത്രമായി സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പ്രകൃതിയും പച്ചപ്പും അകന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവ തിരിച്ചു പിടിക്കണം എന്ന് ആഗ്രഹിക്കുന്ന കുറെ ആളുകൾ ഇന്നുമുണ്ട് നാം എങ്ങനെയൊക്കെ പ്രകൃതിയെ മാലിനപ്പെടുത്തുന്നുവോ അത്രത്തോളം നമുക്കും ദോഷമാണ്. പൂക്കളും പൂമ്പാറ്റയും അരുവിയും തോടും മന്ദ മാരുതനും ഉള്ള പ്രകൃതി നമ്മിൽ നിന്ന് എന്നന്നേയ്ക്കുമായി അകലുകയാണ്. ആ അകൽച്ചയിൽ നിന്ന് പ്രകൃതിയെ കരകേറ്റാൻ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം പ്രയത്നിക്കാം. പച്ചപ്പും അരുവിയും കിളികളും ഒക്കെ നിറഞ്ഞ പ്രകൃതിയെ വീണ്ടെടുക്കുവാൻ അക്ഷീണം പ്രയത്നിച്ചുകൊണ്ടാകട്ടെ നമ്മുടെ മുന്നേറ്റം ............



**അധികവായനയ്ക്ക്** -ഭൂമിയുടെ അന്തരീക്ഷത്തിൽ ഓസോണിന്റെ ($O_3$) അളവ് കൂടുതലുള്ള പാളിയാണ് ഓസോൺ പാളി. സൂര്യനിൽനിന്ന് വരുന്ന അൾട്രാവയലറ്റ് രശ്മികളിൽ 93-99% ഭാഗവും ഈ പാളി ആഗിരണം ചെയ്യുന്നു. ഓസോൺ പാളിയുടെ നാശനം ഇപ്പോൾ മനുഷ്യൻ നേരിടുന്ന ഒരു പ്രധാന വിപത്തായി മാറിയിരിക്കുകയാണ്. നൈട്രസ് ഓക്സൈഡ്(NO), നൈട്രിക് ഓക്സൈഡ്($N_2O$), ഹൈഡ്രോക്സിൽ(OH), അറ്റോമിക ക്ലോറിൻ(Cl), ബ്രോമിൻ(Br) എന്നിവ ഓസോൺ പാളിയുടെ നാശനത്തിനു കാരണമാകുന്നു. മനുഷ്യ നിർമ്മിതങ്ങളായ ക്ലോറോഫ്ലൂറോ കാർബൺ(CFC), ബ്രോമോഫ്ലൂറോ കാർബൺ എന്നിവയാണ് ഇന്ന് ഓസോണിന് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്നത്.

# ഓർത്തുപോയ് നിന്നെ ഞാൻ...

**അഖിൽ.ജെ.എൽ (9C)**



എങ്ങു മറഞ്ഞുപോകും

ഞാൻ എങ്ങു മറഞ്ഞുപോകും

ഏത് ദിക്കിൽ ചെന്നൊളിച്ചാലും

നിൻ സ്നേഹസൗഹൃദം എന്നെ പുണരുന്നു!

നിന്നെ ഞാൻ മറന്നെങ്കിലും

എന്നുമുണ്ടാം, ഞാൻ... നിൻ സ്നേഹ നിശ്വാസം

തിരിച്ചറിയുന്നു.

ഞാനറിയുന്ന നിനക്കെന്നോടുള്ള പ്രിയം

ആകുന്നു എനിക്കിന്ന് നിന്നെ തിരിച്ചറിയുവാൻ,

അത്രമേൽ ഞാൻ കേൾക്കുന്നു

ഇന്നു നിൻ തുടിക്കുന്ന ഹൃദയതാളം.

ഇനിയെങ്ങനെ, നിന്നെ മറക്കും


വേർപെട്ടുപോകുവാൻ കഴിയാതെ

നിന്നോട് ചേർന്നിരിക്കുന്നു ഞാൻ.

എൻശ്വാസം ഈശ്വരനിൽ എത്തും വരേയ്ക്കും

നിൻ ഹൃദയമിടിപ്പിൻ താളം ഞാൻ കേൾക്കും

ഇതൊരു സൗഹൃദത്തിൻ പകർപ്പുമാത്രം...



**അധികവായനയ്ക്ക് - "ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട"**
**നല്ല സുഹൃത്താണെങ്കിൽ തെറ്റ് തിരുത്തി മനസ്സിലാക്കി തരും, സുഹൃത്ത് ഒരു കണ്ണാടി പോലെയാണ് നമ്മുടെ പ്രവർത്തികൾ അതിൽ പ്രതിഫലിക്കും.**

# ഓർക്കുക വല്ലപ്പോഴും

**അരുൺ (9C)**



പത്താം ക്ലാസിൽ പരീക്ഷക്ക് ശേഷമുള്ള അവധിക്കാലവും കഴിഞ്ഞ് ആശിഷ് തന്റെ പുതിയ സ്കൂളിലേയ്ക്ക് പുറപ്പെടുവാനുള്ള തയാറെടുപ്പിലാണ്. തനിക്കു വേണ്ടി ഒരു പുതിയ ലോകം കാത്തിരിക്കുന്നത് അവനെ സന്തോഷവാനാക്കി. പുതിയവിദ്യാലയം, പുതിയ അധ്യാപകർ, പുതിയ കൂട്ടുകാർ.

ദിവസങ്ങൾ പലതും കഴിഞ്ഞു. അന്ന് അതിരാവിലെ തന്നെ ആശിഷ് കുളിച്ചൊരുങ്ങി പള്ളിയിൽ പോയി. അതിനുശേഷം അവൻ നേരത്തെ തന്റെ വിദ്യാലയത്തിൽ എത്തിച്ചേർന്നു. ആദ്യത്തെ പീരിയഡ് വേലായുധൻ മാഷ് ആണ്. കണക്കിൽ തന്നെ പുറകിലായിരുന്ന ആശിഷ്, മാഷിന്റെ കണ്ണിൽ പെടാതിരിക്കുവാൻ നോക്കി. എന്നാൽ ഗൃഹപാഠം ചെയ്യാത്തവരുടെ കൂട്ടത്തിൽ മാഷ് അവനെയും പിടികൂടി.

മാഷ്: എന്താടാ നീ ഗൃഹപാഠം എഴുതാത്തത്?

ആശിഷ്:മറന്നു പോയി മാഷേ, ഇനി ഞാൻ ഇത് ആവർത്തിക്കുകയില്ല.

കോപാകുലനായ വേലായുധൻ മാഷ് അവനെ ക്ലാസിൽ നിന്നും പുറത്താക്കി. ആദ്യത്തെ

പീരിയഡിൽത്തന്നെ ക്ലാസ് മുറിയിൽ നിന്നും പുറത്താക്കപ്പെട്ടത്തിന്റെ അമർഷവും ഉള്ളിലൊതുക്കി അവൻ വരാന്തയിൽ നിന്നു. ആ വിദ്യാലയത്തിന്റെ മുൻ വശത്തായി ഒരു പീടിക ഉണ്ടായിരുന്നു. അവിടെ നിന്നും ചിലർ സിഗരറ്റ് വാങ്ങി വലിക്കുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടു. സിഗരറ്റ് വലിച്ചിട്ട് മൂക്കിലൂടെയും വായിലൂടെയും പുക പുറത്തേക്കു വിടുന്നത് അവൻ കൗതുകപൂർവം നോക്കി നിന്നു.

ഉച്ചഭക്ഷണത്തിനുള്ള സമയമായി. എല്ലാ വിദ്യാർത്ഥികളും ഭക്ഷണം കഴിക്കുവാൻ പോയി. അപ്പോഴും ആശിഷിന്റെ മനസിൽ "വാലിൻ തുമ്പിൽ തീ കത്തിക്കുമ്പോൾ പുക ഉയരുന്ന" സിഗരറ്റിനെ കുറിച്ചായിരുന്നു ചിന്ത. അവൻ തന്റെ കൈയിലിരുന്ന പൈസയ്ക്ക് ഒരു സിഗരറ്റ് വാങ്ങി വലിച്ചു. ആദ്യമൊക്കെ കുറച്ച് കഷ്ടപ്പെട്ടെങ്കിലും പിന്നീടവൻ ആ ലഹരി പദാർത്ഥത്തിനടിമയാവുകയായിരുന്നു.

പതിയെ പതിയെ പാൻപരാഗ് പുകയില ഉൽപന്നങ്ങൾ, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അവൻ അടിമയായി. തന്റെ ജീവിതത്തിന് ഒരു അർഥവുമില്ല എന്ന് അവൻ മനസിലാക്കുവാൻ ഏറെ വൈകിപ്പോയി. ഇന്ന് ആശിഷ് ക്യാൻസർ എന്ന മഹാരോഗത്തിനടിമയാണ്.

“ഓർക്കുക വല്ലപ്പോഴും" മദ്യപാനവും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ആരോഗ്യത്തിന് ഹാനികരമാണ്.



**അധികവായനയ്ക്ക്** - 1492 ലാണ് സ്പാനിഷുകാരായ ഒരു സംഘം കടൽ യാത്രക്കാർ അമേരിക്ക കണ്ടുപിടിച്ചപ്പോൾ അവിടെ പുകയിലമരം കണ്ടെത്തുകയും അതിന്റെ ഉപയോഗം തുടങ്ങുകയും ചെയ്തത്. ഇന്ന് പുകയില ഒരു വർഷം 60 ലക്ഷം പേരുടെ മരണത്തിന് കാരണമാകുന്നു എന്നാണ് ഔദ്യോഗിക കണക്ക്. ഇതിൽ ഏകദേശം 10 ലക്ഷം പേർ ഇന്ത്യക്കാരാണ്.

# ഇലപ്പച്ചയുടെ രുചിഭേദങ്ങൾ 8

## ചിക്രുമാണീസ്/വേലിച്ചീര/ മധുരച്ചീര



| | | |
|---|---|---|
| **രൂപ വിവരണം** | - | കറിവേപ്പിലയോട് സാമ്യമുള്ള ഇലകളോടുകൂടിയ ഈ ചെടി സാധാരണയായി നാട്ടിൻപുറത്തെ വേലികളിൽ കാണപ്പെടുന്നു. ഇതിൻറെ കമ്പ് നട്ടുവളർത്താം. ഇതിൻറെ പൂവും ഭക്ഷ്യയോഗ്യമാണ്. |
| **ഗുണമേന്മ** | - | ഇതിൽ വിറ്റാമിൻ ബി, സി അടങ്ങിയിരിക്കുന്നു. ധാരാളം ധാതുലവണങ്ങളും മാംസ്യവും അടങ്ങിയിരിക്കുന്നു. മുലപ്പാൽ വർദ്ധിപ്പിക്കുന്നതിന് ഈ ചീര ഫലപ്രദമാണ്. (ഈ ചീര അമിതമായി കഴിക്കുന്നത് ശ്വാസകോശരോഗം ഉണ്ടാകാൻ കാരണമാകും) |

### തുവരപരിപ്പ് മധുരചീര തോരൻ

**ചേരുവ**

| | | | | | |
|---|---|---|---|---|---|
| മധുരചീര | - | 1 കപ്പ് | വറ്റൽ മുളക് | - | 2 എണ്ണം |
| പരിപ്പ് | - | കുറച്ച് | കടുക് | - | അര ടിസ്പൂൺ |
| തേങ്ങ | - | ഒരു മുറി | കറിവേപ്പില | - | 2 കതിർപ്പ് |
| വെളുത്തുള്ളി | - | 4 അല്ലി | വെളിച്ചെണ്ണ | - | 2 ടേബിൾസ്പൂൺ |
| ജീരകം | - | അര ടിസ്പൂൺ | ഉപ്പ് | - | പാകത്തിന് |

**തയ്യാറാക്കുന്ന വിധം**

പരിപ്പ് കുറച്ചുവെള്ളത്തിൽ വേവിച്ചെടുക്കുക, തേങ്ങ, ജീരകം, വെളുത്തുള്ളി, വറ്റൽമുളക്, കറിവേപ്പില എന്നിവ ചതച്ചെടുക്കുക. ചീനച്ചട്ടിയിൽ വെളിച്ചെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ കടുക് പൊട്ടിച്ച് ചീരയും വേവിച്ച പരിപ്പും പാകത്തിന് ഉപ്പും വെള്ളവും ചേർത്ത് വേവിക്കുക. വെന്തുവരുമ്പോൾ ചതച്ചുവെച്ച ചേരുവകൾ ചേർത്തിളക്കി, വെള്ളം വറ്റുമ്പോൾ വാങ്ങിവച്ച് ഉപയോഗിക്കുക.

## മധുരചീരയില പൂരി

**ചേരുവ**

| | | |
|---|---|---|
| ചീര | - | അര കപ്പ് |
| ഇഞ്ചി | - | ഒരു കഷണം |
| പച്ചമുളക് | - | 2 എണ്ണം |
| എള്ള് | - | 1 ടിസ്പൂൺ |
| ഉപ്പ് | - | ആവശ്യത്തിന് |
| ഗോതമ്പുപൊടി | - | 1 കപ്പ് |
| നെയ്യ് | - | 1 ടിസ്പൂൺ |

**തയ്യാറാക്കുന്ന വിധം**

ഒരു കപ്പ് ചീരയും അല്പംവെള്ളവും ഇഞ്ചിയും പച്ചമുളകും ചേർത്തരക്കുക, ഗോതമ്പുപൊടിയും ഉപ്പും ചേർത്ത് ഇളക്കിയ മിശ്രിതത്തിൽ ചീര അരച്ചതും നെയ്യും എള്ളും ചേർത്ത് ചപ്പാത്തിപരുവത്തിൽ കുഴയ്ക്കുക. ഈ മാവ് ഒരു നനഞ്ഞ തുണികൊണ്ട് 10 മിനിറ്റ് മൂടിവെച്ച് പൂരിവലുപ്പത്തിൽ പരത്തി എണ്ണയിൽ വറുത്തുകോരുക.

## വേലിച്ചീര പച്ചടി

**ചേരുവ**


| | | |
|---|---|---|
| വേലിച്ചീര | - | 1 കപ്പ് അരിഞ്ഞത് |
| പച്ചമുളക് | - | 5 എണ്ണം |
| തേങ്ങ ചിരകിയത് | - | 1 കപ്പ് |
| വെളിച്ചെണ്ണ | - | 1 ടിസ്പൂൺ |
| കടുക് | - | 1 ടിസ്പൂൺ |
| കറിവേപ്പില | - | 1 കതിർപ്പ് |
| ഉള്ളി | - | 2 അല്ലി |
| ഉപ്പ് | - | പാകത്തിന് |

**തയ്യാറാക്കുന്ന വിധം**

ചീര ഇലയും അരിഞ്ഞുവെച്ച പച്ചമുളകും ആവശ്യത്തിന് വെള്ളവും ചേർത്ത് വേവിക്കുക. തേങ്ങയും പച്ച കടുകും ഉള്ളിയും നല്ലതുപോലെ അരച്ചെടുക്കുക. കടുകും കറിവേപ്പിലയും ചതച്ചെടുക്കുക. ഇവ ചേർത്ത് വേവിച്ചശേഷം കടുക് വറുത്തിട്ട് ഉപയോഗിക്കാം.

# എന്നും എന്നും എന്റെ കനവിൻ  നീ മാത്രം...

**ആൻസി.ബി.പി (8C)**



പൂർണ്ണചന്ദ്രൻ വിരിഞ്ഞ,

പാലപ്പൂ മണമുള്ള മനോഹര രാവിൽ,

ഒരു നിഴലായ്, വെളിച്ചമായ് നീ വന്നു.

എൻ ചിന്തകളെ കീഴ്പ്പെടുത്തുന്ന നിൻമുഖം.

വേനലിൽ ഒരു കുളിർ മഴ പോലെ

രാത്രിയുടെ അന്ധകാരത്തിൽ ഏതോ ദീപം

തെളിയും പോലെ

എന്തിനു നീ വീണ്ടും വന്നു?

അറിയില്ല! പക്ഷേ എനിക്കറിയില്ല

ഞാൻ എന്തിന് എന്റെ മനസിന്റെ കെട്ടഴിച്ചു വിട്ടു?

ഞാൻ എന്തുകൊണ്ട് അവളെ വെറുത്തില്ല ?

എന്റെ ഉള്ളിൽ ഒരു പിടി ഉത്തരമില്ലാ

ചോദ്യങ്ങൾ മാത്രം ബാക്കി.

എൻ ജീവിതത്തിൽ അവയ്ക്ക് ഉത്തരം

കണ്ടു പിടിക്കാനാകുമോ ?

അത് എനിക്കറിയാം

എൻ മനോ വിഷമത്തിൽ ആ മുഖം


ആശ്വാസമേകുന്നു.



**അധികവായനയ്ക്ക്** -ഉയർന്ന തിളക്കത്തോടെയുള്ള പ്ലാസ്മ ഗുരുത്വബലത്താൽ ചേർന്നുള്ള ഭീമൻ ഗോളമാണ് നക്ഷത്രം. ഭൂമിയോട് ഏറ്റവും അടുത്ത് കിടക്കുന്ന നക്ഷത്രമാണ് സൂര്യൻ, ഭൂമിയിലെ ഭൂരിഭാഗം ഊർജ്ജത്തിന്റേയും ഉറവിടം സൂര്യനാണ്. സൂര്യന്റെ അസാന്നിദ്ധ്യമുള്ള രാത്രിയിൽ മറ്റ് അന്തരീക്ഷ പ്രതിഭാസങ്ങൾ തടസ്സമാകാതെ വരുമ്പോൾ നക്ഷത്രങ്ങൾ ദൃശ്യമാകുന്നു.

# ഇടശ്ശേരി ഗോവിന്ദൻ നായർ

**റോഷ്ന.ആർ.എസ് (9A)**



പൊന്നാനിക്കളരിയിൽ പേരെടുത്ത കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. കവിയെന്ന നിലയിൽ മാത്രമല്ല, നാടകകൃത്തെന്ന നിലയിലും ലേഖനകർത്താവെന്ന നിലയിലും ശക്തമായ മുദ്രയാണ് അദ്ദേഹം മലയാള സാഹിത്യത്തിൽ ചാർത്തിയത്.

1906 ഡിസംബർ 26 ന് ജനിച്ച അദ്ദേഹം ആധുനിക മലയാളകവികളിൽ ശ്രദ്ധേയമായ സ്ഥാനം അലങ്കരിക്കുന്നു. എകദേശം 19 പുസ്തകങ്ങളാണ് ഇടശ്ശേരിയുടെതായി പ്രചാരത്തിലുള്ളത്. ഇവയിൽത്തന്നെ മൂന്നുറോളം രചനകൾ കവിതകളാണ്. ആറ് നാടകങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്.

വക്കീൽ ഗുമസ്തനായിരുന്ന ഇടശ്ശേരി ജിവിച്ചിരുന്നകാലത്തെക്കാൾ, പ്രസിദ്ധനായത് മരണാനന്തരമായിരുന്നു. കവിയുടെ ഓർമ്മയ്ക്കായി ഇടശ്ശേരിസമിതി എന്നൊരു സമിതി രൂപംകൊണ്ടിട്ടുണ്ട്. "അധികാരം കൊയ്യണം ആദ്യം നാമം അതിന്മേലാകട്ടെ പൊന്നാര്യൻ" എന്ന വിപ്ലവാത്മകമായ വരികൾ കുറിച്ച ഇടശ്ശരി കവിയെന്നതിനപ്പുറം ലക്ഷ്യബോധവും ശക്തമായ മൂല്യബോധവും ഉണ്ടായിരുന്ന വ്യക്തി കൂടിയായിരുന്നു. ആശയമൂർത്തതയും അന്തഃസാരപൂർണതയും ഇടശ്ശേരിക്കവിതകളുടെ കരുത്തായിരുന്നു.

ശക്തിയുടെ കവി, കരുത്തിന്റെ കവി എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന ഇടശ്ശേരി മണ്ണിന്റെയും കാർഷിക സംസ്കാരത്തിന്റെയും കരുത്ത് കവിതകളിൽ നിറച്ചു. ജന്മി,മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളായിരുന്നു ഇടശ്ശേരിക്കവിതകൾ.

"കോമൻ പൂട്ടി വിതച്ചതിപ്പാടം
കോമൻ നെൽ വിതച്ചതിപ്പാടം"

എന്ന് വിളിച്ചറിയിച്ച് പരിവർത്തനത്തിനുള്ള പാതയൊരുക്കലായിരുന്നു അദ്ദേഹം ചെയ്തത്.

ഇടശ്ശേരിക്കവിതയിൽ മാതൃത്വബോധം അതിന്റെ പരമകാഷ്ഠ പ്രാപിക്കുന്നത് പൂതപ്പാട്ടിലാണ്. തന്റെ രണ്ടു കണ്ണും നഷ്ടപ്പെട്ടാലും ഉണ്ണിയെ തിരിച്ചറിയാൻ തനിക്കു പ്രയാസമില്ലെന്ന് പ്രഖ്യാപിക്കുന്ന മാതൃത്വത്തിന്റെ ശക്തിയാണ് പൂതപ്പാട്ട്. "കുഴിവെട്ടി മൂടുക വേദനകൾ കുതികൊൾക ശക്തിയിലേക്കു നമ്മൾ" ആഹ്വാനം ചെയ്ത ഇടശ്ശേരിക്ക് 'ഒരുപിടിനെല്ലിക്ക' എന്ന സമാഹാരത്തിന് 1969 ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കാവിലെ പാട്ടിന് 1970 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1974 ൽ ഒക്ടോബർ 16 ന് അദ്ദേഹം അന്തരിച്ചു.



**അധികവായനക്ക്** -മലയാളകവിതയിൽ കാല്പനികതയിൽ നിന്നുള്ള വഴിപിരിയലിന് തുടക്കം കുറിച്ച കവിയും നാടകകൃത്തുമാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. തന്റെ കവിതകളിലൂടെ അവഗണിക്കപ്പെടുന്നവന് കരുത്തു പകർന്നു നൽകിയതുകൊണ്ടാവാം 'ശക്തിയുടെ കവി' എന്നദ്ദേഹം അറിയപ്പെടുന്നു.

# യാത്രാമൊഴി

**ആൻസി.ബി.പി (10A)**




വിടചൊല്ലുവാൻ ഇത്തിരിനേരം ബാക്കിയായ്
നിന്നെയും പിരിഞ്ഞു പോകുവാനായ്
വിറയാർന്ന വാക്കുകൾ മാത്രം
തിരികെ നടക്കുവതെങ്ങിനെ ഞാൻ....

പിണങ്ങാൻ പഠിപ്പിച്ച സൗഹൃദങ്ങളെ
ഇണങ്ങാൻ പഠിപ്പിച്ച  ക്ലാസ് മുറികളെ
അറിവിൻ ജാലകം തുറന്നിട്ട ഗുരുഭൂതരെ
ഹൃദയപൂർവ്വം പറഞ്ഞിടട്ടെ
ഒത്തിരിയേറെ സ്നേഹിച്ചുപോയ്....

വിടചൊല്ലുന്ന വേളയിൽ തുടിക്കുന്നെൻമാനസം
വീണ്ടും നിൻ മൊഴി കേൾക്കുവാനായ്
കാതോർത്തിടുന്ന ഞാൻ
അകലെ ആണെങ്കിലും ഒരിക്കലും
മറക്കില്ലയീ സൗഹൃദത്തെ
ഹൃത്തിനാൽ കഴിയില്ലൊരിക്കലും
പിരിഞ്ഞിടാൻ നിൻ സൗഹൃദത്തെ....



**അധികവായനയ്ക്ക്** -എല്ലാ വർഷവും ഏപ്രിൽ 23 ലോക പുസ്തകദിനവും പകർപ്പവകാശ ദിനവുമായി ആചരിക്കുന്നു. വിശ്വ സാഹിത്യത്തിലെ അതികായരായ ഷേക്സ്പിയർ, മിഗ്വേൽ ഡേ സർവെൻടീസ്, ഗാർസിലാസോ ഡേ ലാ വെഗാ എന്നിവരുടെ ചരമദിനമാണ് ഏപ്രിൽ 23. ഈ മഹാന്മാരോടുള്ള ആദരസൂചകമായാണ് ഈ ദിനം ലോക പുസ്തകദിനമായി ആചരിക്കാൻ 1995- ലെ യുനെസ്കോ പൊതു സമ്മേളനത്തിൽ തീരുമാനിച്ചത്.

# പ്രവർത്തനങ്ങൾ 2018

സ്കൂൾ പ്രവേശനോത്സവം 2018



ഹയർസെക്കന്ററി പ്രവേശനോത്സവം 2018



അധ്യാപകദിനാചരണം




സ്വാതന്ത്ര്യദിനാചരണം



ലോകപരിസ്ഥിതിദിനം



എയ്റോബിക്സ്



ഹിന്ദി ദിവസ്




ലഹരിവിരുദ്ധ മാജിക് ഷോ



ലഹരിവിരുദ്ധ ദിനാചരണം




ലോക ഭിന്നശേഷി വാരാചരണം




ഭിന്നശേഷി വിദ്യാർത്ഥിയുടെ ഭവനസന്ദർശനം



കേരള പോലീസ് സ്മൃതിദിനാചരണം



മലയാളതിളക്കം വിജയാഘോഷം



മലയാളതിളക്കം



പച്ചക്കറിത്തോട്ടം



വിളവെടുപ്പ്



നവോത്ഥാന സ്കൂൾ ലൈവ്



സ്വച്ഛാഗ്രഹ്



ലിറ്റിൽ കൈറ്റ്സ് ഏകദിനക്യാമ്പ്



മലയാളം ടൈപ്പിങ് മത്സരം



ഇംഗ്ലീഷ് ടൈപ്പിങ് മത്സരം



ചിത്രാരചനാമത്സരം



ലിറ്റിൽകൈറ്റ്സ് പ്രാഗ്രാമിങ് ദ്വിദിനക്യാമ്പ്



ലിറ്റിൽകൈറ്റ്സ് അനമേഷൻ ദ്വിദിനക്യാമ്പ്



ലിറ്റിൽകൈറ്റ്സ് ദ്വിദിനക്യാമ്പ്



മേഗസീൻ ആലോചനായോഗം



സ്കൗട്ട് ആൻഡ് ഗൈഡ്സ് ഉദ്ഘാടനം



സ്കൗട്ട് ആൻഡ് ഗൈഡ്സ്



സ്കൗട്ട് ആൻഡ് ഗൈഡ്സ്-രക്തദാനക്യാമ്പ്




സ്കൗട്ട് ആൻഡ് ഗൈഡ്സ് ലഹരിവിരുദ്ധറാലി



ലിറ്റിൽ കൈറ്റ്സ് ക്രിസ്തുമസ് ആഘോഷം



ഔഷധത്തോട്ടനിർമ്മാണം



സ്കൂൾതല രചനാമത്സരം



ഉപജില്ലാതല കലാമത്സരം



യു.പി.വിഭാഗം രചാനാമത്സരം



എൻ.സി.സി സ്വച്ഛ്ഭാരത് ആഘോഷം



എൻ.സി.സി വൃദ്ധസദന സന്ദർശനം



എൻ.സി.സി ഓഫണേജ് ഹോം സന്ദർശനം



കേരളാപിറവി രചനാമത്സരം



കായിക പരിശീലനം



വിനോദയാത്ര



ക്രിസ്തുമസ് ആഘോഷം



എച്ച്.എസ്.എസ് പഠനയാത്ര



ഉപജില്ലാതലകായികമത്സരം



മികവോത്സവം




സ്കൗട്ട് ആൻഡ് ഗൈഡ്സ് നെയ്യാർഡാം



ക്രിസ്മസ് ആഘോഷം-ഉച്ചഭക്ഷണം



എൻ.എസ് ക്യാമ്പ് (2019)



ക്ലാസ് ലൈബ്രറി ഉദ്ഘാടനം



ക്രിസ്തുമസ് ആഘോഷം



യു.പി.തല കായികമത്സരം



ചരിത്രമാളിക സന്ദർശനം



കൂടംകുളം ആണവനിലയം സന്ദർശനം HSS



സ്കൗട്ട് ആൻഡ് ഗൈഡൻ ക്യാമ്പ് HSS



അസാപ് ക്ലാസ്സ്



റെഡിയോ ക്ലബ്ബ് സംപ്രേഷണം



പാലോട് ബോട്ടാണിക്കൽ ഗാർഡൻ



എൻ.എസ.എസ് ഫ്ലാഷ് മോബ്



ചാന്ദ്രദിനം



രക്തദാന ക്യാമ്പ്



## ഹൃദയപൂർവ്വം

ചരിത്രത്തിന്റെ കനൽ വഴികളിൽ 100 നാഴികക്കല്ലുകൾ താണ്ടിയ കാഞ്ഞിരംകുളം പി.കെ.സത്യനേശൻ ഹയർ സെക്കന്ററി സ്കൂളിലെ "Little kites-"ന്റെ ആദ്യബാച്ച് അണിയിച്ചൊരുക്കിയ Digital Magazine സാദ്ധ്യമാക്കുന്നതിനായി അരങ്ങിലും അണിയറയിലുമായി പ്രവർത്തിച്ച എല്ലാ സുമനസ്സുകൾക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

പുത്തൻ തല മുറയിലെ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ-I.T-മേഖലയിൽ കൂടുതൽ മികവ് ഉണ്ടാക്കിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ "Little kites" പദ്ധതി ആരംഭിച്ചു, ആദ്യവർഷത്തിൽ തന്നെ നമ്മുടെ സ്കൂളിൽ ഈ സ്കീം അനുവദിച്ച വിദ്യാഭ്യാസവകുപ്പ് അധികാരികൾക്കും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ I.T Experts ആയിട്ടുള്ള റിസോഴ്സ് പേഴ്സൺസിനും കമ്പ്യൂട്ടർ ലാപ്ടോപ്പ് സംവിധാനങ്ങൾ ഒരുക്കി നൽകിയപ്പോൾ അതിന് വേണ്ട സജ്ജീകരണങ്ങൾ നൽകിയ സ്കൂൾ മാനേജ്മെന്റിനും, ഹെഡ്മാസ്റ്റർക്കും, വിദഗ്ദോപദേശങ്ങൾ നൽകിയ എല്ലാ അധ്യാപകർക്കും ആദ്യബാച്ചിലെ വിദ്യാർത്ഥികൾക്കും Digital Magazine-ന്റെ പിന്നിൽ അക്ഷീണം പ്രവർത്തിച്ച് എല്ലാ പേർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു



PKSHSS

ESTD 1906

PK SATHYANESAN
HIGHER SECONDARY SCHOOL
KANJIRAMKULAM